# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2014

പുസ്തകം 1 ലക്കം 1

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റർ
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2517036**


## മുഖക്കുറിപ്പ്

# യുവസംരംഭകരുടെ സ്വപ്നതീരം

പ്രിയ വായനക്കാരെ,

ഈ ലക്കം മുതൽ ജനപഥം **'സമകാലിക ജനപഥം'** എന്ന പേരിലാണ് വായനക്കാരുടെ കൈകളിലെത്തുന്നത്. മാന്യ വായനക്കാരുടെ സഹകരണവും പിന്തുണയും തുടർന്നും പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിന് നവീനമായ ഊർജം പകരുവാൻ പര്യാപ്തമായ ഒരു സംരംഭമാണ് സ്റ്റാർട്ടപ്പ് വില്ലേജുകൾ. വിദ്യാഭ്യാസ കാലത്തുതന്നെ രൂപപ്പെടുന്ന പുതിയ വ്യവസായിക ആശയങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്ന പദ്ധതിയാണിത് സ്റ്റാർട്ടപ്പ് വില്ലേജ്. 2012 ഏപ്രിൽ 15 ന് കളമശ്ശേരി ഇൻഫോപാർക്കിൽ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്തിന്റെ അഭിമാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ചെറിയ കാലയളവിൽ 700 ഓളം കമ്പനികളെ പിന്തുണയ്ക്കാൻ സ്റ്റാർട്ടപ്പ് വില്ലേജിന് കഴിഞ്ഞു.

ദേശീയ ശാസ്ത്രസാങ്കേതിക സംരംഭക വികസന ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും തിരുവനന്തപുരം ടെക്നോപാർക്കിന്റെയും മോബ്മി വയർലെസ് എന്ന സ്വകാര്യസ്ഥാപനത്തിന്റെയും സഹകരണത്തോടെയാണ് സ്റ്റാർട്ടപ്പ് വില്ലേജ് പ്രവർത്തിക്കുന്നത്. പൊതു-സ്വകാര്യ പങ്കളിത്തത്തോടെ രാജ്യത്ത് പ്രവർത്തിക്കുന്ന ആദ്യത്തെ സ്റ്റാർട്ടപ്പ് വില്ലേജ് ആണിത്. 5000 ചതുരശ്ര അടി വിസ്തീർണത്തിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് 15000 ചതുരശ്ര അടി സ്ഥലത്തേക്ക് വ്യാപിച്ചു.

പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം, ഇന്റർനെറ്റ് കണക്ഷൻ, കറണ്ട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ, വിദഗ്ധരുമായുള്ള കൂടിക്കാഴ്ചകൾ, ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സ്റ്റാർട്ടപ്പുകളുമായി ആശയവിനിമയം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഇതൊക്കെ ഇവിടെ ലഭ്യമാക്കുന്നുണ്ട്. ഐടി, ടെലികോം, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് മേഖലയിൽപ്പെട്ട കമ്പനികളാണ് ഇവിടെ പ്രവർത്തിക്കുന്നത്.

ചുരുങ്ങിയ കാലംകൊണ്ട് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു തൊഴിൽകേന്ദ്രായി മാറിക്കഴിഞ്ഞു ഇവിടം. നവീനമായ പല ആശയങ്ങളും രൂപമെടുത്ത ഇവിടെ നിന്ന് മിടുക്കരായ പുതിയ തലമുറ മത്സരബുദ്ധിയോടെ മുന്നേറുന്ന കാഴ്ച ആവേശകരമാണ്. ഉപഭോക്തൃ സംസ്ഥാനമെന്ന ഖ്യാതിയിൽനിന്ന് ആധുനികമായ കണ്ടെത്തലുകളുടെയും വ്യവസായ കുതിപ്പിന്റെയും കേന്ദ്രമായി മാറാൻ തയാറെടുക്കുകയാണ് കേരളം. പുതിയ തലമുറയുടെ സംരംഭകരംഗത്തെ സ്വപ്നസാക്ഷാത്കാരങ്ങൾ ആധുനിക കാലത്ത് കേരളത്തിന്റെ മുഖച്ഛായ മാറ്റുകതന്നെ ചെയ്യും.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# സമകാലിക ജനപഥം

സെപ്റ്റംബർ 2014


## ഉള്ളടക്കം

**കൊച്ചി കളമശ്ശേരിയിലെ കിൻഫ്ര പാർക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സ്റ്റാർട്ടപ്പ് വില്ലേജ്, അത്ഭുതപ്പെടുത്തുന്ന പ്രവർത്തനമികവുമായാണ് രണ്ടുവർഷം പിന്നിട്ടിരിക്കുന്നത്. ആറുവർഷം കൊണ്ട് കൈവരിക്കാൻ ലക്ഷ്യമിട്ട നേട്ടങ്ങൾ ഇതിനകം തന്നെ നേടാൻ സ്റ്റാർട്ടപ്പ് വില്ലേജിന് കഴിഞ്ഞു. യുവസംരംഭകരുടെ പ്രതീക്ഷയായി മാറിയിരിക്കുന്ന ഈ തൊഴിൽകേന്ദ്രം ഇപ്പോൾ മുന്നോട്ടുവെക്കുന്ന സാധ്യതകളും വലുതാണ്.**




10
കേരളത്തിന്റെ സിലിക്കൺ തീരം
മനോജ് മാതിരപ്പള്ളി

22
പ്രത്യാശയുടെ ദീപശിഖയുയർത്തി യുവസംരംഭക സംഗമം
ടി.സി. ചന്ദ്രഹാസൻ






28
ഫോട്ടോ ഫീച്ചർ

34
ജീർണ സംസ്കാരത്തിന്റെ വിമർശനങ്ങൾ
എം.സി. രാജനാരായണൻ

യു.ആർ. അനന്തമൂർത്തിയുടെ രണ്ട് പ്രശസ്ത നോവലുകൾ ചലച്ചിത്രങ്ങളായപ്പോൾ


30
പാർപ്പിടങ്ങളിൽ പച്ചക്കറി സമൃദ്ധി
എസ്. ജയകുമാർ







24
**മദ്യനയം**
**കേരളം പറയുന്നു...**

37
**കേരളീയ പ്രകൃതിയുടെ പ്രഭാമയ ദൃശ്യങ്ങൾ**
കിരൺ റാം

38
**ഇലയടമണം**
ശശിധരൻ കുണ്ടറ

40
**പെർമനന്റ് ലോക് അദാലത്ത്**
അഡ്വ. വി.എൻ. ഹരിദാസ്

42
**കുറ്റിച്ചിറയുടെ സംസ്കാര പൈതൃകം**
പി.കെ.എം. കോയ

6 കേരള വാർത്തകൾ

44 ജാലകം



46 ജില്ലകളിലൂടെ

49 സർക്കാർ ഉത്തരവുകൾ

50 പദപാഠം

51 പുസ്തക പരിചയം

52 ഭരണഭാഷ

54 കാലത്തിനൊപ്പം

# സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് 1000 രൂപ ഓണ സമ്മാനം



കുടുംബശ്രീ 16 ാം വാർഷിക സമാപന സമ്മേളനോദ്ഘാടനം ഗവർണർ ഷീലദീക്ഷിത് നിർവഹിക്കുന്നു

**1022** സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് 1000 രൂപ ഓണ സമ്മാനമായി നൽകുമെന്ന് പഞ്ചായത്ത് മന്ത്രി എം.കെ. മുനീർ അറിയിച്ചു. കുടുംബശ്രീയിൽ മികച്ച പ്രവർത്തനം കാഴ്ചവക്കുന്ന അക്കൗണ്ടന്റ്മാർക്ക് 2000 രൂപ നൽകുമെന്നും മന്ത്രി പറഞ്ഞു. സബ് കമ്മിറ്റി മെമ്പർമാർക്ക് 500 രൂപ നൽകും, രണ്ട് പ്രാവശ്യമെങ്കിലും സീനിയർ ചെയർപേർസണായവരെ റിസോർസസ് പേർസൺ പൂളിൽ ഉൾപ്പെടുത്തുമെന്നും കുടുംബശ്രീ 16 ാം വാർഷിക സമാപന സമ്മേളനവേദിയിൽ മന്ത്രി പറഞ്ഞു. സമാപന സമ്മേളനോദ്ഘാടനം ഗവർണർ ഷീലദീക്ഷിത് നിർവഹിച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി അധ്യക്ഷതവഹിച്ചു.

14 ജില്ലകളുടെയും സംസ്ഥാനത്തിന്റെയും ക്രോഡീകരിച്ച നിർഭയ ക്രൈം മാപ്പിങ് റിപ്പോർട്ട് പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു. മികച്ച പ്രവർത്തനം കാഴ്ചവച്ച ബാങ്കുകളെ ആദരിച്ചു. കമ്യൂണിറ്റി കോളേജിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർക്കുള്ള ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സിന്റെ ധാരണാ പത്രം പഞ്ചായത്ത് മന്ത്രി ടി.ഐ.എസ്.എസ് ഡയറക്ടർക്ക് കൈമാറി. ചടങ്ങിൽ മണിശങ്കർ അയ്യർ എം.പി., കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വൽസലകുമാരി തുടങ്ങിയവർ പങ്കെടുത്തു.

# സർവവിജ്ഞാനകോശം എട്ടാം വാല്യം പ്രസിദ്ധീകരിച്ചു

മലയാളം ഒന്നാം ഭാഷയും ഭരണ ഭാഷയുമാക്കേണ്ടതിന്റെ നടപടികൾ 50 കൊല്ലങ്ങൾക്കു മുമ്പേ ആരംഭിക്കേണ്ടതായിരുന്നുവെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. പരിഷ്ക്കരിച്ച സർവവിജ്ഞാനകോശത്തിന്റെ എട്ടാം വാല്യത്തിന്റെ പ്രകാശനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. 1956 ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപം കൊണ്ടിട്ടും 2012 ൽ മാത്രമാണ് ഒരു മലയാളം സർവകലാശാല പ്രവർത്തനമാരംഭിക്കുവാൻ നമുക്ക് കഴിഞ്ഞതെന്നു മന്ത്രി പറഞ്ഞു. ഭാഷാനിയമം നടപ്പിലാക്കുമ്പോൾ ഇവിടത്തെ സാഹചര്യത്തിൽ എല്ലാവരുടേയും അഭിപ്രായങ്ങൾ മാനിച്ചുകൊണ്ടു മാത്രമേ മുന്നോട്ട് പോകാൻ കഴിയുള്ളൂ. നിയമസഭാ നടപടിക്രമങ്ങളിലുള്ള സമയത്തിന്റെ അപര്യാപ്തത മൂലമുള്ള പ്രശ്നം മാത്രമാണ്. ഭാഷാനിയമം നടപ്പിലാക്കുന്നതിന് ചെറിയ താമസമുണ്ടാകുന്നതെന്നും സാംസ്കാരിക മന്ത്രി പറഞ്ഞു. എല്ലാവരും പറഞ്ഞതുപോലെ ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിലൂടെ മലയാളത്തിന് ലഭിക്കുമെന്ന് പറഞ്ഞുകേട്ട 100 കോടി രൂപയിൽ നിന്ന് ഒരു ചില്ലിക്കാശ് പോലും കേരളത്തിന് ലഭിച്ചിട്ടില്ലെന്നും കെ.സി.ജോസഫ് പറഞ്ഞു.

എഴുത്തുകാരൻ ബെന്യാമിൻ മന്ത്രിയിൽ നിന്നും സർവവിജ്ഞാനകോശത്തിന്റെ പരിഷ്ക്കരിച്ച പ്രതി ഏറ്റുവാങ്ങി. ചരിത്രകാരൻ എം.ജി.എസ്.നാരായണൻ, സാഹിത്യ അക്കാദമി അധ്യക്ഷൻ പെരുമ്പടവം ശ്രീധരൻ, ഏഴാച്ചേരി രാമചന്ദ്രൻ, ഡോ. എം.ആർ.തമ്പാൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



സർവവിജ്ഞാനകോശം പരിഷ്കരിച്ച എട്ടാം വാല്യം സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് സാഹിത്യകാരൻ ബെന്യാമിന് നൽകി പ്രകാശനം ചെയ്യുന്നു




**കേരളത്തിന്റെ പുതിയ ഗവർണറായി ജസ്റ്റിസ് പി. സദാശിവം സത്യപ്രതിജ്ഞ ചെയ്യുന്നു**

# പി.എസ്.സി ഓൺലൈൻ പരീക്ഷാകേന്ദ്രം



**പി.എസ്.സി. ഓൺലൈൻ പരീക്ഷാകേന്ദ്രം കമ്മിഷൻ ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്തശേഷം**

വിശ്വാസ്യത നിലനിർത്താൻ കഴിയുന്നുവെന്നതാണ് കേരള പബ്ലിക് സർവീസ് കമ്മിഷനെ വ്യത്യസ്തമാക്കുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പ്രതിവർഷം പി.എസ്.സി വഴി നിയമനം ലഭിക്കുന്നവരുടെ എണ്ണം നാൽപ്പതിനായിരത്തിൽ താഴെയാണെങ്കിലും ഇരുപത്തിയഞ്ച് ലക്ഷത്തിലധികം യുവാക്കൾ പി.എസ്.സിയിൽ പ്രതീക്ഷയർപ്പിച്ച് കാത്തിരിക്കുകയാണ്. നിയമന സമ്പ്രദായത്തിൽ പി.എസ്.സി അനുവർത്തിക്കുന്ന സുതാര്യതയാണ് ഇതിനു കാരണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ഓൺലൈൻ പരീക്ഷാകേന്ദ്രം പട്ടത്തുള്ള പി.എസ്.സി ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.എസ്.സി.യിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി.

2001ൽ കമ്പ്യൂട്ടർ വത്കരണം പി.എസ്.സിയിൽ നടപ്പാക്കുമ്പോൾ ജീവനക്കാർക്ക് തൊഴിൽ നഷ്ടം സംഭവിക്കുമെന്ന് ആശങ്ക ഉയർന്നിരുന്നെങ്കിലും പി.എസ്.സി.യുടെ ജോലിഭാരം വർധിക്കുകയാണുണ്ടായതെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. മാനവവിഭവശേഷി സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മികവുറ്റതാക്കാൻ പി.എസ്.സിക്ക് കഴിയണമെന്നും കോടിയേരി പറഞ്ഞു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയർ, റൊട്ടേഷൻ സോഫ്റ്റ്വെയർ എന്നിവ ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പി.എസ്.സി ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഡോ. ശശി തരൂർ എം.പി, പി.എസ്.സി സെക്രട്ടറി പി.സി. ബിനോയ്, ഓൺലൈൻ പരീക്ഷാ കേന്ദ്രം നോഡൽ ഓഫീസർ കെ.സുരേഷ് കുമാർ, പി.എസ്.സി അംഗം പി. ജമീല, പരീക്ഷാ കൺട്രോളർ സാജു ജോർജ് തുടങ്ങിയവർ സംബന്ധിച്ചു.

കേരള വാർത്തകൾ

# ഗുരുദേവ ദർശനത്തിന്റെ പ്രസക്തിയേറുന്നു: മുഖ്യമന്ത്രി

**പാ**ഠ്യപദ്ധതിയിൽ ഗുരുദേവ പഠനം ഉൾപ്പെടുത്തിയത് പുതുതലമുറയ്ക്ക് പുതിയ ദർശനം നൽകാൻ സഹായകമായതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ശ്രീനാരായണ പഠന കേന്ദ്രത്തിന്റെയും കേരള സർവകലാശാലയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദൈവദശകം ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനസേവനത്തിന്റെ ഉന്നതമായ ചിന്തകൾ സമൂഹത്തിന് നൽകിയിട്ടുള്ള മഹാനാണ് ശ്രീനാരായണ ഗുരു. സമാധിയായി വർഷങ്ങൾ പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ ഉപദേശങ്ങളിലും ദർശനങ്ങളിലുമുള്ള ആശയങ്ങൾ ഇന്നും പ്രാധാന്യമുള്ളവയായി മാറുന്നത് അതുകൊണ്ടുതന്നെ. ഒരു മതേതര ഇന്ത്യയിൽ ഏതു ചടങ്ങിലും പ്രാർഥനക്കായി ഉൾക്കൊള്ളാൻ ഗുരുദേവൻ രചിച്ച ദൈവദശകം ഉപയോഗിക്കാൻ കഴിയും. ദൈവത്തെ ഹൃദയത്തോട് ചേർത്തു വച്ച് പ്രാർഥിക്കുന്ന അനുഭവമാണ് അതുണ്ടാക്കുന്നത്. ഗുരുദേവ ദർശനങ്ങളുടെ പ്രസക്തി ഇന്നും വർധിച്ചു വരുന്നുവെന്നത് സമൂഹത്തിൽ അതിന് ഇന്നും വ്യക്തമായ സ്ഥാനമുണ്ടെന്ന് വ്യക്തമാക്കുന്നു. വർഷങ്ങളായുള്ള ആവശ്യമായിരുന്നു പാഠ്യപദ്ധതിയിൽ ഗുരുദേവ ദർശനങ്ങൾ ഉൾപ്പെടുത്തണമെന്നുള്ളത്. ഇപ്പോഴത്തെ സർക്കാരും വിദ്യാഭ്യാസ മന്ത്രിയും മുൻകയ്യെടുത്ത് അത് യാഥാർഥ്യമാക്കിയെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കേരളത്തിലെ വ്യത്യസ്ത സർവകലാശാലകളുമായി ബന്ധപ്പെട്ട ശേഷം അവിടങ്ങളിലും ഹയർ സെക്കൻഡറികളിലും ശ്രീനാരായണ പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. കൊച്ചി, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശൂർ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ ദൈവദശകം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. കേരളത്തിൽ സാമൂഹിക അനാചാരങ്ങളുടെ കാലത്താണ് ഗുരുദേവ ദർശനങ്ങളുണ്ടായത്. കാലത്തെ അതിജീവിക്കുന്നതും ജാതിമത വ്യത്യാസമില്ലാതെ ഏതു സമൂഹത്തിനും ഉൾക്കൊള്ളാനാകുന്നതുമാണ് ഗുരുദേവ ദർശനങ്ങൾ. കേരളത്തിന്റെ സാമൂഹ്യ യാഥാർഥ്യങ്ങളെ ഉൾക്കൊണ്ടു പ്രവർത്തിച്ച നവോത്ഥാന നായകനാണ് ശ്രീനാരായണ ഗുരുവെന്നും മന്ത്രി പറഞ്ഞു. ദൈവ ചിന്തയ്ക്കും പ്രാർഥനയ്ക്കും ജാതി മത ചിന്തകൾക്കതീതമായ പ്രാധാന്യം നൽകിയ മഹാനായിരുന്നു ഗുരുവെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു. എം.എ. ബേബി എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. കേരള സർവകലാശാലാ പിവിസി ഡോ. വീരമണികണ്ഠൻ, ഡോ. മുഹമ്മദ് ബഷീർ, ഡോ. അനിൽ കുമാർ, ഡോ. എം.എസ്. ഗീത, സിൻഡിക്കേറ്റംഗം അനിൽ കുമാർ, ടി.പി. ശ്രീനാരായണ ദാസ് എന്നിവർ പങ്കെടുത്തു.



**ദൈവദശകം ശതാബ്ദി ആഘോഷ സമ്മേളനത്തിന്റെ ഉദ്ഘാടനം ഗവ. കോളേജ് ഓഫ് ടീച്ചേഴ്സ് എജ്യൂക്കേഷനിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു.**

# ഗാനഗന്ധർവന് സംസ്ഥാനത്തിന്റെ ആദരവ്

**സ**മഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം ഗായകൻ കെ.ജെ. യേശുദാസിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സമ്മാനിച്ചു. അതുല്യനായ ഗായകൻ എന്ന നിലയിൽ മാത്രമല്ല മതനിരപേക്ഷതക്കു വേണ്ടിയും മറ്റ് സാമൂഹിക മാനവിക വിഷയങ്ങളിലും സജീവമായി നടത്തുന്ന ഇടപെടലുകളിലൂടെ പകരം വെക്കാനില്ലാത്ത വ്യക്തിത്വത്തിനുടമയാണ് യേശുദാസ് എന്നും മുഖ്യമന്ത്രി പറഞ്ഞു.

വിവിധ മേഖലകളിൽ നൽകുന്ന സംഭാവനകൾ വിലയിരുത്തി ഈ പുരസ്കാരം നിർണയിക്കുമ്പോൾ ഏറ്റുവാങ്ങാൻ യേശുദാസ് തന്നെയാണ് ഏറ്റവും അർഹനെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. മദ്യനിരോധനം നടപ്പാക്കിയ സംസ്ഥാന സർക്കാരിനെ യേശുദാസ് അഭിനന്ദിച്ചു. ബധിരരും മൂകരുമായ പാവപ്പെട്ട കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിലൂടെ സംസാരശേഷി നൽകുന്ന സംസ്ഥാന സർക്കാരിന്റെ ശ്രുതിതരംഗം പദ്ധതി ഉദാരമാണെന്ന് അദ്ദേഹം പറഞ്ഞു. ഒന്നര ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ വെച്ചാണ് യേശുദാസിന് സമ്മാനിച്ചത്. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, പാലോട് രവി എം.എൽ.എ., ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ, സാംസ്കാരിക സെക്രട്ടറി റാണി ജോർജ്, പ്രഭ യേശുദാസ് തുടങ്ങിയവർ സംബന്ധിച്ചു.

# അനെർട്ടിന്റെ സൗരോർജ റാന്തൽ വിതരണം




**സൗരോർജ റാന്തൽ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഊർജ മന്ത്രി ആര്യാടൻ മുഹമ്മദ് നിർവഹിക്കുന്നു**

**പാ**രമ്പര്യേതര ഊർജം കൂടുതലായി ഉത്പാദിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയണമെന്ന് ഊർജ മന്ത്രി ആര്യാടൻ മുഹമ്മദ്. തിരുവനന്തപുരത്ത് അധ്യാപക ഭവനിൽ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗരോർജ റാന്തൽ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മറ്റ് സംസ്ഥാനങ്ങളിൽ ലോഡ് ഷെഡിങ് ഉണ്ടെങ്കിലും കേരളത്തിൽ അത് ഇല്ലാത്തത് അമിതമായി വിലകൊടുത്തു വാങ്ങുന്നതിനാലാണ്. പാരമ്പര്യേതര ഊർജം ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളില്ലായെങ്കിൽ ലോഡ് ഷെഡ്ഡിങ്ങിന്റെ വക്കത്തു നിൽക്കുന്ന കേരളവും ഇരുട്ടിലാകുമെന്നതാണ് അവസ്ഥയെന്നും മന്ത്രി പറഞ്ഞു. നല്ല മഴ ലഭിച്ചിട്ടും സംസ്ഥാനത്തിന് ഊർജോത്പാദനത്തിന് കഴിയുന്നില്ല എന്നതാണ് അവസ്ഥയെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

മുൻ വർഷം ഇതേ സമയത്ത് സംസ്ഥാനത്തെ റിസർവോയറുകളിൽ സ്റ്റോറേജ് 94 ശതമാനമായിരുന്നു. എന്നാൽ ഇന്ന് അത് 62 ശതമാനം മാത്രമാണ്. ഉത്പാദനത്തിനുള്ള കഴിവ് കേരളത്തിനു കുറവാണെന്നതാണ് അവസ്ഥ. റിസർവോയറിൽ സ്റ്റോറേജ് 100 ശതമാനമാണെങ്കിൽ പോലും കേരളത്തിന് മതിയാകില്ല എന്ന സ്ഥിതിവിശേഷമാണുള്ളതെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിനാവശ്യം 3700 മെഗാവാട്ട് വൈദ്യുതിയാണ്. എന്നാൽ 1600നും 1700നും മധ്യേയാണ് സംസ്ഥാനത്ത് വൈദ്യുതോദ്പാദനം നടക്കുന്നത്. 1700 മെഗാ വാട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നുണ്ട്. ബാക്കി വേണ്ടവ വൻവിലകൊടുത്തു പുറത്തുനിന്നു വാങ്ങുകയാണ് ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. കാറ്റ്, സൗരോർജം ഉപയോഗം വർധിപ്പിക്കുകയെന്നതാണ് സംസ്ഥാനത്തിന് പിടിച്ചു നിൽക്കാനുള്ള ബദൽ മാർഗമെന്ന് മന്ത്രി പറഞ്ഞു.

എം.എൻ.ആർ.ഇ. ഡയറക്ടർ ജി.ആർ. സിംഗ് മുഖ്യാതിഥിയായിരുന്നു. അനെർട്ട് ടെക്നിക്കൽ ഡയറക്ടർ പി. വത്സരാജ് അധ്യക്ഷത വഹിച്ചു.



**സമഗ്രസംഭാവനക്കുള്ള സംസ്ഥാനസർക്കാരിന്റെ പുരസ്കാരം ഗായകൻ കെ.ജെ. യേശുദാസിന് മുഖ്യമന്ത്രി നൽകിയപ്പോൾ**

മനോജ് മാതിരപ്പള്ളി




# കേരളത്തിന്റെ സിലിക്കൺ തീരം

**കേരളത്തിന്റെ സംരംഭക രംഗത്ത് അഭിമാനകരമായ മാറ്റം കുറിക്കുകയാണ് വളർച്ചയുടെ പടവുകൾ കയറുന്ന കൊച്ചി സ്റ്റാർട്ടപ്പ് വില്ലേജ്**

യുവസംരംഭകരെ സാധ്യതയുടെ അനന്തതകളിലേക്ക് കൈപിടിച്ചുനടത്തുന്ന സ്റ്റാർട്ടപ്പ് വില്ലേജ് വളർച്ചയുടെ പുതിയ പാതയിലാണ്. കൊച്ചി കളമശ്ശേരിയിലെ കിൻഫ്ര പാർക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സ്റ്റാർട്ടപ്പ് വില്ലേജ്, എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന പ്രവർത്തനമികവുമായാണ് രണ്ടുവർഷം പിന്നിട്ടിരിക്കുന്നത്. ആറുവർഷം കൊണ്ട് കൈവരിക്കാൻ ലക്ഷ്യമിട്ട നേട്ടങ്ങൾ ഇതിനകം നേടാൻ സ്റ്റാർട്ടപ്പ് വില്ലേജിന് കഴിഞ്ഞിരിക്കുന്നു. യുവസംരംഭകരുടെ പ്രതീക്ഷയായി മാറിയിരിക്കുന്ന ഈ തൊഴിൽകേന്ദ്രം ഇപ്പോൾ മുന്നോട്ടുവെക്കുന്ന സാധ്യതകളും വളരെ വലുതാണ്. ഇക്കാലത്തിനുള്ളിൽ ആഗോളതലത്തിലുള്ള വമ്പൻ



കമ്പനികളുടെയും സംരംഭകരുടെയും ശ്രദ്ധയാകർഷിക്കാനും സ്റ്റാർട്ടപ്പ് വില്ലേജിന് സാധിച്ചിരിക്കുന്നു.

പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന യുവജനതയ്ക്ക് അതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയാണ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജ്. അമേരിക്കയിലെ സിലിക്കൺവാലിയുടെ മാതൃകയിൽ പ്രവർത്തിക്കുന്ന ഇവിടെ യുവസംരംഭകർ ആഗ്രഹിക്കുന്നതെല്ലാം ഒരുക്കികൊടുക്കുന്നു. സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ, ആശയപരമായ ഉപദേശങ്ങൾ, സമാനചിന്താഗതിക്കാരുമായി ഇടപഴകാനുള്ള അവസരം, ഈ മേഖലയിൽ കഴിവുതെളിയിച്ച പ്രമുഖ സംരംഭകരുമായുള്ള കൂടിക്കാഴ്ച തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. കേരളത്തിലെ സംരംഭകസംസ്കാരത്തിന്റെ പരമ്പരാഗതശീലങ്ങളെയെല്ലാം ഉടച്ചെഴുതിക്കൊണ്ടാണ് സ്റ്റാർട്ടപ്പ് വില്ലേജ് പ്രവർത്തനം ആരംഭിച്ചതും വളർച്ചയുടെ പുതിയ പടവുകൾ താണ്ടുന്നതും.

പ്രവർത്തനം തുടങ്ങി ആദ്യത്തെ പത്തുവർഷം കൊണ്ട് 1000 കമ്പനികളെ പിന്തുണയ്ക്കുക (1000 കമ്പനികളുടെ രൂപീകരണത്തിന് അവസരമൊരുക്കുക) എന്നതായിരുന്നു സ്റ്റാർട്ടപ്പ് വില്ലേജിന്റെ ലക്ഷ്യം. എന്നാൽ രണ്ടര വർഷമാവുമ്പോഴേക്കും എഴുനൂറോളം കമ്പനികളെ പിന്തുണയ്ക്കാൻ ഈ തൊഴിൽകേന്ദ്രത്തിന് കഴിയുന്നു. ആദ്യവർഷം പത്തുകമ്പനികളെയാണ് ലക്ഷ്യമിട്ടതെങ്കിൽ ലഭിച്ച അപേക്ഷകൾ അതിന്റെ എത്രയോ ഇരട്ടിയായിരുന്നു.

ആദ്യത്തെ പതിനഞ്ചുമാസങ്ങൾ കൊണ്ട് 1000 സ്റ്റാർട്ടപ്പുകളുടെ അപേക്ഷ ലഭിച്ചു. തൊട്ടടുത്ത എട്ടുമാസം കൊണ്ട് വീണ്ടും 1000 അപേക്ഷകൾ കിട്ടി. തുടർന്നുള്ള മൂന്നുമാസത്തിനുള്ളിൽ അടുത്ത 1000 അപേക്ഷകളെത്തി. ഇങ്ങനെ അനേകം അപേക്ഷകളാണ് ഇവിടെ എത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ ക്യാമ്പസുകളിൽ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്ന ധാരാളം പേരും ഉൾപ്പെടും. സംരംഭകരാകാനുള്ള യുവജനതയുടെ ഈ അഭിവാഞ്ഛയാണ് സ്റ്റാർട്ടപ്പ് വില്ലേജിന്റെ സാധ്യത വർധിപ്പിക്കുന്നത്. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകളെ വില്ലേജിലേക്ക് ക്ഷണിക്കുന്നു.

### സ്റ്റാർട്ടപ്പ് വില്ലേജ് : തുടക്കവും തുടർച്ചയും

ദേശീയ ശാസ്ത്രസാങ്കേതിക സംരംഭക വികസനബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും തിരുവനന്തപുരം ടെക്നോപാർക്കിന്റെയും മോബ്മി വയർലെസ് എന്ന സ്വകാര്യസ്ഥാപനത്തിന്റെയും സഹകരണത്തോടെയാണ് കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജ് പ്രവർത്തിക്കുന്നത്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള രാജ്യത്ത് ആദ്യത്തെ സ്റ്റാർട്ടപ്പ് വില്ലേജ്. തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിൽ ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളായ ഏഴുപേർ ചേർന്ന് 2006-ൽ രൂപീകരിച്ച മോബ്മി വയർലെസ് എന്ന ടെലികോം കമ്പനിയാണ് ഇത്തരമൊരു ആശയം യാഥാർത്ഥ്യമാക്കാൻ രംഗത്തെത്തിയത്. തുടർന്ന് സർക്കാരുമായി നിരന്തരമായ ആശയവിനിമയം നടത്തുകയും 2012 മാർച്ച് ഇരുപത്തേഴാം തീയതി മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്റ്റാർട്ടപ്പ് വില്ലേജ് എന്ന ആശയം പ്രഖ്യാപിക്കുകയും ചെയ്തു. തൊട്ടടുത്ത ഏപ്രിൽ 15-ന് കൊച്ചി കളമശ്ശേരിയിലെ കിൻഫ്ര പാർക്കിൽ ഇതിന് തുടക്കമായി.

ആദ്യം തൃശ്ശൂർ കൊരട്ടിയിലെ കിൻഫ്ര പാർക്കാണ് സ്റ്റാർട്ടപ്പ് വില്ലേജിനായി അനുവദിച്ചതെങ്കിലും അന്താരാഷ്ട്ര വിമാനത്താവളം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കണക്കിലെടുത്ത് പിന്നീട് കളമശ്ശേരിയിൽ പദ്ധതിക്ക് തുടക്കം കുറിക്കുകയായിരുന്നു. അങ്ങനെ അഞ്ചുകോടി രൂപ മുതൽമുടക്കിൽ അമ്പതുശതമാനം വീതം പൊതുസ്വകാര്യപങ്കാളിത്തത്തോടെ ആരംഭിച്ച സ്റ്റാർട്ടപ്പ് വില്ലേജ് കേരളത്തിലെ സംരംഭകസംസ്കാരത്തിന്റെ തലവര മാറ്റിക്കുറിക്കുകയാണ്.

5000 ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ വില്ലേജ് മാസങ്ങൾക്കുള്ളിൽ സ്റ്റാർട്ടപ്പുകളെകൊണ്ട് നിറഞ്ഞു. ഇതോടെ കൂടുതൽ സ്ഥലം കണ്ടെത്തേണ്ട അവസ്ഥയായി. ഇപ്പോൾ പാർക്കിൽ തന്നെ രണ്ടിടത്തായി 15,000 ചതുരശ്രയടി സ്ഥലത്താണ് സ്റ്റാർട്ടപ്പ് വില്ലേജിന്റെ പ്രവർത്തനം. ഈ മാസത്തോടുകൂടി അത് 25,000 ചതുരശ്രയടിയായി വർധിക്കും. ഇതോടൊപ്പം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഒരുലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണവും പുരോഗമിക്കുന്നു. ഇരുപത്തെട്ടുകോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. പുതിയ കെട്ടിടം യാഥാർഥ്യമാകുന്നതോടെ കൂടുതൽ സ്റ്റാർട്ടപ്പുകളെ ഉൾക്കൊള്ളാൻ വില്ലേജിന് സാധിക്കും.

എൻജിനീയറിംഗ് ബിരുദവിദ്യാർഥികൾ ഉൾപ്പെടെയുള്ള നൂറുകണക്കിന് സംരംഭകർ സ്റ്റാർട്ടപ്പ് വില്ലേജിന്റെ സാധ്യതകൾ വിനിയോഗിക്കുന്നു. മുപ്പത്തഞ്ച് സ്റ്റാർട്ടപ്പുകളാണ് ഇപ്പോൾ ഇവിടെയുള്ളത്. സ്ഥലപരിമിതി മൂലം ബാക്കി അറുനൂറിലധികവും വില്ലേജിന് പുറത്ത് പല സ്ഥലങ്ങളിലായി ഇരിക്കുന്നു. ഓരോന്നിലും നാലും അഞ്ചും പേർ അംഗങ്ങളായുണ്ട്. ഇവയെല്ലാം സ്റ്റാർട്ടപ്പ് വില്ലേജിന്റെ സഹായത്തോടെ രൂപപ്പെട്ട കമ്പനികളാണ്. അതുകൊണ്ടുതന്നെ വില്ലേജിന്റെ മേൽവിലാസം ഉപയോഗിച്ചാണ് ഇവയുടെയും പ്രവർത്തനം. അനുഭവസമ്പത്ത് ആർജിച്ച സംരംഭകരിൽനിന്നുള്ള

ബിസിനസ് മെന്റിങ്, വില്ലേജിലൂടെ എല്ലാ സ്റ്റാർട്ടപ്പുകൾക്കും ലഭിക്കുന്നു. പ്രശസ്തനായ ഐ.ടി സംരംഭകനും ഇൻഫോസിസിന്റെ സഹസ്ഥാപകനുമായ ക്രിസ് ഗോപാലകൃഷ്ണനാണ് സ്റ്റാർട്ടപ്പ് വില്ലേജിന്റെ ചീഫ് മെന്റർ. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൂടുതൽപേരെ സഹകരിപ്പിക്കാനും കഴിഞ്ഞു. ഇവരിൽനിന്നെല്ലാം ലഭിക്കുന്ന മെന്റിങ് ഉപയോഗിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ അത്ര പരിചിതമല്ലാത്ത പ്രൊഡക്ട് സ്റ്റാർട്ടപ്പ് സംസ്കാരമാണ് ഇവിടം കേന്ദ്രീകരിച്ച് വേരൂന്നിയിരിക്കുന്നത്.

ചുരുങ്ങിയ കാലംകൊണ്ട് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തൊഴിൽകേന്ദ്രമായി ഇവിടം മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ രാജ്യാന്തരതലത്തിൽ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന കടൽയാത്രാപരിപാടിയായ അൺറീസണബിൾ അറ്റ് സീയും അമേരിക്ക, സ്വിറ്റ്സർലണ്ട്, കാനഡ തുടങ്ങി നിരവധി രാജ്യങ്ങളിൽനിന്നുള്ള പ്രമുഖരും സ്റ്റാർട്ടപ്പ് വില്ലേജ് സന്ദർശിച്ചുകഴിഞ്ഞു. യു.എസ് എംബസിയിൽനിന്നുള്ള സംഘവും ഇതിൽ ഉൾപ്പെടും. സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നെത്തുന്നവരുടെ വിസ നിരസിക്കില്ലെന്ന് യു.എസ് എംബസി ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം സ്റ്റാർട്ടപ്പ് വില്ലേജിന് ലഭിച്ച ആഗോള അംഗീകാരത്തിന്റെ തെളിവുകളാണ്.

ഏതുതരത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും ഇവിടെ പ്രവർത്തിക്കാമെങ്കിലും ഇപ്പോഴുള്ളതിൽ അധികവും ഐ.ടി, ടെലികോം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽപ്പെട്ട കമ്പനികളാണ്. ടെലികോം രംഗത്തുതന്നെ ആൻഡ്രോയ്ഡ്-ഐ ഫോൺ ആപ്ലിക്കേഷനുകളിൽ ധാരാളം പരീക്ഷണങ്ങൾ നടക്കുന്നു. ഹാർഡ്‌വെയർ, റോബോട്ടിക്സ്, ആട്ടോമൊബൈൽസ്, ടൂറിസം തുടങ്ങിയവുമായി ബന്ധപ്പെട്ട കമ്പനികൾ ഇവിടെ ഇൻകുബേറ്റ് ചെയ്യപ്പെട്ട സ്റ്റാർട്ടപ്പുകളിലുണ്ട്.



മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും സ്റ്റാർട്ട്പ്പ് വില്ലേജിൽ



## വില്ലേജ് നൽകുന്ന സേവനങ്ങൾ

സംരംഭകരംഗത്ത് പുത്തൻസാധ്യതകൾ വിനിയോഗിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും സൗജന്യസേവനങ്ങളാണ് സ്റ്റാർട്ടപ്പ് വില്ലേജ് നൽകുന്നത്. "ഇവിടെത്തുന്ന മുഴുവൻ സ്റ്റാർട്ടപ്പുകളെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കും. അവരുടെ ആശയം യാഥാർഥ്യമാക്കാനുള്ള സൗകര്യങ്ങളാണ് വില്ലേജിൽ ലഭ്യമാക്കുന്നത്. അവർക്ക് ഇരുന്ന് ജോലിചെയ്യാനുള്ള സ്ഥലം, ഇന്റർനെറ്റ് കണക്ഷനും വെളിച്ചവും ഉൾപ്പെടെയുള്ള മറ്റു സൗകര്യങ്ങൾ, മെന്റേഴ്സുമായുള്ള കൂടിക്കാഴ്ചകൾ, പ്രൊഡക്ട് സെല്ലിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ, മറ്റു സ്റ്റാർട്ടപ്പുകളുമായി ആശയവിനിമയം നടത്താനുള്ള സംവിധാനം എന്നിവയെല്ലാം അവർക്ക് ഇവിടെ ലഭ്യമാകും. ഇതുവഴി അവരുടെ കാഴ്ചപ്പാടുകൾ കൂടുതൽ കരുത്താർജിക്കുകയും ദിശാബോധം ഉള്ളതായിത്തീരുകയും ചെയ്യും", സ്റ്റാർട്ടപ്പ് വില്ലേജിലെ ഇൻകുബേഷൻ ഹെഡ് തോമസ് ആന്റണി പറയുന്നു.

കേരളത്തിലെ എൻജിനീയറിങ് കോളേജുകളിൽ ആയിരക്കണക്കിന് വിദ്യാർഥികളാണ് പഠിച്ചുകൊണ്ടിരിക്കുന്നതും പഠിച്ചിറങ്ങിയിട്ടുള്ളതും. ഇവർക്ക് തൊഴിൽ നൽകുന്നതിനൊപ്പം പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള സാഹചര്യമൊരുക്കികൊണ്ട് ഇവരെ തൊഴിൽദാതാക്കളാക്കി മാറ്റാൻ സ്റ്റാർട്ടപ്പ് വില്ലേജിലൂടെ ലക്ഷ്യമിടുന്നു. കോളേജ് വിദ്യാർഥികളും, സംരംഭകമേഖലയിലേക്ക് പുതുതായി കടന്നുവരാൻ ആഗ്രഹിക്കുന്നവരും നേരിടുന്ന പ്രായോഗികമായ പല പ്രശ്നങ്ങളുമുണ്ട്. മൂലധനം, പ്രൊഡക്ട് ഡെവലപ്മെന്റിനും സെല്ലിംഗിനുമുള്ള ഗൈഡൻസ്, ആശയപരമായ കൃത്യത ഇല്ലായ്മ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. ഇത്തരം പ്രശ്നങ്ങളെല്ലാം സ്റ്റാർട്ടപ്പ് വില്ലേജ് പരിഹരിക്കുന്നു.

മിക്കവാറും യുവസംരംഭകർക്ക് ആശയം മാത്രമെ സ്വന്തമായി ഉണ്ടാവുകയുള്ളൂ. മൂലധനം കണ്ടെത്താനുള്ള ശേഷിയുണ്ടാവണമെന്നില്ല. അങ്ങനെ വരുമ്പോൾ ജോലി ചെയ്യാൻ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ രൂപപ്പെടുത്തിയെടുക്കുക എന്നത് അവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാവും. ഇത് പരിഹരിക്കാൻ സ്റ്റാർട്ടപ്പ് വില്ലേജിന് സാധിക്കുന്നു. വർഷം മുഴുവനും രാവും പകലും സ്റ്റാർട്ടപ്പ് വില്ലേജ് പ്രവർത്തനമുണ്ട്. യുവസംരംഭകർക്ക് ഏതുസമയവും ഇവിടെത്തി ജോലി ചെയ്യാം. അതിനുള്ള സ്ഥലവും വെളിച്ചവും ഇന്റർനെറ്റ് സൗകര്യങ്ങളും സ്റ്റാർട്ടപ്പ് വില്ലേജ് ലഭ്യമാക്കിയിട്ടുണ്ട്. രാജ്യത്തുതന്നെ വേഗതയേറിയ വൺ ജിബിപിഎസ് ഇന്റർനെറ്റ് കണക്ഷനാണ് ഇവിടെയുള്ളത്. "സംരംഭകർക്ക് ഒരുതരത്തിലുള്ള നിയന്ത്രണവും വില്ലേജിൽ ഏർപ്പെടുത്തിയിട്ടില്ല. ആളുകൾ കോട്ടും ടൈയും ധരിച്ചിരുന്ന്

ജോലിചെയ്യുന്ന അന്തരീക്ഷമല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്. ഓരോരുത്തരുടെയും സൗകര്യാർഥം എന്തുതരം വസ്ത്രവും ധരിക്കാം. ചിലർക്ക് രാത്രിയുടെ നിശബ്ദതയിൽ ജോലി ചെയ്യുന്നതാവും കൂടുതലിഷ്ടം. മറ്റുചിലർക്ക് പകൽസമയം. ഇതിനെല്ലാം അനുയോജ്യമായൊരു അന്തരീക്ഷം വില്ലേജിൽ രൂപപ്പെടുത്തിയിട്ടുണ്ട്" തോമസ് ആന്റണി പറയുന്നു.

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ നൂറുശതമാനവും റിസ്കാണ്. ഇവരെല്ലാം വിദ്യാർഥികളോ, അൽപം മുൻപുമാത്രം പഠിച്ചിറങ്ങിയവരോ ആയതിനാൽ മുതൽമുടക്കാൻ ആരും തയാറാവില്ല. ഇത്തരക്കാരുടെ പ്രൊഡക്ട് ഡെവലപ്മെന്റിന് ആവശ്യമായ മൂലധനവും സ്റ്റാർട്ടപ്പ് വില്ലേജ് നൽകുന്നുണ്ട്. വില്ലേജിന് ഫണ്ടായി സർക്കാർ അനുവദിച്ചിട്ടുള്ള 90 ലക്ഷം രൂപയിൽനിന്നാണ് ഇത്തരത്തിൽ വായ്പ നൽകുന്നത്. സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം വിലയിരുത്തി ഘട്ടംഘട്ടമായിട്ടാവും പണം നൽകുക. ഇതിന് ആദ്യത്തെ ഒരുവർഷത്തേക്ക് പലിശ അടയ്ക്കേണ്ടതില്ല. അതുകഴിഞ്ഞാൽ ആറുശതമാനം പലിശ നൽകണം. ഈ തുകയും വില്ലേജിന്റെ ഫണ്ടായി മാറുന്നു. ഇതുകൂടാതെ ആഭ്യന്തര-ആഗോളതലങ്ങളിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ പല കമ്പനികളും സ്റ്റാർട്ടപ്പുകൾക്കുവേണ്ടി ഫണ്ടിങ് നടത്താറുണ്ട്.

വില്ലേജിലേക്ക് ആദ്യമായെത്തുന്ന പലരുടെയും ആശയങ്ങൾക്ക് കൃത്യതയുണ്ടാവണമെന്നില്ല. എന്നാൽ ഈ രംഗത്തും മറ്റു സംരംഭങ്ങളിലും കഴിവുതെളിയിച്ചവരിൽനിന്നും ലഭിക്കുന്ന മെന്ററിങ്ങിലൂടെയും ഇവിടെ നടക്കുന്ന ടെക്നോളജി ട്രെയിനിംഗിലൂടെയും സ്റ്റാർട്ടപ്പുകളുടെ സംശയങ്ങളെല്ലാം ദുരീകരിക്കപ്പെടും. ഒരുപക്ഷെ, തങ്ങളുടേത് പ്രായോഗികമായ ആശയമല്ലെന്ന തിരിച്ചറിവിൽ അത് ഉപേക്ഷിച്ച് മറ്റൊരു ആശയം തെരഞ്ഞെടുത്തവരുമുണ്ട്. സ്റ്റാർട്ടപ്പുകളെന്ന നിലയിൽ സമാനചിന്താഗതിക്കാർ മാത്രമുള്ള ഒരു അന്തരീക്ഷത്തിൽ ആർക്കും ആരെയും എപ്പോൾ വേണമെങ്കിലും ആശ്രയിക്കാനും ആശയങ്ങൾ ചർച്ചചെയ്ത് കൂടുതൽ ദൃഢമാക്കാനും സാധിക്കുന്നു. മാത്രവുമല്ല ഏതെങ്കിലുമൊരു സ്റ്റാർട്ടപ്പിന് നിക്ഷേപകനെ കിട്ടിയാൽ വില്ലേജിലെ മറ്റു കമ്പനികളെ നിക്ഷേപകന് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്യാറുണ്ട്.

> കേരളത്തിലെ എൻജിനീയറിങ് കോളേജുകളിൽ ആയിരക്കണക്കിന് വിദ്യാർഥികളാണ് പഠിച്ചുകൊണ്ടിരിക്കുന്നതും പഠിച്ചിറങ്ങിയിട്ടുള്ളതും. തൊഴിൽ നൽകുന്നതിനൊപ്പം പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള സാഹചര്യമൊരുക്കിക്കൊണ്ട് ഇവരെ തൊഴിൽദാതാക്കളാക്കി മാറ്റാൻ സ്റ്റാർട്ടപ്പ് വില്ലേജിലൂടെ ലക്ഷ്യമിടുന്നു.

കഴിഞ്ഞ വർഷം സ്റ്റാർട്ടപ്പ് വില്ലേജിലെ അഞ്ചു കമ്പനികളുടെ പ്രതിനിധികളെ സിലിക്കൺവാലിയിലേക്ക് അയച്ചിരുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ കണ്ടും, കമ്പനികളും നിക്ഷേപകരുമായി സംസാരിച്ചും, സംശയങ്ങൾ ദൂരീകരിച്ചും അവരവിടെ ഒരുമാസത്തോളം ചെലവഴിച്ചു. സംരംഭകരെന്ന നിലയിൽ ലോകപ്രശസ്തരായ പലരുമായും കൂടിക്കാഴ്ച നടത്താനും കേരളാസംഘത്തിന് കഴിഞ്ഞു. മടങ്ങിയെത്തിയ അവർക്ക് സ്വന്തം കമ്പനി യാഥാർഥ്യമാക്കാൻ സിലിക്കൺവാലിയിൽനിന്നും ലഭിച്ച ഊർജം ചെറുതല്ല. ഇത്തരത്തിൽ സ്റ്റാർട്ടപ്പുകളുടെ കാഴ്ചപ്പാടും ആഗോളതലത്തിലേക്ക് വളരുകയാണ്. ഈ വർഷം ഇരുപത് പേരെ അയക്കാനാണ് പദ്ധതി. ഇതിൽ പത്തുപേർക്കായി സർക്കാർഫണ്ട് ചെലവഴിക്കും. ബാക്കി പത്തുപേർക്കായി സ്പോൺസർമാരെ കണ്ടെത്താനാണ് ശ്രമം. ക്രമേണ സ്റ്റാർട്ടപ്പ് വില്ലേജിൽനിന്നും സിലിക്കൺവാലി സന്ദർശിക്കുന്നവരുടെ എണ്ണം വർധിപ്പി





**സ്റ്റാർട്ടപ്പ് വില്ലേജിലെ ഒരു പരിശീലനകളരി**

ക്കാനും ആലോചനയുണ്ട്. ഇതിനിടെ ഈ തൊഴിൽകേന്ദ്രത്തിന്റെ വകയായി സിലിക്കൺവാലിയിൽ ഒരു ലാൻഡിങ് പാഡ് തുടങ്ങുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്. രണ്ടുമൂന്ന് മാസങ്ങൾക്കുള്ളിൽ അത് യാഥാർഥ്യമാകും. ഇവിടെനിന്ന് സിലിക്കൺവാലി സന്ദർശിക്കുന്നവരുടെ താമസസൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി അത് വിനിയോഗിക്കുകയാണ് ലക്ഷ്യം. ഇതോടൊപ്പം സ്റ്റാർട്ടപ്പ് വില്ലേജിനെ സിലിക്കൺവാലിയാക്കി രൂപാന്തരപ്പെടുത്താനാവുമെന്നും കണക്കാക്കപ്പെടുന്നു.

ഒരു സ്റ്റാർട്ടപ്പിന് സ്വന്തം ആശയം യാഥാർഥ്യമാക്കി നിലനിൽക്കാവുന്ന തരത്തിലുള്ള കമ്പനിയായി രൂപാന്തരപ്പെടാൻ മൂന്നുവർഷം വേണ്ടിവരുമെന്നാണ് സങ്കൽപം. അതുകഴിഞ്ഞാൽ കമ്പനിയുടെ ഉത്പാദനവും ജോലി ചെയ്യുന്നവരുടെ എണ്ണവും വർധിപ്പിക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ അവർ സ്വന്തം നിലയിൽ വില്ലേജിന് പുറത്ത് പുതിയ സ്ഥലം കണ്ടെത്തി അവിടേക്ക് പ്രവർത്തനം മാറ്റുന്ന തരത്തിലുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ അതിനും മുൻപേ ലക്ഷ്യത്തിലെത്തിയ പലരും ഇതിനകം തന്നെ പ്രവർത്തനം പുറത്തേക്ക് മാറ്റിയിട്ടുണ്ട്. ഇതുമൂലം കൂടുതൽ സ്റ്റാർട്ടപ്പുകൾക്ക് വില്ലേജിൽ അവസരം ലഭിക്കുകയും ചെയ്യുന്നു.

## സ്റ്റാർട്ടപ്പ് വില്ലേജിലെ അനുകൂല ഘടകങ്ങൾ

രാജ്യത്ത് ആദ്യത്തെ പൊതു-സ്വകാര്യപങ്കാളിത്തത്തോടെയുള്ള സ്റ്റാർട്ടപ്പ് വില്ലേജാണ് കളമശ്ശേരി കിൻഫ്ര പാർക്കിലേത്. കേന്ദ്ര ശാസ്ത്രസാങ്കേതികവകുപ്പിന് കീഴിൽ സർക്കാർ സഹകരണത്തോടെയും വൻകിട കമ്പനികളുടെയും നിക്ഷേപകരുടെയും പിന്തുണയോടെ പ്രവർത്തിക്കാൻ കഴിയുന്നുവെന്നത് വില്ലേജിന് അനുകൂലമായിട്ടുണ്ട്. സംസ്ഥാന വ്യവസായ-തൊഴിൽ-വിദ്യാഭ്യാസവകുപ്പുകളുടെ നിർദേശങ്ങൾക്ക് അനുസരിച്ചാണ് ഇതിന്റെ പ്രവർത്തനം. ഇവിടുത്തെ കമ്പനികളിൽ നിക്ഷേപം നടത്തുന്നതിന് സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും അംഗീകാരം നൽകിയിട്ടുണ്ട്.

ഇന്ത്യയിലും ആഗോളതലത്തിലുമുള്ള സംരംഭകരിൽനിന്ന് ലഭിച്ചിരിക്കുന്ന പിന്തുണയും സ്റ്റാർട്ടപ്പ് വില്ലേജിന് അനുകൂലഘടകമായി. മൈക്രോസോഫ്റ്റും ബ്ലാക്ക്ബെറിയും ഐ.ബി.എം ഗെറ്റിറ്റും പോലെയുള്ള പല ഭീമന്മാരും ഈ തൊഴിൽകേന്ദ്രത്തെ അംഗീകരിക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം മൈക്രോസോഫ്റ്റ് നടത്തിയ മത്സരത്തിൽ നാഷണൽ പ്രോഗ്രാമിന് പോയി ജയിച്ച മൂന്ന് കമ്പനികളും സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നുള്ളവയായിരുന്നു. ഇതിൽ രണ്ട് സ്റ്റാർട്ടപ്പുകളും കോളേജ് ക്യാമ്പസിൽനിന്നും അടുത്തയിടെ പുറത്തിറങ്ങിയവർ ചേർന്ന് രൂപീകരിച്ചതാണ്.

ഇന്ത്യയിൽതന്നെ ആദ്യമായി ബ്ലാക്ക്ബെറിയുടെ ഇൻകുബേഷൻ സെന്റർ സ്റ്റാർട്ടപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ടെങ്കിൽ, അത് ഈ തൊഴിൽകേന്ദ്രത്തിന് ആഗോളതലത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരമല്ലാതെ മറ്റൊന്നല്ല. ഇവിടുത്തെ യുവജനതയിൽ സംരംഭകശീലം വളർത്തിയെടുക്കാനുള്ള ശ്രമമാണ് ബ്ലാക്ക്ബെറി നടത്തുന്നത്. ഇതിനായി റൂബസ് ലാബ്സ് ഇവിടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം പുതിയ ആശയങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്ന കാര്യത്തിൽ ഫിൻലൻഡിലെ ആൾട്ടോ സർവകലാശാലയുമായും സ്റ്റാർട്ടപ്പ് വില്ലേജ് സഹകരിക്കുന്നുണ്ട്. ആൾട്ടോ സർവകലാശാലയുടെ ഇന്നവേഷൻ കേന്ദ്രവും ജനകീയമായ ഒട്ടേറെ ഉത്പന്നങ്ങൾ പുറത്തിറക്കുകയും ചെയ്തിട്ടുള്ള എയ്സുമായാണ് കൊച്ചിയിലെ തൊഴിൽകേന്ദ്രത്തിന്റെ ധാരണ. ഐബിഎം ഗെറ്റിറ്റിന്റെ പിന്തുണയും എടുത്തുപറയേണ്ടതാണ്. ഇവിടുത്തെ കമ്പനികൾക്ക് ആഗോള വളർച്ചയുണ്ടാക്കാൻ ഇവരെല്ലാം താൽപര്യം കാണിക്കുന്നുണ്ട്. സ്വാഭാവികമായും ഇത്തരം ആഗോളഭീമന്മാരുടെ പിന്തുണ വില്ലേജിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ നിക്ഷേപകരെ കിട്ടാൻ സഹായകമാകുന്നു.

അക്ഷരാർഥത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷമാണ് സ്റ്റാർട്ടപ്പ് വില്ലേജിലുള്ളത്. സിലിക്കൺവാലിയിലെ സംരംഭകരിൽ പലരും ഒരു ആശയം പരാജയപ്പെടുമ്പോൾ മറ്റൊന്നിലേക്ക് തിരിയുകയും അത് പ്രായോഗികമാക്കുകയും ചെയ്യുന്നു. നിക്ഷേപകരുള്ളതിനാൽ അവർക്കതൊരു പ്രശ്നമല്ല. പരാജയത്തിൽനിന്നുള്ള പാഠം ഉൾക്കൊണ്ട് വിജയം കൈവരിക്കുന്നവരാണ് സിലിക്കൺവാലിക്കാർ. ഇത്തരമൊരു സംസ്കാരവും അന്തരീക്ഷവുമാണ് സ്റ്റാർട്ടപ്പ് വില്ലേജും ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ ഒരു ആശയവും അതിനുവേണ്ടി നടത്തിയ അധ്വാനവും പരാജയപ്പെടുമ്പോൾ ഇവിടെയാർക്കും നിരാശയുണ്ടാവുന്നില്ല. സ്റ്റാർട്ടപ്പ് വില്ലേജിൽ പ്രവർത്തിച്ചുകൊണ്ട് ഒരുലക്ഷം ഡോളറിന്റെ ക്രൗഡ് ഫണ്ടിംഗ് നേടിയ ആർ.എച്ച്.എൽ വിഷൻ എന്ന കമ്പനിയുടെ സി.ഇ.ഒയായ രോഹിൽദേവ് പല ആശയങ്ങൾ പരീക്ഷിച്ച് പരാജയപ്പെട്ട ശേഷമാണ് വിജയം നേടിയത്.

### മുന്നോട്ടുവെക്കുന്ന സാധ്യതകൾ

തങ്ങൾക്കും സംരംഭകനാകാമെന്ന ആത്മവിശ്വാസം കോളേജ് വിദ്യാർഥികളിലും യുവസംരംഭകരിലും വളർത്താൻ സ്റ്റാർട്ടപ്പ് വില്ലേജിന് കഴിഞ്ഞിരിക്കുന്നു. ലക്ഷ്യമിട്ടതിനേക്കാൾ പതിന്മടങ്ങ് വളർച്ച നേടാൻ ഈ പദ്ധതിക്ക് കഴിഞ്ഞുവെന്നത് തന്നെ ഇതിനുതെളിവാണ്. യുവസംരംഭകർക്ക് നൽകുന്ന പ്രോത്സാഹനം, സാങ്കേതികവിദ്യയിലും ഉത്പന്നനിർമാണത്തിലും വിപണനത്തിലുമെല്ലാമുള്ള മെന്ററിങ്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ആഭ്യന്തര-ആഗോളതലങ്ങളിൽ ശ്രദ്ധേയമായിട്ടുള്ള വൻകമ്പനികളുടെയും പിന്തുണ തുടങ്ങിയവയെല്ലാമാണ് ഇവിടുത്തെ അനുകൂലഘടകങ്ങൾ. മാത്രവുമല്ല സ്റ്റാർട്ടപ്പ് വില്ലേജിലെ കമ്പനികൾക്ക് കെ.എഫ്.സി

**സർക്കാർ ഇപ്പോൾ ഈ രംഗത്ത് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. എൻജിനീയറിങ് കോളേജുകളിലെ വിദ്യാർഥിസംരംഭകർക്ക് 20ശതമാനം ഹാജരും നാലുശതമാനം മാർക്കും നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനമാകും**

എളുപ്പത്തിൽ വായ്പയും ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന വൈദ്യുതിബോർഡിന്റെ ഇൻകുബേഷൻ സെന്ററും ഇവിടെ പ്രവർത്തിക്കുന്നു.

ഐ.ടി ടെലികോം മേഖലയിലാണെങ്കിൽ പോലും യുവസംരംഭകർക്ക് പരീക്ഷണത്തിൽ ഏർപ്പെടാനുള്ള ധൈര്യമാണ് സ്റ്റാർട്ടപ്പ് വില്ലേജിലൂടെ ലഭിക്കുന്നത്. സംരംഭകനാകാൻ ആഗ്രഹിക്കുന്നവരുടെ ആത്മവിശ്വാസം വർധിക്കുന്നതോടെ കൂടുതൽ ഉത്പാദനക്ഷമത ഉണ്ടാകുന്നു. ഇത് മറ്റു മേഖലകളിലും പരീക്ഷിക്കാവുന്നതാണ്. വിദ്യാഭ്യാസശേഷം അയൽസംസ്ഥാനങ്ങളിലോ, വിദേശരാജ്യങ്ങളിലോ ഉള്ള കമ്പനികളിൽ ജോലിനേടി മാസശമ്പളം വാങ്ങുന്നവരുടെ നാടാണിന്ന് കേരളം. ഇതിനുപകരം ഇത്തരക്കാരെ തൊഴിൽദാതാക്കളാക്കാൻ കഴിയണം. അതിന് സാധിക്കുമെന്നതിനുള്ള തെളിവാണ് സ്റ്റാർട്ടപ്പ് വില്ലേജ്. ഇപ്പോൾ സ്വദേശിവത്കരണം പോലെയുള്ള നടപടികളുടെ പശ്ചാത്തലത്തിൽ പല വിദേശരാജ്യങ്ങളിലും തൊഴിലവസരം കുറവാണെന്നത് ഇതിന്റെ പ്രസക്തി വർധിപ്പിക്കുകയും ചെയ്യുന്നു.

ഇപ്പോൾ ഇവിടെയെത്തുന്ന അപേക്ഷകളിൽ ചെറിയൊരു ശതമാനം സ്റ്റാർട്ടപ്പുകളെ മാത്രമെ ഈ കേന്ദ്രത്തിന് പിന്തുണയ്ക്കാൻ കഴിയുന്നുള്ളൂ. വിശദമായ വിലയിരുത്തലിനും അഭിമുഖങ്ങൾക്കും ശേഷം തിരഞ്ഞെടുക്കപ്പെടുന്ന കമ്പനികളെ വില്ലേജിലേക്ക് ക്ഷണിക്കുമ്പോൾ, മറ്റുള്ളവരുടെ ആശയം മോശമാണെന്ന് അർഥമില്ല. അതുകൊണ്ട് കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജിന് കൂടുതൽ വിപുലമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനൊപ്പം പ്രാദേശികതലത്തിൽ പോലും ഇത്തരം തൊഴിൽകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിനുള്ള സാധ്യതയാണ് സ്റ്റാർട്ടപ്പ് വില്ലേജിലെത്തുന്ന അപേക്ഷകളുടെ എണ്ണം.

സർക്കാർ ഇപ്പോൾ ഈ രംഗത്ത് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. എൻജിനീയറിങ് കോളേജുകളിലെ വിദ്യാർഥിസംരംഭകർക്ക് 20ശതമാനം ഹാജരും നാലുശതമാനം മാർക്കും നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനമാകും. ഇതോടൊപ്പം വായ്പാസബ്സിഡിയുമുണ്ട്.




എന്തായാലും ഐ.ടി, ടെലികോം മേഖലയിലും മൊബൈൽ സാങ്കേതിക വിദ്യയിലും ഉള്ളതുപോലെ തന്നെയുള്ള സംരംഭസാധ്യതകൾ കാർഷികോത്പന്ന സംസ്കരണത്തിലും കയറ്റുമതിയിലും ആരോഗ്യ-ടൂറിസം മേഖലകളിലും വസ്ത്രനിർമാണത്തിലുമെല്ലാം നിലനിൽക്കുന്നുണ്ട്. ഇത് വലിയൊരു സാധ്യതയാണ്. കൂടുതൽ സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിച്ച് അതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയാണ് ഇനി ചെയ്യേണ്ടത്. ■

Startup Village

# സർക്കാരിന്റെയും വ്യവസായ ലോകത്തിന്റെയും പിന്തുണ പ്രധാനം



പ്രണവ്കുമാർ സുരേഷ്

യുവജനതയുടെ നൂതനമായ ആശയങ്ങളും സംരംഭകവീക്ഷണവും യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ടപ്പ് വില്ലേജിന്റെ അമ്പരപ്പിക്കുന്ന വിജയമാണ് കഴിഞ്ഞ രണ്ടര വർഷത്തോളമായി കേരളം കാണുന്നത്. ഇവിടെ രൂപപ്പെട്ട ഒട്ടേറെ സ്റ്റാർട്ടപ്പുകൾ വ്യവസായലോകത്ത് വളരെയധികം ചർച്ചചെയ്യപ്പെട്ടു. ചിലതെല്ലാം ആഗോളതലത്തിലും ശ്രദ്ധേയമായി. ചുരുങ്ങിയ കാലത്തെ അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ ഈ തൊഴിൽകേന്ദ്രത്തിന് കൂടുതൽ നേട്ടങ്ങൾ കൈവരിക്കേണ്ടതുമുണ്ട്. ഇതേക്കുറിച്ചെല്ലാം സ്റ്റാർട്ടപ്പ് വില്ലേജിന്റെ പുതിയ സി.ഇ.ഒയായി അടുത്തയിടെ ചുമതലയേറ്റ **പ്രണവ്കുമാർ സുരേഷ്** സംസാരിക്കുന്നു.

*സ്റ്റാർട്ടപ്പ് വില്ലേജിന്റെ പുതിയ ലക്ഷ്യങ്ങൾ*

പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഇത്തരമൊരു പദ്ധതി രാജ്യത്തുതന്നെ ആദ്യമാണ്. പരീക്ഷണാടിസ്ഥാനത്തിൽ ആയിരുന്നു തുടക്കമെങ്കിലും ഇന്നത് വൻവിജയമായി മാറിയിരിക്കുന്നു. ആറോ ഏഴോ വർഷങ്ങൾകൊണ്ട് കൈവരിക്കാൻ ആഗ്രഹിച്ച ലക്ഷ്യങ്ങളാണ് ഇതിനകം നേടിയിട്ടുള്ളത്. ഇവിടെ ഇൻകുബേറ്റ് ചെയ്തിട്ടുള്ള എല്ലാ കമ്പനികൾക്കും ആവശ്യമായ നിക്ഷേപം കണ്ടെത്തുക എന്നതാണ് അടുത്ത ലക്ഷ്യം. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇവിടുത്തെ ശ്രദ്ധേയമായ പല സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകരെ കിട്ടിയിട്ടുണ്ട്. എന്നാൽ, നൂതനമായ ആശയവുമായി രംഗത്തുള്ള എല്ലാ കമ്പനികൾക്കും നിക്ഷേപകരെ ലഭിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി, നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ടെക്നോളജിയുടെ എല്ലാ സാധ്യതകളും തേടാനുള്ള ഒരുക്കത്തിലാണ്. ഇതിന്റെ ഭാഗമായി വെബ്-മൊബൈൽ ആപ്ലിക്കേഷനുകളുടെ പുതിയൊരു പ്ലാറ്റ്ഫോം വൈകാതെ സജ്ജമാകും. ഒന്നുരണ്ട് മാസങ്ങൾക്കുള്ളിൽ ഇത് നടപ്പാകുന്നതോടെ ഇവിടുത്തെ എല്ലാ കമ്പനികൾക്കും നിക്ഷേപകരെ കിട്ടാനുള്ള സാധ്യത വർധിക്കും.

*കേരളത്തിലെ യുവസംരംഭകരെ സ്റ്റാർട്ടപ്പ് വില്ലേജ് ഏതുതരത്തിലാണ് സ്വാധീനിക്കുന്നത്?*

നമ്മുടെ നാട്ടിൽ യുവസംരംഭകർക്കും തുടക്കക്കാരുടെ കമ്പനികൾക്കും നിക്ഷേപകരെ കിട്ടുകയെന്നത് എളുപ്പമല്ല. അതുകൊണ്ടുതന്നെ അസാമാന്യമായ കഴിവുള്ള പലർക്കും എങ്ങുമെത്താൻ കഴിയാതെ പോവുകയും ചെയ്യുന്നു. നാടിന്റെ വികസനത്തിന് പര്യാപ്തമായേക്കാവുന്ന കണ്ടെത്തലുകളാണ് ഇത്തരത്തിൽ നമുക്ക് നഷ്ടമാകുന്നത്. എന്നാൽ സ്റ്റാർട്ടപ്പ് വില്ലേജ് വന്നതോടുകൂടി ഈ സ്ഥിതിക്ക് മാറ്റംവന്നു. നൂതനമായ ആശയവും സാങ്കേതികവൈദഗ്ധ്യവുമുള്ള ചെറുപ്പക്കാർക്കെല്ലാം ആത്മവിശ്വാസം ലഭിച്ചു. സ്വന്തം ആശയം യാഥാർത്ഥ്യമാക്കാനുള്ള ഒരു പ്ലാറ്റ്ഫോമാണ് സ്റ്റാർട്ടപ്പ് വില്ലേജിലൂടെ അവർക്ക് ലഭിക്കുന്നത്. ഒരു ആശയം പരാജയപ്പെട്ടാൽ തന്നെ അടുത്തതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ധൈര്യം കിട്ടുകയെന്നത് നിസാര കാര്യമല്ല. മൗലികമായ ആശയങ്ങൾ വിജയകരമാക്കാൻ സഹായകമായ വിധത്തിൽ പ്രായോഗികമായ ഗൈഡൻസും യുവസംരംഭകർക്ക് ഇവിടെനിന്നും ലഭിക്കുന്നു. ഇതോടൊപ്പം നിക്ഷേപം കൂടിയാകുന്നതോടെ അവർക്ക് എളുപ്പത്തിൽ വിജയിക്കാനാവും. ഒരേ ചിന്താഗതിയുള്ളവർ ഒത്തുചേരുകയും ചർച്ചനടത്തുകയും ചെയ്യുമ്പോഴുണ്ടാകുന്ന സൃഷ്ടിപരതയും വളരെ വലുതാണ്.

*സർക്കാരിന്റെയും വ്യവസായലോകത്തിന്റെയും പിന്തുണ ഏതുതരത്തിലാണ്?*

എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള പിന്തുണയാണ് സ്റ്റാർട്ടപ്പ് വില്ലേജിന് ലഭിക്കുന്നതെന്ന കാര്യത്തിൽ തർക്കമില്ല. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മറ്റു മന്ത്രിമാരുമെല്ലാം എല്ലാ പ്രോത്സാഹനവും നൽകുന്നു. സർക്കാരിന്റെ സഹകരണം ലഭിച്ചതുകൊണ്ട് മാത്രമാണ് രാജ്യത്ത് ആദ്യത്തെ പൊതുസ്വകാര്യപങ്കാളിത്തത്തോടെയുള്ള സ്റ്റാർട്ടപ്പ് വില്ലേജായി മാറാൻ ഇതിന് കഴിഞ്ഞത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ പിന്തുണ ലഭിക്കുന്നുണ്ട്. വ്യവസായലോകവും വിവിധ തലങ്ങളിൽ പരമാവധി പിന്തുണയ്ക്കുന്നു. ഇവിടുത്തെ ഒന്നിലധികം സ്റ്റാർട്ടപ്പുകളിൽ ഒരേസമയം നിക്ഷേപിച്ചവരുണ്ട് ഇതോടൊപ്പം ഈ മേഖലയിലെ പ്രമുഖർ നൽകുന്ന മാർഗനിർദ്ദേശവും ഏറെ ഗുണകരമാണ്.

*ഒരു യുവസംരംഭകന് എങ്ങനെ സ്റ്റാർട്ടപ്പ് വില്ലേജിലേക്ക് കടന്നുവരാം?*

പുതിയ ആശയമുള്ള ധാരാളം പേരുടെ അപേക്ഷകൾ ഇവിടെയെത്തുന്നുണ്ട്. ഇതിൽ ഇന്റർനെറ്റ്-ടെലികോം-ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട സംരംഭകരെ മാത്രമെ നമുക്ക് പിന്തുണയ്ക്കാൻ കഴിയുകയുള്ളൂ. ഇതിൽതന്നെ എല്ലാവരെയും ഇൻകുബേറ്റ് ചെയ്യാനാവില്ല. ഇവരുമായി നമ്മുടെ ഒരു വിദഗ്ധപാനൽ ആശയവിനിമയം നടത്തിയശേഷം തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വില്ലേജിൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നു. വേണ്ടത്ര സ്ഥലം ഇല്ലാത്തതുകൊണ്ട് മാത്രമാണ് എല്ലാവരെയും സപ്പോർട്ട് ചെയ്യാൻ കഴിയാത്തത്. അല്ലാതെ അവരുടെ ആശയം മോശമായതുകൊണ്ടല്ല. ഇവിടെത്തുന്ന പലരും ഈ മേഖലയിലുള്ള കൂടുതൽ പേരുമായി ചർച്ച നടത്തുമ്പോൾ ആദ്യത്തെ ആശയം ഉപേക്ഷിക്കുകയും മെച്ചപ്പെട്ട പുതിയ കണ്ടെത്തലുമായി മുന്നോട്ടുപോവുകയും ചെയ്യുകയാണ് പതിവ്. അതുകൊണ്ട് അപേക്ഷയിൽ പറയുന്ന ആശയംവച്ച് ആരെയും വിലയിരുത്താനാവില്ല. നിർമാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം പൂർത്തിയാവുന്നതനുസരിച്ച് കൂടുതൽ കമ്പനികൾക്ക് അവസരവും പിന്തുണയും നൽകാൻ വില്ലേജിന് കഴിയും. ഇവിടവുമായി ബന്ധപ്പെടുന്ന ഒരാളെ പോലും ഞങ്ങൾ നിരുത്സാഹപ്പെടുത്തില്ല. സ്റ്റാർട്ടപ്പ് വില്ലേജിന്റെ നയവും പ്രവർത്തനവും അങ്ങനെയാണ്. ■

# വിരൽ ചലിപ്പിച്ച് ഒരു യുവസംരംഭക വിജയം

സ്റ്റാർട്ടപ്പ് വില്ലേജിന്റെ ഇതുവരെയുള്ള പ്രവർത്തനത്തിൽ ഏറ്റവുമധികം ശ്രദ്ധേയമായ ഇന്നവേഷൻ കമ്പനികളിലൊന്നാണ് ആർ.എച്ച്.എൽ വിഷൻ. കമ്പ്യൂട്ടർ, ടി.വി, സ്മാർട്ട്ഫോൺ, കാറിലെ എഫ്.എം തുടങ്ങിയവയെല്ലാം എളുപ്പത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന 'ഫിൻ' എന്ന ഉപകരണമാണ് ഇവർ വികസിപ്പിച്ചെടുത്തത്. മോതിരം പോലെയുള്ള ഫിൻ ധരിക്കുന്ന കൈവിരലിന്റെ ചലനത്തിലൂടെ, കംപ്യൂട്ടറും ടി.വിയും ഫോണുമെല്ലാം എളുപ്പത്തിൽ നിയന്ത്രിക്കാൻ കഴിയുന്നു. ബ്ലൂടൂത്തിലൂടെയാണ് ഇതിന്റെ പ്രവർത്തനം. റിമോട്ട് കൺട്രോൾ പോലെയുള്ള മറ്റൊന്നിന്റെയും സഹായം ഇതിനാവശ്യമില്ല. ഏതാനും മാസങ്ങൾക്കു മുൻപ് വികസിപ്പിച്ചെടുത്ത ഉത്പന്നം വാണിജ്യാടിസ്ഥാനത്തിൽ കമ്പോളത്തിൽ എത്തിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.




രോഹിൽദേവ്

ചുരുങ്ങിയ കാലംകൊണ്ടുതന്നെ ആർ.എച്ച്.എൽ വിഷന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഉത്പന്നം ശ്രദ്ധേയമായതോടെ 65 ലക്ഷത്തോളം രൂപയുടെ ക്രൗഡ് ഫണ്ടിങ് നേടാൻ കമ്പനിക്ക് കഴിഞ്ഞു. ഇന്ത്യയിൽനിന്നും ഇത്രയധികം ക്രൗഡ് ഫണ്ടിങ് നേടുന്ന ആദ്യകമ്പനിയാണിത്. ഇൻഡിഗാഗോ എന്ന വെബ്സൈറ്റിലൂടെ ഇവർ നടത്തിയ പദ്ധതി വൻവിജയമായി മാറുകയായിരുന്നു. "ക്രൗഡ് ഫണ്ടിങ്ങിന്റെ സാധ്യതകൾ ഇന്ത്യയിലാരും കാര്യമായി ഉപയോഗിക്കുന്നില്ല. നമ്മുടെ ഉത്പന്നത്തോട് താൽപര്യമുള്ളവർ അഡ്വാൻസായി ഇതിൽ നിക്ഷേപമിറക്കുന്ന സംവിധാനമാണിത്. ഇനിയും ഈ രംഗത്ത് അനന്തമായ സാധ്യതകളുണ്ട്. സ്റ്റാർട്ടപ്പുകൾക്കായിരിക്കും ഇത് കൂടുതൽ പ്രയോജനപ്പെടുക" ആർ.എച്ച്.എൽ വിഷന്റെ സി.ഇ.ഒയും ഇരുപത്തിമൂന്നുകാരനുമായ മലപ്പുറം തിരൂർ സ്വദേശി രോഹിൽദേവ് പറയുന്നു.

കോയമ്പത്തൂരിലെ കംപ്യൂട്ടർ സയൻസ് പഠനത്തിനുശേഷമാണ് രോഹിൽദേവ് സ്റ്റാർട്ടപ്പ് വില്ലേജിലെത്തുന്നത്. തന്റെ ആശയങ്ങൾ യാഥാർഥ്യമാക്കാനുള്ള പശ്ചാത്തലസൗകര്യം ലഭിച്ചതോടെ രോഹിൽദേവും സുഹൃത്തുക്കളും ചേർന്ന് കണ്ടെത്തലിന്റെ പുതിയ വഴികൾ വെട്ടിത്തുറന്നു. ഒടുവിൽ, ഫിൻ വികസിപ്പിച്ചെടുത്തതിലൂടെ ആർ.എച്ച്.എൽ വിഷൻ ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമായി. ഇതേത്തുടർന്ന് സ്പെയിനിലെ ബാഴ്സലോണയിൽ കഴിഞ്ഞ ഫെബ്രുവരി 24 മുതൽ 27 വരെ നടന്ന ലോക മൊബൈൽ കോൺഗ്രസിൽ പങ്കെടുക്കാൻ രോഹിൽദേവിന് ക്ഷണം കിട്ടി. ഫേസ്ബുക്ക് സ്ഥാപകൻ മാർക്ക് സക്കർബർഗ്, ഐ.ബി.എമ്മിന്റെ സി.ഇ.ഒ വിർജിനീയ റോമറ്റി തുടങ്ങിയവർക്കൊപ്പം പ്രാസംഗികനായാണ് രോഹിൽദേവിനെയും ക്ഷണിച്ചത്. എന്നാൽ വിസയുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നങ്ങൾമൂലം രോഹിലിന് സമ്മേളനത്തിൽ പങ്കെടുക്കാനായില്ല. അത് യാഥാർഥ്യമായിരുന്നെങ്കിൽ ലോക മൊബൈൽ കോൺഗ്രസിൽ പ്രസംഗിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാകുമായിരുന്നു രോഹിൽദേവ്.

എങ്കിലും അടുത്തയിടെ സിഡ്നിയിൽ നടന്ന എ.ഡി.എം.എ സമ്മേളനത്തിൽ പങ്കെടുക്കാൻ രോഹിലിന് സാധിച്ചു. ഉത്പന്നം വിപണിയിൽ എത്തിയതിനുശേഷമുള്ള മാർക്കറ്റിങ് സാധ്യതകളാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള യുവസംരംഭകർക്കായി വിയന്നയിൽ സംഘടിപ്പിച്ച പയനിയേഴ്സ് ചലഞ്ചിലും ആർ.എച്ച്.എൽ വിഷൻ പങ്കെടുത്തു. മൈക്രോസോഫ്റ്റ്, ഇംപൾസ്, കൊണിക്കാ മിനോൾട്ട തുടങ്ങിയ അന്താരാഷ്ട്ര കമ്പനികളായിരുന്നു ഇതിന്റെ സ്പോൺസർമാർ. ഇവിടെയെല്ലാം ഇവരുടെ ഉത്പന്നം ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. "ആരോടെങ്കിലും സംസാരിക്കുമ്പോൾ കൈവിരലുകൾ വെറുതെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന രീതി എനിക്കുണ്ടായിരുന്നു. ഇതൊരു ടെക്നോളജിയാക്കി മാറ്റുന്നതിനെക്കുറിച്ച് പിന്നീടാണ് ആലോചിച്ചത്. അങ്ങനെയാണ് ഫിന്നിന്റെ കണ്ടെത്തൽ. ഇപ്പോഴിതിന് ഒന്നേകാൽ സെന്റിമീറ്ററോളം വലുപ്പമുണ്ട്. എന്നാൽ ഇനിയുമിത് വളരെയധികം ചെറുതാക്കാൻ സാധിക്കും" രോഹിൽദേവ് പറയുന്നു.

ഒരു സമ്മേളനത്തിൽവച്ച് സ്റ്റാർട്ടപ്പ് വില്ലേജിന്റെ സംഘാടകരെ പരിചയപ്പെട്ടതോടെയാണ് രോഹിൽദേവ് ഇവിടെയെത്തുന്നത്. സ്റ്റാർട്ടപ്പ് വില്ലേജിൽ കമ്പനി ഇൻകുബേറ്റ് ചെയ്യുമ്പോൾ ഫിൻ എന്ന ആശയം ഉണ്ടായിരുന്നില്ല. ആദ്യനാളുകളിൽ മറ്റു ചില കണ്ടെത്തലുകളാണ് നടത്തിയത്. പിന്നീട് ഫിൻ വികസിപ്പിച്ചെടുത്തു. ആഗോളതലത്തിൽ തന്നെ ഇത് ശ്രദ്ധേയമായി എന്നതിന്റെ തെളിവാണ് കമ്പനിക്ക് ലഭിച്ച വൻതുകയുടെ ക്രൗഡ് ഫണ്ടിങ്ങും ലോക മൊബൈൽ കോൺഗ്രസിലും മറ്റു സമ്മേളനങ്ങളിലും പങ്കെടുക്കാൻ ലഭിച്ച അവസരവും.

ഇവരുടെ കണ്ടെത്തൽ ശ്രദ്ധേയമായതോടെ കൊച്ചിയിൽ തന്നെയുള്ള കാക്കനാട് ഇൻഫോപാർക്കിൽ ആർ.എച്ച്.എൽ വിഷന് സർക്കാർ പ്രത്യേക പ്രവർത്തനസൗകര്യം ലഭ്യമാക്കി. ■

# ട്രാവൽ ഇന്നവേഷൻ സമ്മിറ്റിലേക്ക് സ്റ്റാർട്ടപ്പ് കമ്പനി

ആഗോളതലത്തിൽ ഇതുവരെയില്ലാത്ത പരീക്ഷണവുമായാണ് കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജിൽ ഇൻകുബേറ്റ് ചെയ്ത ഐട്രാവലർ എന്ന കമ്പനിയുടെ പ്രവർത്തനം. ഇവരുടെ നൂതനമായ ആശയം ഇപ്പോൾ ലോകടൂറിസം വ്യവസായത്തിൽ തന്നെ ശ്രദ്ധേയമാവുകയാണ്. ഇതിന്റെ ഭാഗമായി ലോസ് ആഞ്ചലസിൽ നടക്കാൻ പോകുന്ന പ്രശസ്തമായ ട്രാവൽ ഇന്നവേഷൻ സമ്മിറ്റിലേക്ക് ഐട്രാവലറെയും തെരഞ്ഞെടുത്തിട്ടുണ്ട്. ടൂറിസം വ്യവസായരംഗത്ത് ശ്രദ്ധേയമായ ആശയം വികസിപ്പിച്ചെടുത്ത, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മുപ്പത് ഇന്നവേറ്റർമാരും ഐട്രാവലറിനൊപ്പം ഉച്ചകോടിയിൽ പങ്കെടുക്കും. അടുത്ത നവംബർ 11 മുതൽ 13 വരെയാണ് ട്രാവൽ ഇന്നവേഷൻ സമ്മിറ്റ് നടക്കുക.






**ഐട്രാവലർ സ്ഥാപക സംരംഭകർ : ഷിജു രാധാകൃഷ്ണൻ, ചിത്ര പാരിജ, നിഷാന്ത്കുമാർ, സഞ്ജയ്കുമാർ**

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ വ്യവസായമേഖല ടൂറിസമാണ്. ആഗോളതലത്തിൽ മുതൽ പ്രാദേശികതലം വരെ പ്രവർത്തിക്കുന്ന അനേകായിരം ടൂർ ഓപ്പറേറ്റർമാരെ കേന്ദ്രീകരിച്ചാണ് ഈ വ്യവസായമേഖലയുടെ നിലനിൽപ്. എന്നാൽ ആരുടെയും സഹായമില്ലാതെ ഏതൊരു സഞ്ചാരിക്കും യാത്ര പ്ലാൻ ചെയ്യാനും പൂർത്തിയാക്കാനുമുള്ള സംവിധാനം ഐട്രാവലർ തയ്യാറാക്കിയിരിക്കുന്നു. ഓരോ മേഖലയിലെയും മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ, താമസസൗകര്യം, യാത്രാസംവിധാനം തുടങ്ങിയവയെ കുറിച്ചെല്ലാമുള്ള വിവരങ്ങൾ തങ്ങളുടെ ഓൺലൈനിലൂടെ ഐട്രാവലർ ലഭ്യമാക്കും. യാത്രയ്ക്കും താമസത്തിനും വേണ്ടിവരുന്ന ബുക്കിംഗ് നടത്താനുള്ള സൗകര്യങ്ങളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. അതുകൊണ്ടുതന്നെ സഞ്ചാരികൾക്ക് സ്വയം യാത്ര പ്ലാൻ ചെയ്യാനും പൂർത്തിയാക്കാനും കഴിയുന്നു.

ഷിജു രാധാകൃഷ്ണൻ, ചിത്ര പാരിജ, നിഷാന്ത്കുമാർ, സഞ്ജയ്കുമാർ എന്നിവർ ചേർന്നാണ് ഐട്രാവലർ സ്ഥാപിച്ചത്. ഇവരുടെ നൂതനമായ ആശയം ശ്രദ്ധേയമായതോടെ ഒന്നര കോടിരൂപയുടെ ഏയ്ഞ്ചൽ ഫണ്ട് നൽകാനും ഇൻവെസ്റ്റർമാർ തയ്യാറായി. ഇപ്പോൾ രണ്ടര ദശലക്ഷം ഡോളറിന്റെ (15കോടിയോളം രൂപ) ഇക്വിറ്റി ഫണ്ട് സമാഹരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. അടുത്ത മൂന്നുവർഷം കൊണ്ട് ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് പദ്ധതി.

"മൂന്ന് ഘട്ടങ്ങളിലായി നടന്ന അഭിമുഖങ്ങൾക്കുശേഷമാണ് ട്രാവൽ ഇന്നവേഷൻ സമ്മിറ്റിലേക്ക് ഐട്രാവലർ തെരഞ്ഞെടുക്കപ്പെട്ടത്. ലോകടൂറിസം വ്യവസായത്തെ മാറ്റിമറിക്കാൻ കഴിയുന്ന നൂതനമായ ആശയങ്ങളും ആപ്ലിക്കേഷനുകളും സാങ്കേതികവിദ്യകളും ഞങ്ങൾക്കവിടെ അവതരിപ്പിക്കാൻ കഴിയും. സഞ്ചാരികൾക്ക് ആവശ്യമായതെല്ലാം ഏകീകരിച്ച് ലഭ്യമാക്കുന്ന ഇത്തരമൊരു ഓൺലൈൻ പ്ലാറ്റ്ഫോം ഇപ്പോൾ ലോകത്തൊരിടത്തുമില്ല", കൊച്ചി കാക്കനാട് സ്വദേശിയും കമ്പനിയുടെ സി.ഇ.ഒ.യുമായ ഷിജു രാധാകൃഷ്ണൻ പറയുന്നു. പുതിയ ആശയവും ആപ്ലിക്കേഷനുകളും സാങ്കേതികസംവിധാനവും അവതരിപ്പിക്കുന്നതിനൊപ്പം കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനും ഫണ്ട് നേടുന്നതിനും ഉച്ചകോടിയിലൂടെ ഐട്രാവലറിന് കഴിയും.

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ലോകമിന്ന് ഒരു വിരൽത്തുമ്പോളം ചുരുങ്ങുമ്പോൾ എല്ലാ മേഖലയിലും അത്യാധുനികസംവിധാനങ്ങൾ പ്രാവർത്തികമാക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾക്കും ടൂറിസം മേഖലയ്ക്കും ആവശ്യമായതെല്ലാം ഒരു കുടക്കീഴിൽ സമന്വയിപ്പിക്കാനുള്ള ഐട്രാവലറിന്റെ ശ്രമം ആരംഭിച്ചത് ഇത്തരമൊരു പശ്ചാത്തലത്തിലാണ്. അങ്ങനെ ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾക്ക് എപ്പോൾ വേണമെങ്കിലും ആശ്രയിക്കാവുന്ന ഒരു പ്ലാറ്റ്ഫോമായി ഐട്രാവലർ മാറുന്നു. ഇതുവഴി ടൂറിസ്റ്റുകളുടെ സാമ്പത്തികചെലവിലും വൻതോതിലുള്ള കുറവുണ്ടാകും. ചെലവുകുറയുമ്പോഴുണ്ടാകുന്ന നേട്ടം വിനോദസഞ്ചാര വ്യവസായത്തിന് ലഭ്യമാവുകയും ചെയ്യും. ലക്ഷക്കണക്കിന് കോടികൾ കൊയ്യുന്ന ഇടനിലക്കാർക്ക് മാത്രമെ ഇതുമൂലം നഷ്ടമുണ്ടാവുകയുള്ളൂ. ■

# ബൈക്കുകൾക്ക് ആട്ടോമാറ്റിക്ക് ഗിയർ ചേഞ്ചിങ് സംവിധാനം

ലോകമെമ്പാടുമുള്ള ബൈക്കുകളുടെ ഉത്പാദനത്തിലും വിപണനത്തിലും വിനിയോഗത്തിലുമെല്ലാം വൻമാറ്റങ്ങൾക്ക് വഴി വെച്ചേക്കാവുന്ന കണ്ടെത്തലുമായി എത്തുന്ന കമ്പനിയാണ് കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജിൽ ഇൻകുബേറ്റ് ചെയ്തിട്ടുള്ള ബിസ്കോ ലാബ്സ്. കാലടി കൊറ്റമം സ്വദേശിയും അങ്കമാലി ഫിസാറ്റിലെ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥിയുമായ ആൽഫ്രഡ് ജോൺസൺ മാനേജിംഗ് ഡയറക്ടറും, കുസാറ്റിൽനിന്ന് കംപ്യൂട്ടർ സയൻസ് പഠിച്ചിറങ്ങിയ തൃശ്ശൂർ കൈപ്പമംഗലം സ്വദേശി വിവേക് മോഹൻ സി.ഇ.ഒയുമായ കമ്പനിയിൽ പത്തുപേരാണുള്ളത്. ടീമംഗങ്ങളിൽ വിദ്യാർഥികളുമുണ്ട്. രണ്ടുവർഷം മുൻപുനടന്ന എമർജിങ് കേരളയിൽ ആൽഫ്രഡും വിവേകും കണ്ടുമുട്ടിയതോടെ പുതിയ ടീമിന് തുടക്കമാവുകയായിരുന്നു. ഒന്നര വർഷം മുൻപ് ഇവരുടെ കമ്പനി സ്റ്റാർട്ടപ്പ് വില്ലേജിൽ ഇൻകുബേറ്റ് ചെയ്തുവെങ്കിലും സജീവമായിട്ട് ആറുമാസമേ ആയിട്ടുള്ളൂ.

ബൈക്കുകളിലും ആട്ടോമാറ്റിക് ഗിയർ ചേഞ്ചിങ് സാധ്യമാക്കുന്ന ഐ.ജി.ടി (ഇന്റലിജന്റ് ഗിയർ ട്രാൻസ്മിഷൻ സിസ്റ്റം) എന്ന ഉത്പന്നമാണ് ബിസ്കോ ലാബ്സ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി



ബിസ്കോ ലാബ്സ് സംഘാംഗങ്ങൾ

ഡോ. ഋതേഷ് മാലികിന്റെ നേതൃത്വത്തിലുള്ള ഗൊറില്ല വെഞ്ചേഴ്സിൽനിന്നും ഇവർക്ക് ഒൻപതുലക്ഷം രൂപയുടെ ഫണ്ടും ലഭിച്ചുകഴിഞ്ഞു. ഇതോടൊപ്പം പേറ്റന്റ് കൂടി ലഭിച്ചതോടെ വാണിജ്യാടിസ്ഥാനത്തിൽ ഐ.ജി.ടി ഉത്പാദിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ബിസ്കോ ലാബ്സ്. പേറ്റന്റ് കിട്ടിയ പശ്ചാത്തലത്തിൽ കൂടുതൽ ഫണ്ട് നേടുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നു.

ആൽഫ്രഡും വിവേകും നേരത്തെ സ്വന്തംനിലയിൽ ചില കണ്ടെത്തലുകൾ നടത്തിയിരുന്നുവെങ്കിലും ഇരുവരും ഒന്നിച്ചതോടെയാണ് ഐ.ജി.ടി വികസിപ്പിച്ചെടുക്കാനുള്ള ശ്രമം തുടങ്ങിയത്. ഇതോടൊപ്പം സ്റ്റാർട്ടപ്പ് വില്ലേജിലെ ഇക്കോസിസ്റ്റം കൂടിയായതോടെ ഇത് യാഥാർഥ്യമായി. “മെക്കാനിക്കൽ എൻജിനീയറിങ്ങാണ് എന്റെ മേഖല. വിവേകിന്റേത് കമ്പ്യൂട്ടർ സയൻസും. ഞങ്ങൾ രണ്ടുപേരുടെയും അറിവും വീക്ഷണവും ഒരുമിച്ചുചേർന്നതാണ് ഐ.ജി.ടിയുടെ കണ്ടെത്തലിനുള്ള പശ്ചാത്തലം”, ആൽഫ്രഡ് ജോൺസൺ പറയുന്നു.

നമ്മുടെ ബൈക്ക് നിർമാതാക്കൾ സാധാരണക്കാർക്കും പ്രാപ്യമാവുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഗിയർ സിസ്റ്റത്തെക്കുറിച്ച് ഇതുവരെയും ആലോചിച്ചിട്ടില്ല. അഥവാ ആലോചിച്ചാൽ തന്നെ പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. പൂർണമായും ആട്ടോമാറ്റിക്കായ ചില ബൈക്കുകൾ നിരത്തിലുണ്ടെങ്കിലും അവയുടെ വില ആറും ഏഴും ലക്ഷമാണ്. അതുകൊണ്ടുതന്നെ 30,000 മുതൽ ഒരുലക്ഷം രൂപവരെ നൽകി ബൈക്കുവാങ്ങുന്ന 99 ശതമാനം പേർക്കും ആട്ടോമാറ്റിക് ഗിയറുകളുടെ യാത്രാസുഖം ലഭിക്കുന്നില്ല. ഇവിടെയാണ് ബിസ്കോ ലാബ്സിന്റെയും ഐ.ജി.ടിയുടെയും പ്രസക്തി. ഇപ്പോൾ നിരത്തിലുള്ള എല്ലാ ബൈക്കുകളും 3000 മുതൽ 5000 രൂപവരെ ചെലവഴിച്ചാൽ ഐ.ജി.ടിയിലൂടെ ആട്ടോമാറ്റിക്കാക്കി മാറ്റാം.

ബൈക്കുകളുടെ ഗിയർബോക്സിനോട് ചേർന്നാണ് ഐ.ജി.ടി ഘടിപ്പിക്കുന്നത്. സെർവോ മോട്ടോറും ഹാർഡ്വെയറുമെല്ലാം ചേർന്ന ഐ.ജി.ടി, ബൈക്കിന്റെ സ്പീഡോമീറ്ററും ഗിയർബോക്സും ഗിയർപെഡലുമായി ബന്ധിപ്പിക്കുന്നു. അതുകഴിഞ്ഞാൽ വാഹനത്തിന്റെ വേഗത കൂടുകയും കുറയുകയും ചെയ്യുന്നതനുസരിച്ച് ആട്ടോമാറ്റിക്കായുള്ള ഗിയർമാറ്റവും നടക്കും. ക്ലച്ച് പ്രവർത്തിപ്പിക്കുക മാത്രമാണ് യാത്രക്കാരൻ ചെയ്യേണ്ടത്. “ഇത്തരത്തിൽ ഗിയർചേഞ്ചിങ് നടക്കുന്നത് യാത്രക്കാർക്ക് കൂടുതൽ സുരക്ഷിതവും സൗകര്യപ്രദവുമാണ്. ഇതിനകം രണ്ടു ബൈക്കുകളിൽ ഘടിപ്പിച്ചിട്ടുള്ള ഐ.ജി.ടിയുടെ 20,000 കിലോമീറ്റർ ടെസ്റ്റ് ഡ്രൈവും പൂർത്തിയായിക്കഴിഞ്ഞു. ഈ സംവിധാനം ഉപയോഗിക്കുന്നതുകൊണ്ട് ബൈക്കിന്റെ മൈലേജ് കുറയുകയില്ലെന്നതാണ് മറ്റൊരു സവിശേഷത” കമ്പനി സി.ഇ.ഒ വിവേക് മോഹൻ പറയുന്നു.

ഐ.ജി.ടി ഘടിപ്പിക്കുന്ന ഇരുചക്രവാഹനങ്ങൾ മാനുവലായും ആട്ടോമാറ്റിക്കായും ഉപയോഗിക്കാമെന്ന സൗകര്യവുമുണ്ട്. ഇതിനായി പ്രത്യേക സ്വിച്ചുകളും രൂപപ്പെടുത്തിയിരിക്കുന്നു. പേറ്റന്റ് ലഭിച്ച പശ്ചാത്തലത്തിൽ കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജിൽ പിറവിയെടുത്ത ഐ.ജി.ടി എന്ന ഇന്റലിജന്റ് ഗിയർ ട്രാൻസ്മിഷൻ സിസ്റ്റം ഏറെവൈകാതെ വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറങ്ങിതുടങ്ങും. ■

Startup Village

# ചെറുകാറ്റിൽപ്പോലും വൈദ്യുതിയുണ്ടാക്കാം



അൻസിഫ് മുഹമ്മദ്



വർഗീസുകുട്ടി ജോസഫും

ഒന്നേമുക്കൽ വർഷം മുൻപാണ് എറണാകുളം കോലഞ്ചേരി സ്വദേശിയായ വർഗീസുകുട്ടി ജോസഫും വയനാട് സ്വദേശിയായ അൻസിഫ് മുഹമ്മദും സ്റ്റാർട്ടപ്പ് വില്ലേജിൽ എത്തുന്നത്. നോർത്ത് പറവൂർ മാതാ കോളേജ് ഓഫ് ടെക്നോളജിയിൽ അവസാന വർഷ എൻജിനീയറിങ്ങിന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പുതിയ സംരംഭകസാധ്യത തേടി ഇവർ ഇവിടെയെത്തുകയായിരുന്നു. ആൻവിൻ റേറ്റർ എന്ന ഊർജോത്പാദന ഉപകരണം വികസിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമമാണ് ഇവരിപ്പോൾ നടത്തുന്നത്. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി സംസ്ഥാന വൈദ്യുതി ബോർഡ് 75,000 രൂപയുടെ ഫണ്ട് നൽകുകയും ചെയ്തു. ഇവരുടെ ഉടമസ്ഥതയിലുള്ള ലാബ് ഫാക്ടറി വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി നടത്തുന്ന ശ്രമങ്ങൾ വിജയകരമായാൽ ഊർജോത്പാദന-വിനിയോഗമേഖലകളിൽ വൻമാറ്റത്തിന് വഴിവെച്ചേക്കാവുന്ന കണ്ടെത്തലായി മാറിയേക്കാം.

ബദൽ ഊർജോത്പാദന മാതൃകകൾ ലോകം കൂടുതലായി ആശ്രയിക്കുന്നിടത്താണ് ലാബ് ഫാക്ടറി വെഞ്ചേഴ്സിന്റെ ആൻവിൻ റേറ്ററിന്റെ പ്രസക്തി. ചെറിയ കാറ്റിൽ നിന്നുപോലും വൈദ്യുതോത്പാദനം സാധ്യമാകുന്ന ഉത്പന്നമാണിത്. അതുകൊണ്ടുതന്നെ ആൻവിൻ റേറ്റർ സ്ഥാപിച്ചാൽ ഫ്ളാറ്റുകളിലും വീടുകളിലും പോലും ഇത്തരത്തിലുള്ള വൈദ്യുതോപാദനം സാധ്യമാകും. എയർകണ്ടീഷണറുകളുടെ കാറ്റിൽപോലും പ്രവർത്തിക്കുന്ന ഉപകരണമാണിത്. "2009-ൽ ഒരു ചൈനീസ് പ്രൊഫസർ എഴുതിയ ലേഖനമാണ് ഞങ്ങളുടെ ശ്രമങ്ങൾക്ക് അടിസ്ഥാനം. ഒരു ഇന്റർനാഷണൽ മാഗസിനിൽ പ്രസിദ്ധീകരിക്കപ്പെട്ട ആ ലേഖനം വായിച്ചതോടെ ഞങ്ങൾ ഈ രംഗത്തെ വലിയ സാധ്യതകൾ തിരിച്ചറിയുകയായിരുന്നു. ഇപ്പോഴത് യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു" ലാബ് ഫാക്ടറി വെഞ്ചേഴ്സ് ഡയറക്ടർ വർഗീസുകുട്ടി ജോസഫ് പറയുന്നു.

സംഗീതകസറ്റുകളിലും മറ്റും കാണുന്ന വള്ളികളോട് സമാനമായ റിബണുകളാണ് ആൻവിൻ റേറ്ററിൽ വൈദ്യുതോത്പാദനത്തിനായി ഉപയോഗിക്കുന്നത്. ഇതിൽ മാഗ്നെറ്റ് അറ്റാച്ച് ചെയ്തിട്ടുണ്ടാവും. ഇതോടൊപ്പം പവർഫുൾ കോയിലും കണക്ട് ചെയ്യുന്നു. ഇവയെല്ലാം ഉൾപ്പെട്ട ഉപകരണം ചെറിയ കാറ്റ് കിട്ടുന്നിടത്തുവച്ചാൽ അതിനുള്ളിലെ റിബൺ വൈബ്രേറ്റ് ചെയ്തുകൊണ്ടേയിരിക്കും. ഈ ചലനമാണ് വൈദ്യുതോർജമായി സംഭരിക്കപ്പെടുന്നത്. ആൻവിൻ റേറ്ററിൽ ഉപയോഗിക്കുന്നത് സാധാരണരീതിയിലുള്ള ഇൻവെർട്ടറുകൾ തന്നെയാണ്.

മൂന്നുമാസത്തിനുള്ളിൽ ഇതിന്റെ നിർമാണം പൂർത്തിയാക്കാമെന്നാണ് കെ.എസ്.ഇ.ബിയെ അറിയിച്ചിരിക്കുന്നത്. ഇത് വിജയകരമായാൽ ഘട്ടംഘട്ടമായി വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിലേക്ക് കടക്കാം. അങ്ങനെ വരുമ്പോൾ കെ.എസ്.ഇ.ബിയുമായി കൂടുതൽ ചർച്ചകൾ നടത്തേണ്ടിവരും. "നമ്മുടെ നാട്ടിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാൻ കോടിക്കണക്കിന് രൂപയാണ് ചെലവ്. ഇത്രയും തുക മുതൽമുടക്കി പദ്ധതി ആരംഭിച്ചാലും അതിൽ നിന്നും ലാഭം ലഭിച്ചുതുടങ്ങണമെങ്കിൽ കാലം കഴിഞ്ഞേക്കാം. അതുകൊണ്ടാണ് കേരളം പോലെയുള്ള സ്ഥലങ്ങളിൽ അധികം സംരംഭകർ ഈ രംഗത്തേക്ക് എത്താത്തത്. എന്നാൽ അതിനെ അപേക്ഷിച്ച് വളരെയധികം ചെലവുകുറഞ്ഞ ആൻവിൻ റേറ്ററുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ പ്രാദേശികതലത്തിൽ അനേകം ഊർജോത്പാദനകേന്ദ്രങ്ങൾ ഉണ്ടാവും", വർഗീസുകുട്ടി തന്റെ പ്രതീക്ഷ മറച്ചുവെക്കുന്നില്ല.

പശ്ചിമഘട്ടവും കടൽ-കായൽത്തീരങ്ങളും ഇടനാടുമെല്ലാമുള്ള കേരളത്തിൽ തങ്ങളുടെ ഉത്പന്നത്തിന് അനുകൂല അന്തരീക്ഷമായിരിക്കുമെന്നാണ് വർഗീസുകുട്ടിയുടെയും അൻസിഫിന്റെയും വിശ്വാസം. കായൽത്തീരങ്ങളിലും പുഴയോരങ്ങളിലുമെല്ലാം മറ്റൊരിടത്തും ഇല്ലാത്തതുപോലെയാണ് ഫ്ളാറ്റുകൾ നിലനിൽക്കുന്നതും പുതുതായി നിർമിക്കപ്പെടുന്നതും. ശാന്തമായ കാറ്റുവീശുന്ന ഇത്തരം ഫ്ളാറ്റുകളിലെല്ലാം ആൻവിൻ റേറ്ററുകൾ സ്ഥാപിക്കാവുന്നതാണ്. വിപുലമായ തോതിലുള്ള ഉത്പാദനം നടക്കുമ്പോൾ ഒരു കിലോവാട്ടിന് 42,000 മുതൽ 45,000 രൂപ വരെയാകുമെന്ന് കണക്കാക്കപ്പെടുന്നു. ഫ്ളാറ്റുകൾക്കും പാർപ്പിടസമുച്ചയങ്ങൾക്കുമെല്ലാം ഇത്തരത്തിൽ പ്രകൃതിസൗഹൃദമായ രീതിയിലുള്ള വൈദ്യുതോത്പാദനം നടത്താവുന്നതാണ്. ■

# ഓൺലൈനായി കാർഷികോത്പന്ന വില്പന

വാഹനങ്ങൾ, കംപ്യൂട്ടർ, ടെലിവിഷൻ, മൊബൈൽ, വസ്ത്രങ്ങൾ തുടങ്ങി കളിപ്പാട്ടം വരെയുള്ള ഏതൊരു ഉത്പന്നത്തിനും കമ്പോളത്തിൽ വില നിശ്ചയിക്കുന്നത് ഉത്പാദകനാണ്. ഉപഭോക്താക്കൾ അതിന്റെ വില ചോദിച്ചറിഞ്ഞ ശേഷം താൽപര്യമുണ്ടെങ്കിൽ വാങ്ങുന്നു. അതുകൊണ്ടുതന്നെ ഉത്പാദനച്ചെലവിന് ആനുപാതികമായി ഉത്പന്നത്തിന് ലാഭകരമായ വില നിശ്ചയിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ കാർഷികമേഖലയിൽ സ്ഥിതി വ്യത്യസ്തമാണ്. നെല്ല്, ഗോതമ്പ്, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനം, തോട്ടവിളകൾ തുടങ്ങി



**പോൾ മാത്യുവും കൂട്ടുകാരും**

എന്തുതന്നെയായാലും ഉത്പാദകനായ കർഷകന് അവയുടെ വില നിശ്ചയിക്കാനുള്ള അവകാശമില്ല. ഇവിടെ കാർഷികോത്പന്നങ്ങളുടെ കമ്പോളവില ചോദിച്ചറിഞ്ഞ ശേഷം അവ വിറ്റഴിക്കാൻ കർഷകൻ നിർബന്ധിതനാകുന്നു. ഇതുമൂലം ഉത്പാദനച്ചെലവിന് ആനുപാതികമായ വിലനിർണയം സാധ്യമാവുന്നില്ല. സ്വാഭാവികമായും പലപ്പോഴും കൃഷി നഷ്ടത്തിലാവുകയും ഉത്പാദകൻ ആത്മഹത്യ ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യുന്നു.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാണ് സ്റ്റാർട്ടപ്പ് വില്ലേജിൽ ഇൻകുബേറ്റ് ചെയ്തിരിക്കുന്ന പ്യുസന്റ് ഇൻഫോ സൊലുഷൻ എന്ന കമ്പനിയുടെ ശ്രമം. ഉത്പാദകനും ഉപഭോക്താവിനുമിടയിൽ നിലനിൽക്കുന്ന അകലം കുറച്ചുകൊണ്ട് വിപണിയുടെ പുതിയൊരു പ്ലാറ്റ്ഫോം രൂപപ്പെടുത്തിയെടുക്കാൻ ഇവർ ലക്ഷ്യമിടുന്നു. ഇതിൽതന്നെ പ്രാധാന്യം നൽകുന്നത് ജൈവോത്പന്നങ്ങൾക്കാവും. അങ്കമാലി ഫിസാറ്റ് എൻജിനീയറിങ് കോളേജിൽനിന്ന് പഠിച്ചിറങ്ങിയ പോൾമാത്യുവും ഹേമ മോഹനും കമ്പനിക്ക് നേതൃത്വം നൽകുന്നു. ഒന്നര വർഷം മുൻപ് സ്റ്റാർട്ടപ്പ് വില്ലേജിലെത്തിയ ടീമിൽ മറ്റു നാലുപേർ കൂടിയുണ്ട്.

വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും മറ്റും ഉത്പാദകനെയും ഉപഭോക്താവിനെയും കൂട്ടിയോജിപ്പിക്കുന്ന പദ്ധതിയാണ് പ്യൂസന്റ് ഇൻഫോ സൊലൂഷന്റേത്. ഇതിന്റെ ഭാഗമായി നമ്മുടെ വിവിധതരം ഉത്പന്നങ്ങൾ എവിടെ ലഭിക്കും എന്നതിനെക്കുറിച്ച് വിവരശേഖരണം നടത്തുകയും, അത് വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സമൂഹത്തെ അറിയിക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ ഈ പ്ലാറ്റ്ഫോമിലെത്തുന്ന ഉപഭോക്താവിന് ഉത്പാദകനുമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കും. അതോടെ വിപണി കൂടുതൽ സുതാര്യമാവും. ഇത് പ്രാദേശികമാകുന്നതോടെ ലക്ഷക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുകയും ചെയ്യും.

കുടുംബശ്രീയെയും മറ്റു എൻ.ജി.ഒകളെയുമെല്ലാം സഹകരിപ്പിച്ചുകൊണ്ട് പദ്ധതി യാഥാർഥ്യമാക്കാനാണ് പ്യൂസന്റ് ഇൻഫോ സൊലൂഷന്റെ ശ്രമം. "നമ്മുടെ കാർഷികോത്പന്നമേഖലയിൽ ഇപ്പോഴുള്ള വിപണിവിലയുടെ പകുതിയോളവും ഇടനിലക്കാരാണ് ഈടാക്കുന്നത്. ഇതൊഴിവാക്കി ഉത്പാദകനെയും ഉപഭോക്താവിനെയും നേരിട്ടു ബന്ധപ്പെടുത്താനായാൽ ഇരുകൂട്ടർക്കും ഒരുപോലെ ലാഭകരമാകും. മാത്രവുമല്ല ഗുണമേന്മയേറിയ ഉത്പന്നം വാങ്ങുകയും ചെയ്യാം. ഈ പ്ലാറ്റ്ഫോമിലെത്തുന്ന ഉപഭോക്താവിന് ഉത്പാദകനെ കണ്ടെത്താനും നേരിട്ടു സമീപിക്കാനും എളുപ്പമാണ്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും സജീവമായ കുടുംബശ്രീ കൂട്ടായ്മകളെ സഹകരിപ്പിക്കുന്നതിലൂടെ പ്രാദേശികതലത്തിൽപോലും ഇത് സാധ്യമാകും" കമ്പനിയുടെ സി.ഇ.ഒ. ഹേമ മോഹൻ പറയുന്നു.

ഇന്നിപ്പോൾ കമ്പോളത്തിൽ ഒരു തേങ്ങക്ക് 25 രൂപവരെ വിലയുള്ളപ്പോൾ കർഷകന് കിട്ടുന്നത് പത്തോ പന്ത്രണ്ടോ രൂപയാണ്. ബാക്കി മുഴുവനും ഇടനിലക്കാരുടെ കൈകളിലെത്തുന്നു. പ്യൂസന്റ് ഇൻഫോ സൊലൂഷൻ രൂപപ്പെടുത്തിയെടുക്കുന്ന പ്ലാറ്റ്ഫോമിനെ ആശ്രയിക്കുന്ന ഉപഭോക്താവിന് നേരിട്ട് കർഷകനെ സമീപിക്കാം. "അമേരിക്കയിൽ ഇത്തരം പ്ലാറ്റ്ഫോമിലൂടെ 200 കോടി ഡോളറിന്റെ ബിസിനസാണ് നടക്കുന്നത്. എന്നാൽ ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരായിട്ടുള്ള ഇന്ത്യയിൽ ഇത്തരം പ്ലാറ്റ്ഫോമുകൾ ഇനിയും വികസിച്ചുവന്നിട്ടില്ല. ഇതിനൊരു പരിഹാരം കാണുകയാണ് ഞങ്ങളുടെ ലക്ഷ്യം" കമ്പനിയുടെ സി.ഒ.ഒ. പോൾ മാത്യു പറയുന്നു.

ഫ്ളിപ്പ്കാർട്ട് പോലെയുള്ള ബിസിനസ് ഓൺലൈനുകൾ ചുരുങ്ങിയ കാലംകൊണ്ട് വൻവിജയം നേടിക്കഴിഞ്ഞു. ഇവയിലൂടെ ഓരോവർഷവും അനേകം കോടികളുടെ വ്യാപാരം നടക്കുന്നുണ്ട്. പക്ഷെ ഇത്തരം ഓൺലൈനുകളൊന്നും കാർഷികോത്പന്നങ്ങൾ സംഭരിക്കുകയോ ഉപഭോക്താവിന് എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഇതും സാധ്യമാക്കാമെന്നാണ് പ്യൂസന്റ് ഇൻഫോ സൊലൂഷന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ പറയുന്നത്. അതിനുള്ള ശ്രമങ്ങളുമായി അവർ മുന്നോട്ടുപോവുകയും ചെയ്യുന്നു. ■

കവർസ്റ്റോറി

■ ടി.സി. ചന്ദ്രഹാസൻ



# പ്രത്യാശയുടെ ദീപശിഖയുയർത്തി യുവസംരംഭക സംഗമം

യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ഐ.ടിയ്ക്ക് പുറമെ ആറ് മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. കൃഷി, വിനോദസഞ്ചാരം, ബിസിനസ് ഇന്നവേഷൻ, ലൈഫ് സയൻസ് ആൻഡ് ഹെൽത്ത് കെയർ, ഇലക്ട്രോണിക്സ്, മാനുഫാക്ചർ എന്നീ മേഖലകളിലും യുവസംരംഭകർക്ക് സർക്കാരിന്റെ ധനസഹായം അടക്കമുള്ള പിന്തുണ ലഭിക്കും. സംസ്ഥാന ബജറ്റിന്റെ ഒരു ശതമാനം തുകയാണ് പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നത്.

സംസ്ഥാന വ്യവസായ വകുപ്പ് അങ്കമാലിയിൽ സംഘടിപ്പിച്ച യുവസംരംഭക സംഗമത്തിന്റെ സമാപനസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയരൂപീകരണത്തിന് മുന്നോടിയായി സർക്കാർ നിയോഗിച്ച കമ്മിറ്റി 27 നിർദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പ് ആൻഡ് ഇന്നവേഷൻ പോളിസി ഉടനെ പ്രഖ്യാപിക്കും. വിദ്യാർഥികളായ സംരംഭകർക്ക് 20 ശതമാനം ഹാജറും നാല് ശതമാനം ബോണസ് മാർക്കും നൽകുന്നതിനുള്ള തീരുമാനത്തിലെ അവ്യക്ത



യുവസംരംഭക സംഗമത്തിൽ നടി റീമ കല്ലിങ്കൽ, ശ്രീലക്ഷ്മി എന്നിവർ ചേർന്ന് ദീപനാളം തെളിയിക്കുന്നു.



യുവ സംരംഭക സംഗമത്തിന്റെ സമാപനസമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.

തകൾ പരിഹരിക്കുന്നതിന് വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചു ചേർത്ത് നടപടിക്രമത്തിന് അന്തിമരൂപം നൽകും. യുവ സംരംഭകർക്കായി എല്ലാ സൗകര്യങ്ങളോടും കൂടിയ ലിവ്, വർക്ക്, പ്ലേ ക്യാമ്പസ് അഞ്ചു ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടം നിലനിർത്താൻ സാമ്പത്തികരംഗത്തും മുന്നേറ്റമുണ്ടാകണം. അടിസ്ഥാന സൗകര്യങ്ങളിലും പ്രതിശീർഷ വരുമാനത്തിലും തൊഴിലവസരങ്ങളിലും വർധനയുണ്ടാകേണ്ടത് അനിവാര്യമാണ്. ഇതിന് തുടക്കമായാണ് രണ്ടു വർഷം മുമ്പ് എമർജിങ് കേരള സംഘടിപ്പിച്ചത്. എമർജിങ് കേരളയുടെ തുടർച്ചയായി പത്തു വർഷം കൊണ്ട് ആയിരം സ്റ്റാർട്ടപ്പ് കമ്പനികളാണ് വിഭാവനം ചെയ്തത്. എന്നാൽ രണ്ടു വർഷത്തിനകം 777 കമ്പനികളാണ് രൂപം കൊണ്ടത്. ഇതിൽ 266 കമ്പനികൾ വിദ്യാർഥികളുടേതാണ്. 4897 അപേക്ഷകൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്വന്തം മണ്ണിൽ വിജയിക്കണമെന്ന് ഇച്ഛാശക്തി പുലർത്തുന്ന യുവതീ യുവാക്കളെ ധനസഹായമടക്കം നൽകി സഹായിക്കാൻ സർക്കാർ സന്നദ്ധമാണ്. സംസ്ഥാന ബജറ്റിന്റെ ഒരു ശതമാനം പുതിയ സംരംഭകർക്കായി മാറ്റി വച്ച ഇന്ത്യയിലെ ആദ്യ

**സംസ്ഥാന ബജറ്റിന്റെ ഒരു ശതമാനം പുതിയ സംരംഭകർക്കായി മാറ്റി വച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം**

ത്തെ സംസ്ഥാനമാണ് കേരളമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

വ്യവസായ - ഐ.ടി വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അധ്യക്ഷത വഹിച്ചു. ധനവകുപ്പ് മന്ത്രി കെ.എം. മാണി മുഖ്യപ്രഭാഷണം നടത്തി. കെ.എസ്.ഐ.ഡി.സി ചെയർമാൻ ടി.കെ.എ. നായർ, എം.കെ ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി, ബ്രിട്ടീഷ് ഡപ്യൂട്ടി ഹൈക്കമ്മിഷണർ ഭരത് ജോഷി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുമായ അരുണ സുന്ദരരാജൻ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സത്യജിത് രാജൻ എന്നിവർ പ്രസംഗിച്ചു.

വനിതാ സംരംഭകർക്കായുള്ള സംസ്ഥാനത്തെ ആദ്യത്തെ ഇൻകുബേറ്റർ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം ധനമന്ത്രി കെ.എം. മാണി നിർവഹിച്ചു. ഹാൻഡ്‌ലൂം ഇൻകുബേറ്ററുകളുടെയും കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻകുബേറ്ററിന്റെയും പ്രഖ്യാപനങ്ങൾ മുഖ്യമന്ത്രി നടത്തി. സംരംഭകർക്ക് ധനസഹായം നൽകുന്നതിനുള്ള ഏഞ്ചൽ ഫണ്ടിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. മികച്ച ആശയങ്ങൾ പ്രാവർത്തികമാക്കിയവർക്കുള്ള ഇന്നവേഷൻ അവാർഡുകളും ചടങ്ങിൽ സമ്മാനിച്ചു. സംരഭകദീപശിഖ നടി റീമ കല്ലിങ്കൽ, ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീലക്ഷ്മി എന്നിവർ ചേർന്ന് തെളിച്ചു.

വിവിധ കോളേജുകളിൽ നിന്നും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുമായി രണ്ടായിരത്തോളം വിദ്യാർഥികളാണ് യുവ സംരംഭക സംഗമത്തിൽ പങ്കെടുത്തത്.

യുവസംരംഭകരുടെ ശ്രദ്ധേയമായ നിരവധി സംരംഭങ്ങൾ സമ്മേളനത്തിലൂടെ ഉയർന്നുവന്നു. അവയിലെ മികച്ച സംരംഭങ്ങളെ വിദഗ്ധ ജൂറി കണ്ടെത്തി. മതിയായ പ്രോത്സാഹനവും ഇച്ഛാശക്തിയോടെയുള്ള പിന്തുണയും നൽകിയാൽ കേരളത്തിന്റെ സംരംഭക മേഖലയിൽ പ്രതീക്ഷയുടെ പുതുനാളങ്ങളാകാൻ തങ്ങൾക്ക് കഴിയുമെന്ന് യുവസംരംഭക സമ്മേളനത്തിൽ പങ്കെടുത്ത യുവാക്കൾ തെളിയിച്ചു. ■

# മദ്യനയം കേരളം പറയുന്നു...

## സാധാരണക്കാർക്ക് ആശ്വാസം പകരുന്ന നടപടി

**ഡോ. ആർസു**

*(വിസിറ്റിംഗ് പ്രൊഫസർ, ഗാന്ധിയൻ പഠന ഗവേഷണ കേന്ദ്രം, കാലിക്കറ്റ് സർവകലാശാല)*



മദ്യം നിരോധിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നേരത്തേ സ്വീകരിച്ച നയം ഘട്ടംഘട്ടമായി ഇത് നിർത്തലാക്കും എന്നതായിരുന്നു. എന്നാൽ അങ്ങനെയൊരു ഘട്ടവും ഇതിനുമുമ്പ് കാണാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ സാമൂഹിക സാഹചര്യങ്ങൾ മനസിലാക്കിക്കൊണ്ട് സർക്കാർ എടുത്ത തീരുമാനം ജനപക്ഷത്തു നിന്നു ചിന്തിക്കുമ്പോൾ ഏറെ ആശ്വാസം പകരുന്നതാണ്.


സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കുടുംബങ്ങൾക്കു ഇതിൽനിന്നു ലഭിക്കുന്ന ആശ്വാസവും സാമ്പത്തിക സുസ്ഥിതിയും ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. അധാർമികമായ രീതിയിൽ സംസ്ഥാനം വരുമാനമുണ്ടാക്കി ജനജീവിതത്തിലെ സൈ്വര്യം കെടുത്തുന്ന സ്ഥിതിയിൽ മാറ്റം വരുന്നു എന്നുള്ളത് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. ഇന്ത്യ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്ന ഘട്ടത്തിൽ മഹാത്മാഗാന്ധി ഊന്നിപ്പറഞ്ഞിരുന്ന ഒരു ആശയം ഏറെ നാൾ ഇവിടെ നിരാകരിക്കപ്പെടുകയുണ്ടായി. 'ഞാൻ ഈ രാഷ്ട്രത്തിന്റെ ഭരണാധികാരിയായി കുറച്ചു സമയം ചുമതല നിർവഹിച്ചു എന്ന സ്ഥിതി വന്നാൽ ഈ നാട്ടിലെ എല്ലാ മദ്യഷാപ്പുകളും ചില്ലിക്കാശ് നഷ്ടപരിഹാരം കൊടുക്കാതെ അടച്ചുപൂട്ടും' എന്നു ഗാന്ധിജി പ്രഖ്യാപിച്ചിരുന്നു.

മദ്യം സൃഷ്ടിക്കുന്ന വിപത്തുകൾ ദീർഘവീക്ഷണത്തോടെ കാണാൻ രാഷ്ട്രപിതാവിന് സാധിച്ചിരുന്നു. ആ വഴിയിലേക്ക് ആശ്വാസകരമായ ഒരു ചുവടുവെപ്പ് നടത്താൻ ഇപ്പോൾ സർക്കാർ കാണിച്ച വിവേകം പ്രശംസനീയമാണ്. ചിലർക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമെന്നത് ശരിയാണ്. എന്നാൽ അവരെ സമ്പന്നരാക്കാൻ വേണ്ടി സാധാരണ ജനങ്ങളുടെ ജീവിതം കുത്തഴിയണം എന്ന സമീപനം ഒട്ടും അഭികാമ്യമല്ല. കുടുംബിനികളുടെ ആശകളും അഭിലാഷങ്ങളും പൂവണിയുമ്പോഴാണ് ക്ഷേമരാഷ്ട്രം എന്ന സങ്കൽപം യാഥാർഥ്യമായി തീരുന്നത്. മദ്യം മാന്യതയുടെ അടയാളമാണ് എന്നു കരുതുന്ന കുറെപ്പേർ നമ്മുടെ സമൂഹത്തിന്റെ മുകൾത്തട്ടിലുണ്ട്. അവരുടെ നിലപാടിൽ വലിയ മാറ്റം വരേണ്ടതാണ് ഇന്നത്തെ ആവശ്യം.

നിത്യപ്രയത്നേന ലഭിച്ച വിത്തം
നിത്യം നശിച്ചാൽ പുനരെന്തുകൃത്യം

എന്ന കവി വാക്യം എത്ര അർഥവത്താണ് എന്ന് ഇപ്പോൾ മനസിലാകും. ഡോ.മന്മഥൻ, ലക്ഷ്മി എം. മേനോൻ, പ്രഫ.ജി. കുമാരപിള്ള എന്നിവർ മദ്യത്തിനെതിരായി സമരം നടത്തുമ്പോൾ ഇതുകൊണ്ടു എന്ത് നടക്കാനാണ് എന്നു പലരും സംശയം പ്രകടിപ്പിച്ചിരുന്നു. എന്നാൽ വലിയ പ്രതീക്ഷയോടെ അവർ നടത്തിയ പ്രവർത്തനങ്ങൾ ഏറെ വർഷം കഴിഞ്ഞ് യാഥാർഥ്യമായി തീരുകയാണ്. ഇവിടെ ശാന്തിയും സൗഹൃദവും പുലരണം. സംസ്കാരം പുഷ്ടിപ്പെടണം. മാനുഷിക ബന്ധങ്ങൾ അർഥവത്തായിത്തീരണം. മദ്യാസക്തി പെരുകി വരുമ്പോൾ ഈ ആഗ്രഹങ്ങൾ എല്ലാം നിഷ്ഫലമാകും.





## മദ്യനിരോധനം പ്രായോഗികമായി നടപ്പാക്കണം

**ചന്ദ്രമതി** *എഴുത്തുകാരി*



സമ്പൂർണമദ്യനിരോധനം ഒരു നല്ല ആശയമാണ്. പല കുടുംബങ്ങളുടെയും വ്യക്തികളുടെയും ഉന്നമനത്തെ തടയുന്ന ഒന്നാണ് മദ്യം. അത് നിരോധിക്കുന്നത് ഏറ്റവും നല്ല കാര്യമാണ്. പക്ഷേ, അത് ആത്മാർഥതയോടെ വളരെ ആലോചിച്ച് പ്രായോഗികമായി നടപ്പാക്കണം.

## ധീര പരീക്ഷണം

**കെ.ആർ. മീര**

*എഴുത്തുകാരി*



കേരളത്തിൽ ഇതിനുമുമ്പ് ഇത്തരം ധീരമായ പരീക്ഷണം നടന്നിട്ടില്ല. സമൂഹത്തെ ഇതെങ്ങനെ ബാധിക്കുമെന്ന് കാത്തിരിക്കുകയാണ്. ഇക്കാലമത്രയും മാറിമാറിവന്ന സർക്കാരുകൾ സ്വീകരിച്ച നടപടികൾ കണക്കിലെടുക്കുമ്പോൾ കൂടുതൽ ദോഷമൊന്നും സംഭവിക്കാൻ സാധ്യതയില്ല

## സർക്കാരിന്റെ ഷോക്ക് ട്രീറ്റ്മെന്റ്

**പ്രൊഫ. ടി.എം. രവീന്ദ്രൻ**

*(കേരള മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി)*



**1996** ൽ എ.കെ. ആന്റണി ചാരായ നിരോധനം നടപ്പാക്കിയ ശേഷം മദ്യനിരോധന രംഗത്ത് കൊണ്ടുവന്ന വിപ്ളവകരമായ തീരുമാനമാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടപ്പാക്കിയത്. കേരളത്തിലെ ലക്ഷക്കണക്കിന് അമ്മമാരും മദ്യവിരുദ്ധപ്രവർത്തകരും ഈ തീരുമാനത്തെ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. എന്തെല്ലാം ആശങ്കകൾ ഉണ്ടെങ്കിലും ആൾക്കാരെ മദ്യവിമുക്തിയിലേക്ക് നയിക്കാൻ ഈ തീരുമാനത്തിനാകും.

ഇതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ മദ്യവുമായി ബന്ധപ്പെട്ട് ഗുണകരമായ തീരുമാനങ്ങൾ കൈക്കൊണ്ടത് ഇപ്പോഴത്തെ സർക്കാരാണെന്ന് എല്ലാവർക്കും ബോധ്യമുണ്ട്. ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്ന എല്ലാ നടപടികളും കൂട്ടായ പരിശ്രമത്തിന്റെ വിജയമാണ്. ബോധവത്കരണരംഗത്തും സർക്കാർ അർഥവത്തായ ചില ചുവടുവെപ്പുകൾ നടത്തുന്നുണ്ട് എന്നതിന്റെ തെളിവാണ് എക്സൈസുകാരെ ബോധവത്കരണത്തിന് രംഗത്തിറക്കിയത്. ഈ കാര്യത്തിൽ മന്ത്രി കെ. ബാബു അഭിനന്ദനം അർഹിക്കുന്നു. യു.ഡി.എഫ് ഘടകകക്ഷികൾ സ്വീകരിച്ച നിലപാട് അനുമോദനാർഹമാണ്. ഉദ്ദേശം 90 ലക്ഷം പുരുഷന്മാർ മദ്യം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിന് ഒരു ഷോക്ക് ട്രീറ്റ്മെന്റാണ് സർക്കാർ നൽകിയിരിക്കുന്നത്.



# മദ്യനയം കേരളം പറയുന്നു...

## ധീരമായ നടപടി

**പി. ഗോപിനാഥൻ നായർ**

*(അഖിലേന്ത്യാ ഗാന്ധി സ്മാരകനിധി ചെയർമാൻ)*

മദ്യനിരോധനം നടപ്പാക്കിയതിലൂടെ മറ്റേത് മുഖ്യമന്ത്രിമാരെക്കാളും ധീരമായ നിലപാടാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്വീകരിച്ചിരിക്കുന്നത്. ഇതോടെ കേരളത്തിലെ മാത്രമല്ല ഭാരതത്തിലെയും ജനാധിപത്യ വിശ്വാസികൾക്ക് അദ്ദേഹം പരമാദരണീയനായിരിക്കുന്നു. ജനസമൂഹത്തിന് അടിസ്ഥാനമായി ആവശ്യമുള്ള ഒരു വലിയ പരിപാടിയാണ് ഈ സർക്കാർ ചെയ്തിരിക്കുന്നത്. മദ്യനിരോധനം എന്നത് ചരിത്രപരമായ ആവശ്യമാണ്. ഇത് മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണ്.




സമ്പൂർണ മദ്യനിരോധനം ഇത്രയും വേഗം നടപ്പാക്കിയത് അപകടമാണെന്ന് ചിലർ പറയുന്നു. മദ്യവർജനം മാത്രം മതിയെന്നും ചിലർ പറയുന്നു. അവർ പറയുന്നതിന്റെ അർഥം എന്തുതന്നെ ആയാലും ഇങ്ങനെയൊന്നു നടത്താൻ വിചാരമോ ധൈര്യമോ ഉള്ളവരല്ല അവർ. ഇത് വിജയിപ്പിക്കാൻ പ്രയാസമാണ്. പ്രയാസങ്ങളെ ജനങ്ങളാണ് നേരിടേണ്ടത്. ജനങ്ങൾ ഉണർന്നാൽ ഇത് ജയിക്കും. ജനങ്ങൾ ഉണർന്നില്ലെങ്കിൽ പരാജയപ്പെടും.

## വേണ്ടത് പഴുതുകൾ അടച്ചുള്ള നിയമം

**തായാട്ട് ബാലൻ**

*(ഗാന്ധിയൻ, സർവോദയമണ്ഡലം മുൻ സംസ്ഥാന പ്രസിഡന്റ്)*



എന്തോ ഒരു സ്വപ്നംപോലെ തോന്നുന്നു ഉമ്മൻചാണ്ടി സർക്കാർ മദ്യനിരോധനം നടപ്പിൽ വരുത്തുന്നത്. രണ്ടും കൽപിച്ച് ഇറങ്ങിയെന്നത് വിശ്വസിക്കാൻ കഴിയുന്നില്ല. മാറിമാറി വന്ന സർക്കാരുകൾ മുഴുവൻ ഇക്കാര്യത്തിൽ മനഃസാക്ഷി പണയംവെച്ച് ഒളിച്ചുകളി നടത്തിയിട്ടേയുള്ളൂ. ജനങ്ങളെ മയക്കികിടത്തി ഇവിടെ ആർക്കും ഒരു വിപ്ലവവും വിജയിപ്പിക്കാൻ കഴിയില്ല. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ തീരുമാനത്തെ എല്ലാവരും സ്വാഗതം ചെയ്യുകയാണ് വേണ്ടത്.

നമുക്കു ശരിക്കും വേണ്ടത് പഴുതുകൾ അടച്ചുകൊണ്ടുള്ള നിയമമാണ്. അത് കർക്കശമായി പാലിക്കാൻ മനക്കരുത്തുള്ള ഭരണനിർവഹണ വകുപ്പ് ഉണ്ടാകണം. ഇക്കാര്യത്തിൽ ഗാന്ധിമാർഗ പ്രവർത്തകരും മദ്യനിരോധന സംഘടനകളും സമൂഹം പൊതുവിലും ഉണർന്നു പ്രവർത്തിക്കണം. എന്നാൽ മാത്രമേ നമുക്ക് വിജയിക്കാൻ കഴിയൂ. ഇല്ലെങ്കിൽ പരാജയത്തിലേക്ക് നമ്മൾ കൂപ്പുകുത്തി വീഴും.

## മദ്യ നിരോധനം അനിവാര്യം

**ചവറ പാറുക്കുട്ടി** *(കഥകളി പ്രതിഭ)*



എന്റെ വീട്ടിൽ മദ്യപിക്കുന്നവരില്ല പക്ഷേ എന്റെ ബന്ധുക്കളുടേതടക്കമുള്ള കേരളത്തിലെ നിരവധി കുടുംബങ്ങൾ മദ്യപാനത്തിന്റെ ഫലമായി നിശബ്ദമായി നീറുകയാണ്..... വീട്ടിൽ മടങ്ങിയെത്തുമ്പോൾ ഭാര്യയെ ഭാര്യയായും അമ്മയെ അമ്മയായും മകളെ മകളായും സഹോദരിയെ സഹോദരിയായും കാണാൻ കഴിയാത്ത മനുഷ്യരുടെ നാടായി കേരളം മാറരുത്..... നമ്മുടെ മക്കളെയെങ്കിലും നമുക്ക് മദ്യത്തിൽ നിന്ന് രക്ഷിക്കണം..... നമ്മുടെ നാടിനെ രക്ഷിക്കണം.... മദ്യ നിരോധനം ലക്ഷ്യമാക്കിയുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം ശ്ലാഘനീയമാണ് ഏറെ അഭിനന്ദനങ്ങൾ......

## പ്രശംസനീയം

**ക്യാപ്റ്റൻ കെ.എം.കെ നമ്പ്യാർ,**

*സ്വാതന്ത്ര്യസമര സേനാനി*



അപചയത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ രക്ഷയ്ക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ മദ്യനയം ഏറെ പ്രശംസാർഹമാണ്. വ്യാജവാറ്റ് തടയാനും വിദ്യാർഥികൾക്കിടയിൽ പടർന്നു പിടിക്കുന്ന മയക്കുമരുന്ന് ഉപയോഗം നിരുത്സാഹപ്പെടുത്താനും ശക്തമായ ഇടപെടൽ ഉണ്ടാവണം. സമ്പൂർണ മദ്യനിരോധനം എന്ന ലക്ഷ്യത്തിലേക്ക് ചുവടുവെക്കുന്ന സംസ്ഥാന സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നേരുന്നു.

## ഉത്കണ്ഠ ഉണർത്തുന്ന മദ്യാസക്തി

**ബ്ലസി** *സംവിധായകൻ*



'മദ്യനിരോധനം ഒരു വിദൂര സ്വപ്നമായി നിലനിൽക്കെത്തന്നെ ബാറുകൾ അടച്ചുപൂട്ടുന്നതിന് മുന്നൊരുക്കങ്ങൾ ആവശ്യമായിരുന്നു. തീരുമാനം എടുക്കുന്നതിനും മുൻപ് വിശദമായ ചർച്ചകളും പഠനങ്ങളും ഉണ്ടാകണമായിരുന്നു. ഇനിയാണെങ്കിലും ചർച്ചകൾക്കും പഠനങ്ങൾക്കും അവസരം ഒരുക്കണം. മദ്യപാനം ഒരു രോഗം പോലെയാണ്. മദ്യലഭ്യത കുറയ്ക്കുമ്പോഴുള്ള പ്രശ്നങ്ങളുമുണ്ട്. ഇത്തരം കാര്യങ്ങൾ പഠനവിധേയമാക്കണം. മദ്യ ലഭ്യത കുറയ്ക്കുന്നതിനൊപ്പം ബോധവൽക്കരണം ശക്തമാക്കിയെങ്കിലേ മദ്യനിരോധനംകൊണ്ടു ഫലമുണ്ടാകുകയുള്ളൂ. അല്ലെങ്കിൽ വ്യാജമദ്യത്തിനും മറ്റ് ലഹരി വസ്തുക്കളുടെയും പുറകെ ആളുകൾ പോകും. ബാർ ജീവനക്കാരുടെ പുനരധിവാസത്തിനൊപ്പം മദ്യപാനികൾക്ക് ചികിത്സ നൽകാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ട്. സംസ്ഥാനത്തെ മദ്യാസക്തി ഉത്കണ്ഠ സൃഷ്ടിക്കുന്നതാണ്. ഒരു മുഴുകുടിയനെയും ബാറിൽ കാണാൻ കഴിയില്ല. അവൻ ഇന്നും തെരുവിലെ ക്യൂവിൽ നിൽക്കുകയാണ്. മറ്റേതെങ്കിലും നാട്ടിൽ ഇത്തരത്തിലൊരു കാഴ്ച കാണാൻ കഴിയില്ല'.




## നിയന്ത്രണമാണ് നിർമ്മാർജ്ജനം

**– കല്ലേലി രാഘവൻ പിള്ള**

*(ആലപ്പുഴയുടെ അധ്യാപകൻ എന്നു പ്രസിദ്ധനായ വിദ്യാഭ്യാസവിചക്ഷണനും സാമൂഹികപ്രവർത്തകനും; സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്, പ്രഥമ ഗാന്ധി സ്മൃതി പുരസ്കാര ജേതാവ്)*

മദ്യമെന്ന തിന്മയിൽ നിന്ന് സമൂഹത്തെ രക്ഷപ്പെടുത്തുന്നതിന് സഹായകമായ ഏതു പ്രവർത്തനവും സ്വാഗതാർഹമാണ്. മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത സാമൂഹ്യവ്യവസ്ഥിതിയിൽ മദ്യം ഒഴിവാക്കപ്പെട്ടിരുന്നു എന്ന് ഏവർക്കും അറിയാമല്ലോ. കഷ്ടമെന്നു പറയട്ടെ, അത് (മദ്യം) ഇന്നൊരു മഹാവിപത്തായി വളർന്നു നിൽക്കുന്നു. വളർന്നുവരുന്ന തലമുറയെ ഈ ദുസ്ഥിതിയിയിൽ നിന്നു രക്ഷിക്കുവാൻ മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കുകയാണ് ഒരു പ്രായോഗികമാർഗം. ആത്യന്തികമായി നമ്മുടെ ലക്ഷ്യം പൂർണ മദ്യവിമുക്തി തന്നെയാകണം. നീര ഒരു ലഹരിവസ്തുവല്ലെന്ന് മഹാത്മജി തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അത് പുളിച്ച വിഷമല്ല. വേണമെങ്കിൽ കുടിയന്മാർ (ആ പ്രയോഗം ക്ഷമിക്കുക) നീര കഴിക്കട്ടെ. അനുക്രമമായ ഒരു ദിനചര്യയിലൂടെ മദ്യത്തോടുള്ള ആസക്തി ദുർബലമാക്കുവാൻ ഈ പ്രായോഗികമാർഗത്തിനു കഴിയും. നിയന്ത്രണമാണ് നിർമ്മാർജ്ജനം. തികഞ്ഞ ജാഗരൂകതയിലൂടെയും പൗരബോധത്തോടെയും നമുക്ക് ഈ തിന്മയെ എന്നെന്നേയ്ക്കുമായി മാറ്റി നിർത്താൻ കഴിയും.



## പുതുപ്പിറവി

**ഡോ.പി. ലക്ഷ്മണൻ**

*മുൻ ഡയറ്റ് പ്രിൻസിപ്പാൾ & സെക്രട്ടറി, വയനാട് സർവസേവാ മണ്ഡലം ജില്ലാ ചൈൽഡ് വെൽഫയർ കമ്മറ്റി അംഗം*

ജീവിതത്തിന്റെ ഒരു പുതുപ്പിറവിയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ തുറന്നു തന്നിട്ടുള്ളത്. ഇത് കാത്തുസൂക്ഷിക്കാൻ സംസ്ഥാനത്തെ മുഴുവനാളുകളും പ്രതിബദ്ധരാണ്. ജനങ്ങൾ വിയർപ്പിലൂടെ ഉണ്ടാക്കുന്ന ധനം അക്ഷരാർത്ഥത്തിൽ ചോർന്ന് പോകുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. എന്നാൽ അത് എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ സർക്കാരിന്റെ നടപടിയിലൂടെ സാധിക്കും. മെച്ചപ്പെട്ട ക്ഷണം, ആരോഗ്യ സംരക്ഷണം, വസ്ത്രം, താമസ സൗകര്യങ്ങൾ, കുട്ടികൾക്ക് വിദ്യഭ്യാസം എന്നിവയിൽ ശ്രദ്ധയൂന്നാനാണ് ഏവരും ശ്രമിക്കേണ്ടത്. അതുവഴി ഓരോരുത്തരും മെച്ചപ്പെട്ട ഉത്പാദക ഘടകങ്ങളാകുമ്പോൾ ഉത്പ്പാദനം, വിതരണം, ഉപഭോഗം ഇവ മെച്ചപ്പെടുകയും സംസ്ഥാനത്തിന് ശോഭനമായ ഭാവി ഉണ്ടാവുമെന്നുള്ളത് യാഥാർത്ഥ്യമാണ്. ആ അവസരമാണ് നമ്മുടെ മുമ്പിൽ കരഗതമായിട്ടുള്ളത്. നിതാന്ത ജാഗ്രത, അതാണ് നാം ശ്രദ്ധിക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ആത്മാർത്ഥമായ പിന്തുണ നൽകേണ്ടതുണ്ട്. ഒരു സമൂഹത്തെയാകെ മുന്നോട്ട് കൊണ്ടുപോകാൻ നമ്മുടെ പങ്ക് യഥാസമയം വഹിച്ചെ മതിയാകൂ.



## കുറ്റകൃത്യങ്ങൾക്ക് അറുതി

**ഫാ.തോമസ് തൈത്തോട്ടം**

*പ്രസിഡണ്ട്, കേരള പ്രൊഹിബിഷൻ കൗൺസിൽ, തലശ്ശേരി*

യുഡിഎഫ് സർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യനിരോധനം കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ ഒരു ചിരകാല സ്വപ്ന സാക്ഷാത്കാരമാണ്. കേരളത്തിലെ ജനങ്ങൾ എക്കാലവും ഓർമ്മയിൽ സൂക്ഷിക്കുന്ന ചരിത്ര മുഹൂർത്തമായിരിക്കും സർക്കാർ പത്തു വർഷം കൊണ്ട് നടപ്പാക്കുന്ന സമ്പൂർണ്ണ മദ്യ നിരോധനം. സ്ത്രീ പീഢനങ്ങൾ, വിവാഹ മോചനങ്ങൾ, റോഡപകടങ്ങൾ, ആക്രമങ്ങൾ എന്നി കേരളത്തിൽ നടമാടിക്കൊണ്ടിരിക്കയാണ്. കുറ്റകൃത്യങ്ങൾക്ക് അറുതി വരുത്താൻ ഈ നടപടിക്ക് കഴിയും.

സമ്പൂർണ്ണ മദ്യ നിരോധനം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനത്തിൽ കേരളത്തിലെ മുഴുവൻ സാമൂഹ്യ, സാംസ്കാരിക, മദ്യ വിരുദ്ധ സംഘടനകൾ, എല്ലാ സംഘടനകളുടേയും സമ്പൂർണ്ണ സഹകരണം ഉണ്ടാകണം.



## ധീരമായ തീരുമാനം

**പി.കെ. നാരായണൻ**

*മദ്യ നിരോധന സമിതി സംസ്ഥാന സെക്രട്ടറി*

കേരളത്തിൽ സമ്പൂർണ മദ്യനിരോധനം നടപ്പാക്കാൻ ധീരമായ നടപടി സ്വീകരിച്ച കേരള സർക്കാരിനും അതിന് നേതൃത്വം നൽകിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കും കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരനും അഭിനന്ദനം. കേരളത്തിലെ സ്ത്രീകളുടെ കണ്ണീരിന് അറുതിവരുത്താൻ ഇതുമൂലം കഴിഞ്ഞത് വലിയ അനുഗ്രഹമാണ്. ബീർ പാർലറുകൾ അനുവദിക്കുകയാണെങ്കിൽ അതിന്റെ മറവിൽ മദ്യശാലകൾ പ്രവർത്തിക്കാൻ സാധ്യതയുണ്ട്. അതിനാൽ ബീർ പാർലറുകൾക്ക് അനുമതി നൽകരുതെന്ന് അഭ്യർഥിക്കുന്നു.



## അമ്മമാർക്കും കുട്ടികൾക്കും ആശ്വാസം

**ഡോ. എം.കെ പ്രീത**

*(റിട്ട.അസോസിയേറ്റ് പ്രൊഫസർ, ശ്രീനാരായണഗുരു കോളജ് ചേളന്നൂർ)*

മദ്യനിരോധനം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മദ്യത്തിന്റെ കെടുതികൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഓരോ ദിവസവും കുടുംബം പുലർത്താൻ കഷ്ടപ്പെടുന്ന കുടുംബിനികൾക്ക് സർക്കാരിന്റെ പുതിയ തീരുമാനം അങ്ങേയറ്റം ആശ്വാസകരമാണ്.

ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ഒരു വാദം മദ്യവിതരണ സ്ഥാപനങ്ങൾ പൂട്ടിയാൽ ആയിരക്കണക്കിന് ആൾക്കാർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നാണ്. ഇത്തരത്തിൽ തൊഴിൽ നഷ്ടമാകുന്നവർക്ക് മറ്റ് മേഖലയിൽ തൊഴിൽ നൽകാൻ സർക്കാർ തയാറാകണം. അല്ലാതെ ഈ ന്യായം പറഞ്ഞ് മദ്യശാലകൾ വീണ്ടും തുറന്നാൽ കേരളം മദ്യപാനികളുടെ താവളമാകും.

ഫോട്ടോഫീച്ചർ



# പൂവേ പൊലിപൂവേ...

പൂവിളികളും ഓണപ്പാട്ടുകളുമുയർന്ന മധുരമനോജ്ഞ സ്മരണകൾ ഉണർത്തി വീണ്ടുമൊരു ഓണക്കാലം കടന്നുപോയി. ഓണത്തെ വരവേൽക്കാൻ സർക്കാർതലത്തിലും അല്ലാതെയും നിരവധി ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനതല ഓണാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് കനകക്കുന്നിൽ നടന്ന ഉദ്ഘാടനത്തിന്റെയും കലാപരിപാടികളുടെയും ദൃശ്യങ്ങൾ
















കൃഷി

■ എസ്. ജയകുമാർ

ഫോട്ടോ: ഡാലു പരമേശ്വരൻ
ഐ&പി.ആർ.ഡി.



# പാർപ്പിടങ്ങളിൽ പച്ചക്കറി സമൃദ്ധി

**അന്യനാടുകളിൽ നിന്നെത്തുന്ന വിഷമയമായ പച്ചക്കറികൾ കേരളത്തിന്റെ വിപണികളിൽ നിറയുന്ന ഈ കാലത്ത് പച്ചക്കറി കൃഷിയിൽ സ്വാശ്രയത്വം നേടാൻ വീടുകൾ സജ്ജമാകേണ്ടതുണ്ട്**

ആരോഗ്യസുരക്ഷയാണ് ഭാവി സുരക്ഷയെന്ന തിരിച്ചറിവിൽ കേരളീയർ ഓരോരുത്തരും അതിവേഗം ചിന്തിച്ചും പ്രവർത്തിച്ചും തുടങ്ങുന്ന ഒരുകാലത്തിനായുള്ള ആഹ്വാനങ്ങൾ മുഴങ്ങുന്ന കാലമാണിത്. വർധിച്ചുവരുന്ന രോഗങ്ങളാണ് ഈ തിരിച്ചറിവിന്റെ പാഠം നമുക്ക് സമ്മാനിച്ചതെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

വിഷലിപ്തതയിൽ നിന്ന്... വിഷരാഹിത്യത്തിലേക്ക് എന്ന സന്ദേശം മണ്ണിൽ വേരുറപ്പിക്കുന്നതിന്റെ ഭാഗമായാണ് ജൈവകൃഷി ഒരു ശീലമായി നാം എറ്റെടുക്കേണ്ടത്. മണ്ണിന്റെ സുസ്ഥിരത നിലനിർത്തുന്ന, പരിസ്ഥിതിക്ക് ദോഷമില്ലാത്ത, ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന ജീവന്റെ അംശമുള്ള കൃഷിയാണ് ജൈവകൃഷി. ജൈവാവശിഷ്ടങ്ങൾ മണ്ണിന്റെ വളക്കൂറ് മെച്ചപ്പെടുത്തുകയും ജൈവിക മാർഗങ്ങൾ അവലംബിച്ച് കീട-രോഗ നിയന്ത്രണം സാധ്യമാക്കുകയും ചെയ്യുകയാണ് ജൈവകൃഷിയുടെ അന്തസത്ത.



### കൃഷിയിങ്ങനെ...

- മണ്ണുണ്ടെങ്കിൽ മണ്ണിന് ആദ്യസ്ഥാനം
- മണ്ണില്ലെങ്കിൽ; മട്ടുപ്പാവിനുമുകളിലൊ മുറ്റത്ത് വെയിൽ പതിക്കുന്നിടത്ത് ഗ്രോബാഗുകളിലോ
- ഫ്ളാറ്റിൽ വെയിൽവീഴുന്ന ഇത്തിരി ഒഴിഞ്ഞ സ്ഥലങ്ങളിലോ നമുക്ക് കൃഷി ചെയ്യാം

ഏതു പരിമിതസാഹചര്യവും പരമാവധി പ്രയോജനപ്പെടുത്തി നമുക്ക് പച്ചക്കറി കൃഷിചെയ്യാം; മനസ്സുണ്ടാകണമെന്നു മാത്രം.

> കൃഷി മട്ടുപ്പാവിലാണെങ്കിൽ അവിടം നന്നായി കഴുകി വൃത്തിയാക്കി വൈറ്റ് സിമന്റ് പൂശണം. കൂടാതെ മട്ടുപ്പാവിന്റെ ചുവർ/ബീം ഭാഗം കേന്ദ്രീകരിച്ച് ജി. ഐ–കമ്പിയോ, തടിയോ ഉപയോഗിച്ച് തറയിൽ നിന്നും ഒരടി ഉയരത്തിൽ ഒരു പ്ലാറ്റ്ഫോം ഒരുക്കണം. അതിൽവേണം നിശ്ചിത അകലത്തിൽ ഗ്രോബാഗ് വെക്കുവാൻ. ഇങ്ങനെയായാൽ മട്ടുപ്പാവിന്റെ സുരക്ഷയിൽ ആശങ്ക വേണ്ട

2006 മുതൽ മട്ടുപ്പാവ് കൃഷിയിലെ സ്ഥിരം സാന്നിധ്യമാണ് മാതൃകാ കർഷകനായ ഉള്ളൂർ രവീന്ദ്രൻ. ഭക്ഷ്യസുരക്ഷയും ആരോഗ്യവും ഉറപ്പാക്കി ഇടതടവില്ലാതെ അദ്ദേഹം കൃഷിചെയ്യുന്നു. അറിവില്ലായ്മയിൽനിന്നു തുടങ്ങി പ്രകൃതിയിൽ നിന്ന് പഠിച്ച് കൃഷിയാചാര്യനായി മാറി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നൂറകണക്കിന് കർഷകർ രവീന്ദ്രന്റെ ഉപദേശം സ്വീകരിച്ച് കൃഷി ചെയ്യുന്നുണ്ട്.

കൃഷിയിൽ പ്രത്യേകിച്ച് മട്ടുപ്പാവിലെ 'ഗ്രോബാഗ്' കൃഷിയിൽ ഇദ്ദേഹം ഒരു മികച്ച മാതൃകയാണ്. ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിൽ ഒരു സ്ഥിരം സാന്നിധ്യമായ ഈ ഉള്ളൂരുകാരൻ തുടക്കക്കാരോടും പരാജിതരോടും പറയുന്നത് ആവേശത്തിൽ ആദ്യമേ വിത്തെടുക്കരുതെന്നാണ്. മട്ടുപ്പാവിലാണെങ്കിൽ അവിടം നന്നായി കഴുകി വൃത്തിയാക്കി വൈറ്റ് സിമന്റ് പൂശണം. കൂടാതെ മട്ടുപ്പാവിന്റെ ചുവർ/ബീം ഭാഗം കേന്ദ്രീകരിച്ച് ജി.ഐ-കമ്പിയോ, തടിയോ ഉപയോഗിച്ച് തറയിൽ നിന്നും ഒരടി ഉയരത്തിൽ ഒരു പ്ലാറ്റ്ഫോം ഒരുക്കണം. അതിൽവേണം നിശ്ചിത അകലത്തിൽ ഗ്രോബാഗ് വെക്കുവാൻ. ഇങ്ങനെയായാൽ മട്ടുപ്പാവിന്റെ സുരക്ഷയിൽ ആശങ്കവേണ്ട. ചാക്കിൽ നിന്ന് ഒലിച്ചിറങ്ങുന്ന വെള്ളം ചെറിയ ഡിഷുകളിലും മറ്റും പിടിച്ച് തിരികെ ചെടിക്കെത്തിക്കാം.

പാവലിനും പടവലത്തിനും ജി.ഐ. കമ്പിയിൽ പന്തലൊരുക്കി മട്ടുപ്പാവ് നിറച്ച് വിളക്കാഴ്ച തീർത്തിരിക്കുന്ന ഈ ആറു സെന്റുകാരന്റെ കൃഷി കാണേണ്ടതാണ്.

മട്ടുപ്പാവ് കൃഷിയിൽ ഗ്രോബാഗിന്റെ ഇരിപ്പിടം എങ്ങനെയാകണമെന്നത് ശ്രദ്ധി



ക്കണം. ഏതെല്ലാം വിളകൾ വേണമെന്ന് തീരുമാനിക്കണം. കൃഷി പരിചരണം എങ്ങനെയാകണമെന്ന് തീരുമാനിക്കണം. 60 ഗ്രോബാഗുണ്ടെങ്കിൽ ഒരു വീടിനാവശ്യമായ പച്ചക്കറി സദാ കിട്ടുമെന്ന് രവീന്ദ്രൻ ചേട്ടൻ പറയുന്നു.

### ഗ്രോബാഗ് തയാറാക്കേണ്ടവിധം

10 കുട്ട മണ്ണിന് രണ്ടു കുട്ട മണൽ, രണ്ട് കിലോഗ്രാം കുമ്മായം എന്ന കണക്കിന് ചേർത്ത് ചെറുതായി വെള്ളം തളിച്ച് ഇളക്കിമറിച്ച് 20 ദിവസം ഇട്ടിരിക്കണം. ഈ മിശ്രിതത്തിലേക്ക് രണ്ടു കുട്ട പച്ച ചാണകമോ, ഒരു കുട്ട മണ്ണിര കംപോസ്റ്റോ, അഞ്ചു ദിവസം മുമ്പ് കുതിർത്ത് പുളിപ്പിച്ച വേപ്പിൻ പിണ്ണാക്കുമായി ചേർത്ത് നന്നായി ഇളക്കുക.

ഒരു ഗ്രോബാഗിൽ അരഭാഗം മണ്ണ് മിശ്രിതം നിറച്ച് മൂന്ന് തൈകളോ/വിത്തോ നടുക. വളർച്ചാഘട്ടത്തിൽ കരുത്തുള്ള രണ്ടെണ്ണം നിർത്തി ഒന്നു പിഴുതുമാറ്റുക. ഒന്നിടവിട്ട ദിവസങ്ങളിൽ ആവശ്യത്തിന് വെള്ളം നൽകുക.

മണ്ണിന്റെ ഗുണമേന്മയും വിത്തിന്റെ ഗുണമേന്മയും, വിളതിരിച്ചുള്ള കൃഷിരീതി, വളപ്രയോഗരീതി, രോഗ-കീടനിയന്ത്രണരിതികൾ, വിളവെടുപ്പു സമയം തുടങ്ങിയ അറിവുകൾ കൃഷിക്കൊരുങ്ങുമ്പോൾ അത്യാവശ്യമാണ്.

### ഉറുമ്പിനെ അകറ്റാം; ഉറുമ്പിനെ അടുപ്പിക്കാം

ചീരവിത്തിടുമ്പോൾ ഉറുമ്പിനെ അകറ്റാൻ അരിപ്പൊടിക്കൊപ്പം വിത്ത് കലർത്തി ഇടണം.

പയറിലെ മുഞ്ഞയെ അകറ്റാൻ ചോണനുറുമ്പ് ചെടിയിൽ കയറ്റിവിടണം.

### മുട്ടയും മീനും വളക്കൂട്ടുകൾ

മുട്ട കഴിക്കാൻ മാത്രമല്ല കൃഷിക്ക് വളക്കൂട്ടുമാക്കാമെന്ന് രവീന്ദ്രൻ പറയുന്നു. മുട്ട മിശ്രിതം തയാറാക്കി പ്രയോഗിച്ചാൽ ചെടിയിൽ പൂവും കായും വിളവും ഗുണവും കൂടുമെന്ന് രവീന്ദ്രന്റെ അനുഭവസാക്ഷ്യം.

### മുട്ടമിശ്രിതം തയാറാക്കുന്നവിധം:

നാടൻ കോഴിമുട്ടകൾ ആറെണ്ണം എടുത്ത് വായു കടക്കാത്ത ജാറിൽ അടയ്ക്കുക. ഇതിൽ മുട്ട മുങ്ങിനിൽക്കുംവിധം അളവിൽ നാരങ്ങാനീര് പിഴിഞ്ഞൊഴിച്ച് വായുസമ്പർക്കമേൽക്കാത്തവിധം 15 ദിവസം തണലത്ത് ജാർ അടച്ചു സൂക്ഷിക്കുക. സൂക്ഷിപ്പ് ദിവസം പൂർത്തിയാകുമ്പോൾ തോടുപൊട്ടിയ മുട്ടഭാഗം നന്നായി കലക്കി; 100 മില്ലി ലിറ്ററിന് ഒരു ലിറ്റർ വെള്ളം എന്ന കണക്കിന് ചേർത്ത് ചെടികൾക്ക് ഇലയിലും ചുവട്ടിലും തളിക്കാം. ഈ ലായനി ആറു മാസം വരെ സൂക്ഷിക്കാനാകും.

### മീൻ-അമിനോ അമ്ലം:

ഒരു കിലോഗ്രാം മത്തി എടുത്ത് വൃത്തിയായി കഴുകി കഷ്ണങ്ങളാക്കി മുറി

## ഗ്രോബാഗുകളിൽ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

- വിത്ത് പാകി കൃഷിചെയ്യേണ്ട വിളകൾ - വെണ്ട, വെള്ളരിവർഗ വിളകൾ, പയർ തുടങ്ങിയവ
- തൈകളാക്കി കൃഷിചെയ്യേണ്ട വിളകൾ - ചീര, തക്കാളി, മുളക്, വഴുതന, കാബേജ്, കോളിഫ്ളവർ, തുടങ്ങിയവ.
- ചെടികൾ എപ്രകാരം തയാറാക്കാം - ചട്ടികളിലോ, തടങ്ങളിലോ, പ്രോട്രേകളിലോ
- മണ്ണിലാണ് വിത്ത് പാകുന്നതെങ്കിൽ - മണൽ, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച കമ്പോസ്റ്റ്, ചാണകം എന്നിവ തുല്യ അളവിലെടുത്ത് നടീൽമിശ്രിതം തയാറാക്കണം.



ക്കുക. അതിൽ 1250 ഗ്രാം ശർക്കര പൊടിയായി ചീകി ചേർക്കുക. ജലമോ, വായു സമ്പർക്കമോ അല്പംപോലും ഏൽക്കാത്ത ഒരു ജാറിൽ 50 ദിവസം തണലത്ത് ഇത് സൂക്ഷിക്കുക. കാത്തിരുപ്പുകാലം കഴിഞ്ഞ് അമ്ലലായനി തയാറാകുമ്പോൾ ലിറ്ററിന് മുപ്പതിരട്ടി വെള്ളം ചേർത്ത് തളിക്കുക. ഇത് ചെടിക്ക് രോഗപ്രതിരോധശക്തിയും വളർച്ചാശേഷിയും പ്രദാനം ചെയ്യും. പത്തു ദിവസത്തിലൊരിക്കൽ ഇത് പ്രയോഗിക്കുന്നത് നല്ലതാണ്.

### ജൈവകീടനാശിനി

100 ഗ്രാം വെളുത്തുള്ളിയും 25-50 എണ്ണം കാന്താരിമുളകും നന്നായി അരച്ചെടുത്തശേഷം അതിൽ 500 മില്ലി ലിറ്റർ ഗോമൂത്രവും 100 മില്ലി ലിറ്റർ വേപ്പെണ്ണയും 500 മില്ലി ലിറ്റർ പഴങ്കഞ്ഞിവെള്ളവും ചേർത്ത് തയാറാക്കുന്ന ജൈവകീടനാശിനിയിൽ നാല് ലിറ്റർ വെള്ളവും ചേർത്ത് ചെടിയിൽ കീടങ്ങളില്ലെങ്കിലും രവീന്ദ്രൻ പത്തു ദിവസമിടവിട്ട് തളിക്കുന്നു. ഫലം രോഗമോ കീടമോ ലവലേശമില്ല.



ഉള്ളൂർ രവീന്ദ്രൻ മട്ടുപ്പാവ് കൃഷിസ്ഥലത്ത്

പുകയിലക്കഷായം, പെരുവലസത്ത്, നാറ്റപൂച്ചെടി എമൽഷൻ, വേപ്പെണ്ണമിശ്രിതം ഇങ്ങനെ വേറേയും ജൈവകീടനാശിനികൾ തയാറാക്കാം.

### വിത്തിനും തൈകൾക്കും

കൃഷി ഭവനുകളുമായി ബന്ധപ്പെടാം. കൃഷിയറിവും മാർഗനിർദേശവും കൃഷി ഓഫീസിൽ നിന്നും ലഭിക്കും. മുൻസിപ്പാലിറ്റി, കോർപറേഷൻ, തിരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെയും മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 500 രൂപ നിരക്കിൽ കൃഷിവകുപ്പ് ധനസഹായത്തോടെ ഗ്രോബാഗ്, മണ്ണ് നിറച്ച് തൈ സഹിതം എത്തിക്കുന്നു. അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് പദ്ധതിയും സാങ്കേതികത്വവും തുടർനിർദേശവും ഉറപ്പാക്കുക.

പരിചരണമിതത്വം, സൂക്ഷ്മത, നടീൽ അകലം എന്നിവ കൃഷിക്ക് പ്രധാനമാണ്. പറമ്പിലായാലും ചാക്കിലായാലും മണ്ണിന്റെ ഗുണമേന്മ ഉറപ്പാക്കണം. അതിന് മണ്ണ് പരിശോധിക്കണം. മണ്ണ് സാമ്പിൾ കൃഷിഭവനിൽ സ്വീകരിക്കും.

നമ്മുടെ പാർപ്പിടത്തിന് സമീപത്തോ, മട്ടുപ്പാവിലോ പച്ചക്കറികൾ രീതിയിൽ വളർത്തി, ഗുണമേന്മയുള്ള വിളവെടുത്ത് കഴിക്കുവാനുള്ള എല്ലാ സാഹചര്യവും നമുക്കുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രോത്സാഹനവും നിരവധി; കൃഷിമാർഗനിർദേശവുമായി ഉദ്യോഗസ്ഥരും, വിവിധ സംഘടനകളും സംവിധാനങ്ങളും മുൻപിലും; പിന്നെ നാം എന്തിനു മടികാണിക്കണം. ധൈര്യമായി നിങ്ങൾക്കുവേണ്ടത് കൃഷി ചെയ്തെടുക്കൂ.

അന്യനാടുകളിൽ നിന്നെത്തുന്ന പച്ചക്കറികൾക്കുപകരം നമ്മുടെ വീട്ടിടങ്ങളിലും മട്ടുപ്പാവിലും വിളയുന്ന വിഷരഹിതമായ പച്ചക്കറികൾ വിപണിയിലും നിറയുന്ന ഒരു ഭാവികേരളത്തിനായി നമുക്ക് പ്രയത്നിക്കാം. ■









- വിത്ത് - നടുന്നതിന് 12 മണിക്കൂർ മമ്പ് സ്യൂഡോമോണാസ് കുമിൾ നാശിനി ഒരു ലിറ്റൽ വെള്ളത്തിൽ കലർത്തി തടം കുതിർക്കണം.
- ധാരാളം സൂര്യപ്രകാശം - ധാരാളം സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്യേണ്ടത്.
- നാലിലപ്രായം - വിത്ത് നട്ട് നാലില പ്രായമാകുമ്പോൾ (മൂന്ന് ആഴ്ച) ചെടി പറിച്ചു നടാം.
- അനുയോജ്യം - വൈകുന്നേരമാണ് പച്ചക്കറിത്തൈ നടാൻ അനുയോജ്യം.
- ഗ്രോബാഗിൽ - മണ്ണ്, മണൽ, ചാണകപ്പൊടിയും കമ്പോസ്റ്റും തുല്യ അനുപാതത്തിൽ ചേർത്തുണ്ടാക്കുന്ന മിശ്രിതം നിറച്ചുവേണം വിത്തോ തയ്യോ നടാൻ.
- മട്ടുപ്പാവിൽ - ഇഷ്ടിക നിരത്തി അതിൽ വേണം നിറച്ച ഗ്രോബാഗ് വെക്കുവാൻ.
- ജലസേചനം - ആവശ്യാനുസരണം രാവിലെയും വൈകുന്നേരവും
- ആറിലപ്രായം - 20 മില്ലിഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക.
- ദ്രവലായനി - ഒരു കിലോ ചാണകം, ഒരു കിലോ വേപ്പിൻ പിണ്ണാക്ക്, ഒരു കിലോ കടലപിണ്ണാക്ക് ഇവ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഒരാഴ്ച സൂക്ഷിക്കുക. ഒരാഴ്ചയ്ക്കു ശേഷം മുകളിൽ തെളിയുന്ന തെളിനീർ അഞ്ചിരട്ടി വെള്ളത്തിൽ ചേർത്ത് തളിക്കുക.
- ഓരോ പത്തു ദിവസവും - മണ്ണിര കമ്പോസ്റ്റ്, ചാണകപ്പൊടി, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവയുടെ മിശ്രിതം / മണ്ണിര കമ്പോസ്റ്റ് ഒരുപിടി വിളകളുടെ ചുവട്ടിലിട്ടുകൊടുക്കുക.
- ജൈവ കീടനാശിനി - തൈകൾ നട്ട് ഏഴാം ദിവസം കഴിയുമ്പോൾ ഏതെങ്കിലുമൊരു ജൈവകീടനാശിനി മുൻകരുതലായി ചെടികളിൽ തളിക്കുക. തുടർന്ന് രോഗകീട ആക്രമണലക്ഷണങ്ങൾ നോക്കി മരുന്ന് തളിക്കുക.
- ഗ്രോബാഗ് - മൂന്ന് വർഷത്തോളം ഒരു ഗ്രോബാഗിൽ തുടർച്ചയായി കൃഷി ചെയ്യാം. ഓരോ വിള കഴിയുമ്പോഴും മണ്ണിളക്കി ജൈവവളം ചേർത്ത് വെയിൽ കൊള്ളിച്ചശേഷം അടുത്ത വിള നടുക.

സിനിമ

■ എം.സി. രാജനാരായണൻ

# ജീർണ സംസ്കാരത്തിന്റെ വിമർശനങ്ങൾ

**സമൂഹത്തിന്റെ കാപട്യങ്ങളെ തുറന്നുകാട്ടുന്ന അനശ്വര ചലച്ചിത്രങ്ങളാണ് സംസ്കാരയും ഘടശ്രാദ്ധയും. യു.ആർ. അനന്തമൂർത്തിയുടെ ചലച്ചിത്ര സംഭാവനകളെക്കുറിച്ച്**

അന്തരിച്ച ജ്ഞാനപീഠ ജേതാവ് യു.ആർ. അനന്തമൂർത്തിയുടെ സാഹിത്യരചനകളെ ആസ്പദമാക്കി നിർമിച്ച 'സംസ്ക്കാര', 'ഘടശ്രാദ്ധ' എന്നീ രണ്ടു ചിത്രങ്ങൾ ഏറ്റവും മികച്ച ചിത്രത്തിനുള്ള ദേശീയപുരസ്കാരം നേടിയ കന്നഡ ചിത്രങ്ങളാണ്. അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ട ഈ ചിത്രങ്ങളെക്കുറിച്ച് പലതവണ അനന്തമൂർത്തി സംസാരിച്ചിട്ടുണ്ട്. ടാഗോറിന്റെയും പ്രേംചന്ദിന്റെയും സൃഷ്ടികൾ മാത്രമാണ് അതിനുമുമ്പ് രണ്ടുതവണ സ്വർണ്ണതാമര നേടിയ ചിത്രങ്ങൾക്ക് വിഷയമായിട്ടുള്ളത്. മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം രണ്ടുതവണ കന്നഡ സിനിമക്കു ലഭിക്കുവാൻ തന്റെ സാഹിത്യസൃഷ്ടികൾ കാരണമായതിൽ അദ്ദേഹം ഏറെ അഭിമാനിച്ചിരുന്നു.

അനന്തമൂർത്തി കേന്ദ്രസാഹിത്യ അക്കാദമി പ്രസിഡന്റ് ആയിരിക്കവെയാണ് അദ്ദേഹത്തെ പരിചയപ്പെടുന്നത്. അദ്ദേഹം ദില്ലിയിലെ സായാഹ്ന സവാ




യു.ആർ. അനന്തമൂർത്തി

രിക്ക് തിരഞ്ഞെടുത്തിരുന്ന ലോധി ഗാർഡനിൽ വച്ചായിരുന്നു ആ കൂടിക്കാഴ്ച. പൂച്ചെടികളും വല്ലിക്കുടിലുകളും പച്ചപ്പും കല്ലുപാകിയ നടപ്പാതകളുമായി വിശാലമായ ഇടമാണ് ലോധി ഗാർഡൻ. അവിടവിടെയായി മുഗൾ കാലഘട്ടത്തിലെ ശവക്കല്ലറകളും കാണാം. ഇരിക്കുവാനായി ബഞ്ചുകളും കൂടാതെ പുൽത്തകിടികളും ധാരാളം.


സംസ്കാരയിൽ ഗിരീഷ് കർണാട്

സായാഹ്ന സവാരിക്കെത്തുന്ന യു.ആർ. അനന്തമൂർത്തിയുടെ കൂടെ മിക്കപ്പോഴും ആരെങ്കിലും കാണും. അപൂർവം അവസരങ്ങളിൽ മാത്രമാണ് അദ്ദേഹം തനിയെ നടക്കാനെത്തുന്നത്. ഇന്ത്യാ ഇന്റർനാഷണൽ സെന്ററിൽ സിനിമാ പ്രദർശനത്തിനോ സെമിനാറിനോ മീറ്റിംഗിനോ മറ്റോ ആയി നേരത്തെ എത്തുമ്പോഴാണ് ലോധി ഗാർഡനിൽ നടക്കാനിറങ്ങുന്നത്.




ഒരു നാൾ സായാഹ്നത്തിലെ നടത്തത്തിനിടയിൽ നേരെ വരുന്നത് യു.ആർ. അനന്തമൂർത്തി. കൈയ്യുയർത്തി നൽകിയ അഭിവാദ്യത്തിന് പ്രത്യഭിവാദ്യം നൽകി അദ്ദേഹം ഒരുമിച്ച് നടക്കാമെന്നു പറഞ്ഞപ്പോൾ അത് നല്ലൊരു സംഭാഷണത്തിന് അവസരമൊരുക്കുകയായിരുന്നു. സിനിമാ നിരൂപകനെന്ന ധാരണ മനസ്സിലുള്ളതിനാൽ ഏറെയും അദ്ദേഹം സിനിമയെക്കുറിച്ചാണ് പറയുക പതിവ്. ഘടശ്രാദ്ധയും സംസ്കാരയും അദ്ദേഹത്തിന്റെ സംസാരത്തിൽ കടന്നു വരുകയും പതിവാണ്. ലോകചലച്ചിത്രമേളകളിൽ ഈ പടങ്ങൾ വേണ്ടത്ര ശ്രദ്ധനേടിയില്ലെന്ന അഭിപ്രായവും പറഞ്ഞിരുന്നു. മൗലിക സിനിമ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ അധികൃതർ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ലെന്ന പരാതിയും അദ്ദേഹം പറഞ്ഞു.

വിദേശത്ത് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാലത്ത് കണ്ട പടങ്ങളെക്കുറിച്ചും അപൂർവമായി അനന്തമൂർത്തി ഓർമിച്ചിരുന്നു. എന്നാൽ അദ്ദേഹം ഒരു സിനിമാ പ്രേമിയാണെന്ന് തോന്നിയിരുന്നില്ല. സാഹിത്യത്തെ അപേക്ഷിച്ച് സിനിമയ്ക്ക് തുല്യ പ്രാധാന്യം കല്പിച്ചിരുന്നതായ് അനുഭവപ്പെട്ടില്ല. പക്ഷേ സാഹിത്യ അക്കാദമി പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം അദ്ദേഹം പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാരഥിയായത് വിസ്മയം നൽകിയിരുന്നു. ദീർഘകാലം അദ്ദേഹം തൽസ്ഥാനത്ത് തുടരുകയും ചെയ്തു. അടൂർ ഗോപാലകൃഷ്ണൻ, വിനോദ്ഖന്ന, മൃണാൾ സെൻ തുടങ്ങി സിനിമയുമായി ബന്ധമുള്ളവർ അലങ്കരിച്ച സ്ഥാനത്തേക്കാണ് ചെയർമാനെന്ന നിലയിൽ സാഹിത്യത്തിലെ കുലപതിയായ യു.ആർ. അനന്തമൂർത്തി വന്നത്തിയത്. ഒരു പക്ഷേ അധ്യാപകനെന്ന നിലയ്ക്കും വൈസ് ചാൻസലർ എന്ന നിലയിലുമുള്ള അനുഭവവും പരിചയവുമാവാം പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തെ ശ്രദ്ധേയമാക്കിയത്.

### സംസ്കാര

യു.ആർ. അനന്തമൂർത്തിയുടെ 'സംസ്കാര'യെന്ന നോവലിനെ ആധാരമാക്കി പട്ടാഭിരാമ റെഡ്ഡി സംവിധാനം ചെയ്ത 'സംസ്ക്കാര' ശവസംസ്കാരത്തെ പരിശോധിക്കുന്ന, വിശകലനം ചെയ്യുന്ന സൃഷ്ടിയാണ്. ബ്രാഹ്മണകുലത്തിൽ ജനിച്ച യുവാവ് പാരമ്പര്യത്തെ ധിക്കരിച്ച് മാമൂലുകളെ തിരസ്കരിച്ച് ആചാരങ്ങൾക്ക് വില കല്പിക്കാതെ ജീവിക്കുക മാത്രമല്ല, താഴ്ന്ന ജാതിക്കാരിയെ വിവാഹം കഴിക്കുകയുംകൂടി ചെയ്തപ്പോൾ അയാൾക്ക് സമൂഹം ഭ്രഷ്ട് കല്പിച്ച് പുറത്താക്കുകയായിരുന്നു.

യുവാവ് അകാലമരണമടയുന്നതോടെയാണ് കുലമഹിമയുടെയും അനന്തര ചടങ്ങുകളുടെയും പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ബ്രാഹ്മണനായി തത്വങ്ങൾ പാലിക്കാതെ ജീവിച്ച അയാളെ ആചാരപ്രകാരം സംസ്കരിക്കുന്നതാണ് തർക്കവിഷയമായി മാറിയത്. ഒരു വശത്ത് ജീർണ്ണിച്ചുവരുന്ന ശവശരീരം, മറുവശത്ത് തീരുമാനത്തിനായി ഗ്രന്ഥങ്ങൾ പരതുന്ന, വാദപ്രതിവാദങ്ങൾ നടത്തുന്ന വരേണ്യരും ആചാര സ്ഥാനീയരും, മരണപ്പെട്ട യുവാവിനെ തിരിച്ച് ബ്രാഹ്മണനാക്കി മാറ്റി വിധിപ്രകാരം ശവദാഹം നടത്താനാകുമോ എന്ന് മൂലഗ്രന്ഥങ്ങൾ പരിശോധിച്ച് തീർപ്പുകല്പിക്കുവാൻ യത്നിക്കുന്ന ആചാര്യ പ്രമുഖൻ. അവരുടെ വിധിയെന്തെന്നറിയുവാൻ കാത്തിരിക്കുന്ന ഹതാശയും കീഴ്ജാതിക്കാരിയുമായ ഭാര്യ. എല്ലാം നിസ്സംഗരായി കാണുകയും കേൾക്കുകയും ചെയ്യുന്ന, പ്രതികരണം അന്യമായ സമുദായക്കാർ. ഈയൊരു പ്രതിസന്ധിയും ഗുരുതരമായ വീഴ്ചയും സങ്കീർണതയില്ലാതെ അവതരിപ്പിക്കുക


പട്ടാഭിരാമ റെഡ്ഡി

യാണ് സംവിധായകൻ പട്ടാഭിരാമ റെഡ്ഡി ചെയ്യുന്നത്. നീതി നിഷേധത്തിന് സമുദായ മേലാളർ നിരത്തുന്ന കാര്യകാരണങ്ങൾ ശുഷ്കവും അടിസ്ഥാനരഹിതവുമാകവെ 'സംസ്കാര'ത്തിന്റെ തനിസ്വഭാവം, നിറം

സ്വയം വെളിപ്പെടുകയാണ്. തുടക്കത്തിൽ സെൻസർബോർഡ് പ്രദർശനാനുമതി നിഷേധിച്ച സംസ്ക്കാര പിന്നീട് രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടി (1970). ഗിരീഷ് കർണാഡ്, സ്നേഹലതാ റെഡ്ഡി തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച പടമാണ് 'സംസ്ക്കാര'.

### ഘടശ്രാദ്ധ

ബ്രാഹ്മണ്യത്തിന്റെയും ബ്രാഹ്മണ സമൂഹത്തിന്റെ ആചാരോപചാരനിരതമായ ജീവിതത്തിന്റെയും മറ്റൊരു മുഖമാണ് 'ഘടശ്രാദ്ധ' അഥവാ ഇരിക്കപ്പിണ്ഡം വെളിപ്പെടുത്തുന്നത്. യു.ആർ. അനന്തമൂർത്തിയുടെ പ്രശസ്തമായ കഥക്ക് ചലച്ചിത്ര ഭാഷ്യമൊരുക്കിയത് ഗിരീഷ് കാസറവള്ളിയാണ്. പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സംവിധാനത്തിൽ ബിരുദം നേടിയ ഗിരീഷ് കാസറവള്ളിയുടെ പ്രഥമചിത്രമായ 'ഘടശ്രാദ്ധ' മികച്ച പടത്തിനുള്ള ദേശീയ പുരസ്കാരം നേടുകയും നിരവധി വിദേശ മേളകളിൽ പ്രദർശിപ്പിച്ച് പ്രകീർത്തിക്കപ്പെടുകയും ചെയ്ത സൃഷ്ടിയാണ്. അനന്തമൂർത്തിയുടെ ഏറ്റവും മികച്ച കഥകളിലൊന്നാണ് 'ഘടശ്രാദ്ധ'.

യൗവനത്തിൽ വിധവയായ യമുനയുടെ അഭിശപ്തമായ ജീവിതമാണ് ഘടശ്രാദ്ധ പറയുന്നത്. അഗ്രഹാരത്തിലെ ആചാര്യനും വേദം പഠിപ്പിക്കുന്ന പണ്ഡിതശ്രേഷ്ഠനുമായ ശേഷഗിരിയുടെ മകളാണ് യമുന. ദാരിദ്ര്യം കാരണം യമുനയെ ഒരു വൃദ്ധബ്രാഹ്മണന് വിവാഹം കഴിച്ചു കൊടുക്കുവാൻ ശേഷഗിരി നിർബന്ധിതനാകുകയും വിവാഹം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ തന്നെ വൃദ്ധൻ മരിച്ച് യമുന വിധവയാവുകയും ചെയ്യുന്നു. ശേഷഗിരി തനിച്ചായതിനാൽ സഹായത്തിനായി യമുന ഭർത്തൃഗൃഹത്തിൽ നിന്ന് സ്വഗൃഹത്തിൽ വന്നു താമസിക്കുന്നു.



ഗിരീഷ് കാസറവള്ളി

വേദം പഠിക്കാനായി അവിടെയെത്തുന്ന നാഹിയെന്ന ബാലനും യമുനയും തമ്മിൽ മാതൃപുത്ര ബന്ധംപോലെ പവിത്രവും ഊഷ്മളവുമായ സ്നേഹബന്ധം നിലവിൽ വന്നത് നാഹിക്ക് വലിയ ആശ്വാസമേകുന്നു. മുതിർന്ന ശിഷ്യരിൽ നിന്ന് നാഹിയെ സംരക്ഷിക്കുന്നതും വാരിക്കോരി വാത്സല്യം നൽകുന്നതും അവന്റെ പ്രിയപ്പെട്ട യമുനാക്കയാണ്. ഗ്രാമത്തിലെ ഏകാധ്യാപക വിദ്യാലയത്തിലെ അദ്ധ്യാപകനുമായി യമുന അടുക്കുന്നു. ശേഷഗിരിയുടെ അഭാവത്തിൽ ആ അടുപ്പം വളർന്ന് യമുന ഗർഭിണിയാകുന്നു. യമുനയുടെയും മാസ്റ്ററുടെയും നിശാസംഗമങ്ങൾ പതിവായി കാണുന്ന മുതിർന്ന ശിഷ്യന്മാർ യമുനയെ അധിക്ഷേപിച്ച് സംസാരിക്കുന്നത് നാഹിയെ വേദനിപ്പിക്കുന്നു. എത്ര വലിയ തെറ്റുകാരിയായാലും യമുനാക്കയെ സ്നേഹിക്കുവാൻ മാത്രമേ നാഹിക്ക് കഴിയുകയുള്ളു.

യമുനയുടെ അപഥ സഞ്ചാരം അഗ്രഹാരത്തിൽ അങ്ങാടിപ്പാട്ടാകുന്നതോടെ ഗ്രാമമുഖ്യരും പുരോഹിതരും യമുനക്കെതിരെയും ശേഷഗിരിക്കെതിരെയും തിരിയുന്നു. വർധിച്ച ദുഃഖത്തോടെ, നിസ്സഹായതയോടെ നാഹി അതിനെല്ലാം മൂകസാക്ഷിയായി നിൽക്കുന്നു. അധ്യാപകന്റെ നിർബന്ധത്തിനു വഴങ്ങി യമുന വയറ്റാട്ടിയുടെ വീട്ടിലെത്തി ഗർഭം അലസിപ്പിക്കുന്നതിനും നാഹി സാക്ഷിയാകുന്നു. യമുനയുടെ തീവ്രമായ വേദന നാഹിയെയും അതീവ ദുഃഖിതനാക്കുന്നു.

അഗ്രഹാരത്തിലെയും ഗ്രാമത്തിലെയും പൗര പ്രമാണിമാരുടെ നിർബന്ധത്തിനും ഭീഷണിക്കും വഴങ്ങി ശേഷഗിരിക്ക് യമുനയെ പടിയടച്ച് പിണ്ഡം വെക്കേണ്ടി വരുന്നു. എല്ലാ അർത്ഥത്തിലും അവൾ ജീവിച്ചിരിക്കെത്തന്നെ മരിച്ചവളായിത്തീരുന്നു. വികാരതീവ്രമായ രംഗങ്ങൾ നാഹിയുടെ മനസ്സിൽ ഉണങ്ങാത്ത മുറിവുണ്ടാക്കുന്നു. വേദപഠനം നിർത്തി അഗ്രഹാരത്തിൽ നിന്ന് പിതാവിനൊപ്പം മടങ്ങവെ അവസാനമായി നാഹി യമുനാക്കയെ കാണുന്ന രംഗം സംവിധായകൻ അവിസ്മരണീയമാക്കുന്നു. ഗ്രാമാതിർത്തിയിലെ ആൽമരത്തിനു കീഴിൽ തലമുണ്ഡനം ചെയ്ത് വികൃതരൂപമായിരിക്കുന്ന യമുന, നാഹി തേങ്ങിത്തേങ്ങി കരയുകയാണ്. അനന്തമൂർത്തിയുടെ കഥക്ക് ചലച്ചിത്രത്തിൽ അനശ്വരത നൽകുകയാണ് പ്രഥമചിത്രത്തിലൂടെ ഗിരീഷ് കാസറവള്ളി ചെയ്തത്. കഥയിൽ പറയുന്ന ജീവിത പരിസരവും സാമൂഹ്യ പശ്ചാത്തലവും ഉൾക്കൊണ്ടുള്ള അവതരണത്തിന്റെ സാഫല്യമാണ് ഘടശ്രാദ്ധ.

"ജീവിക്കുന്ന യമുനമാർ അന്നും ഇന്നുമുണ്ട് – എല്ലാ സമൂഹങ്ങളിലും". അനന്തമൂർത്തി ഘടശ്രാദ്ധയെക്കുറിച്ച് പറഞ്ഞതോർക്കുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇരുൾകെട്ടിയ സമുദായത്തിന്റെ കാപട്യങ്ങളെ തുറന്നു കാട്ടുന്ന രചനകളിൽ സംസ്ക്കാരയും ഘടശ്രാദ്ധയും ഉൾപ്പെടുന്നു. സാഹിത്യത്തിലെന്നപോലെ സിനിമയിലും പൂർണ്ണതയോടടുത്തു നിൽക്കുന്ന, അനശ്വര രചനകളാണ് സംസ്ക്കാരയും ഘടശ്രാദ്ധയും. ■



ഘടശ്രാദ്ധ

# കേരളീയ പ്രകൃതിയുടെ പ്രഭാമയ ദൃശ്യങ്ങൾ



തൃശൂരിൽ സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാരചടങ്ങിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഫോട്ടോ പ്രദർശനം നോക്കിക്കാണുന്ന മന്ത്രി കെ.സി. ജോസഫ്

കുടയുടെ ആകൃതിയുള്ള ഒരു വെളുത്ത നനുത്ത കൂൺ, ചുംബിക്കാനെന്നപോലെ അതിന്റെ അഗ്രം കവരുന്ന ചുവന്ന തലയുള്ള വെളുത്ത പുഴു; തട്ടുതട്ടായ കൃഷിയിടത്തിന്റെ ഇളം പച്ചയും മഞ്ഞയും വരമ്പുകളും നടുവിൽ വൈക്കോൽ മേഞ്ഞ രണ്ടു വീടും. മാൻകൂട്ടത്തിനിടയിൽ നിന്ന് ദേഹത്തെ വെള്ളം കുടയുന്ന മാൻ. മരപ്പൊത്തിൽ ഒളിച്ചിരുന്ന പച്ചനിറമുള്ള തവളയെ കൊക്കിലൊതുക്കി തിടുക്കത്തിൽ പറക്കാനായുന്ന കിളി. ക്യാമറയുടെ ഒറ്റക്കണ്ണിലൂടെ പ്രകൃതിയിൽ നിന്നും ഒപ്പിയെടുത്ത ഈ ചിത്രങ്ങൾ നിരന്നത് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാര വിതരണച്ചടങ്ങിലാണ്. പ്രകൃതി നിരീക്ഷണം അടിസ്ഥാനമാക്കിയ മത്സരത്തിൽ ലഭിച്ച തെരഞ്ഞെടുത്ത ചിത്രങ്ങൾ അണിനിരത്തി ആഗസ്റ്റ് 18 മുതൽ 20 വരെ നടന്ന പ്രദർശനം സാംസ്കാരിക നഗരിക്ക് നിറക്കാഴ്ചയൊരുക്കി.

തെളിഞ്ഞ നീലാകാശത്തിന്റെ പശ്ചാത്തലത്തിൽ ഇലയില്ലാത്ത കൊമ്പിലിരിക്കുന്ന മൂന്നു വർണ പക്ഷികളെ പകർത്തിയ രാജൻ കുറ്റൂർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. ചിത്രം പ്രദർശനം കാണാനെത്തിയവരുടെ ശ്രദ്ധാകേന്ദ്രമായി. മണ്ണും പൊടിയും കുടഞ്ഞ് കലിതുള്ളിവരുന്ന കൊമ്പനെ തെളിഞ്ഞ പച്ചപ്പിന്റെ പശ്ചാത്തലത്തിൽ പകർത്തിയ സാലി പാലോട് രണ്ടാം സ്ഥാനവും ജലരേഖകളുടെ പ്രതിഫലനം നോക്കി ധ്യാനിച്ചിരിക്കുന്ന പക്ഷിയുടെ ചിത്രം സുരേഷ് കാമിയോ മൂന്നാം സ്ഥാനവും നേടി.

മൊബൈൽ ക്യാമറയിലുൾപ്പെടെ ചിത്രങ്ങൾ അനായാസേന കുട്ടികൾപോലും പകർത്തുന്ന ഇക്കാലത്ത് ആർക്കും ഫോട്ടോഗ്രാഫറാവാം എന്ന അവസ്ഥയിലും വേറിട്ട വീക്ഷണകോണും ക്ഷമയും നിരീക്ഷണ പാടവവും മത്സരാർഥികളെ വ്യത്യസ്തരാക്കുന്നതാണ് ചിത്രങ്ങൾ. ഒരു അപൂർവ നിമിഷത്തിനായുള്ള കാത്തിരിപ്പ്. ക്യാമറക്കണ്ണിനൊപ്പം സന്നിഹിതമായ ആറാം ഇന്ദ്രിയം, പ്രകാശത്തിന്റെ സങ്കലനം, സാങ്കേതിക മികവ് എന്നിവ വിളിച്ചോതുന്നവയായിരുന്നു പ്രദർശന ചിത്രങ്ങൾ.

മുട്ടയിടുന്ന പഴുതാരയും ഓന്തും, മഞ്ഞുതുള്ളികൾ തിളങ്ങുന്ന ഗുഹാകൃതിയിലുള്ള വലയിൽ ഇരകാത്തിരിക്കുന്ന ചിലന്തി. പച്ച ഇലയകൃതിയിൽ ശരീരമുള്ള ഷഡ്പദം, മരംകൊത്തികളുടെ പ്രണയം, കടൽക്കരയിൽ പരേഡ് കഴിഞ്ഞെന്നപോലെ നിരന്ന് നിൽക്കുന്ന വെളുത്ത കൊക്കുകൾ. അച്ഛന്റെ ചുണ്ടിൽ നിന്നും മക്കൾക്ക് നൽകാനായി ഇരവാങ്ങുന്ന അമ്മ കൊക്ക് കൂട്ടത്തിൽ നിൽക്കുന്നു താഴെ ഇരകാത്തിരിക്കുന്ന കുഞ്ഞുകൊറ്റികൾ. ഇതിനുപുറമെ പുൽച്ചാടികൾ പുള്ളിപ്പുലികൾ, ചിത്രശലഭങ്ങൾ... പ്രകൃതിയുടെ സൂക്ഷ്മതലങ്ങളും അപൂർവതയും ചിത്രങ്ങളിൽ കാണാം. ഒപ്പം പാമ്പിനെ കടിക്കുന്ന തവളകളുൾപ്പെടെ വ്യത്യസ്ത കാഴ്ചകളും.

വെള്ളപ്പൊക്കത്തിൽ കന്നുകുട്ടിയെ മാറോടു ചേർത്ത് തകർന്ന വീടിന്റെ പശ്ചാത്തലത്തിൽ നീങ്ങുന്ന കർഷകനും രക്തം വാർന്ന കുഞ്ഞിനെ മാറോടണയ്ക്കുന്ന അമ്മക്കുരങ്ങും നൊമ്പരചിത്രങ്ങളായി.

മേഘങ്ങൾക്കിടയിലൂടെ ഊർന്നിറങ്ങി തടാകത്തെ പ്രകാശപൂരിതമാക്കുന്നതും, മരപ്പച്ച വൃത്താകൃതി തീർത്ത് ചുറ്റും കോടമഞ്ഞ് പരക്കുന്നതും ഉൾപ്പെടെ പ്രകൃതിയുടെ പരിഛേദങ്ങൾ സാഹിത്യ അക്കാദമി ഹാളിലെ ചുവരിലുള്ള മൺമറഞ്ഞ മലയാളി എഴുത്തുകാരുടെ ചിത്രങ്ങൾക്കു താഴെയാണ് നിരത്തിയിരുന്നത്.

വിഖ്യാത എഴുത്തുകാരുടേതുൾപ്പെടെ റസാക്ക് കോട്ടക്കൽ പകർത്തിയ ചിത്രങ്ങളും വന്യജീവി ഫോട്ടോഗ്രാഫർ ടി.എൻ.എ. പെരുമാളിന്റെ ചിത്രങ്ങളും സംസ്ഥാന മന്ത്രിസഭയുടെ വികസനക്ഷേമ പ്രവർത്തനങ്ങൾ വിവരിക്കുന്ന ചിത്രങ്ങളും പ്രദർശനത്തിലുണ്ടായിരുന്നു. ■

**കിരൺ റാം**

*ഇൻഫർമേഷൻ ഓഫീസർ, ഐ.&പി.ആർ.ഡി.*

■ ശശിധരൻ കുണ്ടറ



# ഇലയടമണം

**നാടൻ നെല്ല് പുഴുങ്ങിക്കുത്തിയ പുത്തരി പൊടിച്ച് തവിടുമണം മാറാതെ മഴക്കാലത്ത് അടപുഴുങ്ങി പങ്കുവെച്ചു കഴിച്ചിരുന്ന ഓർമ ഉള്ളിന്റെ ഉള്ളിൽ അടയിരിക്കുന്ന സമൃദ്ധിയാണ്**

അപ്പോം ചുട്ട്, അടയും ചുട്ട്
ഇലയും വാട്ടി പൊതിയും കെട്ടി

പുറപ്പെടാം നമുക്ക്. തോർച്ചനോക്കി, എപ്പഴാ മഴ വീഴുകയെന്നറിയില്ല. ഇടവം മിഥുന മാസമല്ല? മഴ വീണുപോയാപ്പിന്നെ അകത്തിരിപ്പേ നിവൃത്തിയുള്ളൂ.

പച്ചില-പഴുത്തില പാപ്പച്ചൻ തൊണ്ണൂറ് നൂറ്... എന്നിങ്ങനെ അല്ലെങ്കിൽ ഇലകൾ പച്ച-പൂക്കൾ മഞ്ഞ, ഓടുമ്പം ചാടുമ്പം ഓമനക്കുട്ടനെ... എന്നു പാടിക്കളിക്കാം.

ഇലപറഞ്ഞപ്പോഴാ ഇലയടയോർത്തത്. നാടൻ നെല്ല് പുഴുങ്ങിക്കുത്തിയ പുത്തരി പൊടിച്ച് തവിടുമണം മാറാതെ മഴക്കാലത്ത് അടപുഴുങ്ങി പങ്കുവെച്ചു കഴിക്കുന്ന, കഴിച്ചിരുന്ന ഓർമ ഉള്ളിന്റെ ഉള്ളിൽ അടയിരിക്കുന്ന സമൃദ്ധിയാണ്. മഴക്കാലം അത്തരം ഭക്ഷണങ്ങളുടെ ഗന്ധം നിറയ്ക്കുന്നവയാണ്.

അതിനേർമയിൽ അരിയോ ഗോതമ്പോ അരച്ചോ പൊടിച്ചോ ഇലയിൽ കുഴച്ചുപരത്തി പുഴുങ്ങിയോ ചുട്ടോ പാകപ്പെടുത്തുന്ന അടയുടെ, ഇലയടയുടെ ഈറ്റില്ലം ഇന്ത്യതന്നെ.

വ്യത്യസ്ത ഗന്ധരുചികളിൽ സസ്യമാംസമിശ്രഭേദമെന്യേ എത്രയെത്ര അടവിശേഷങ്ങൾ പറയാനുണ്ട്. ഇലയിൽ വഴിഞ്ഞുപോകാത്ത കൂരോപ്പത്തിന്റെ കിരുകിരുപ്പ്, കൂവ ഇലയിൽ പരത്തിയതും അല്ലാതെയും കൂവയപ്പത്തിന്റെ പ്രസാദാത്മകമായ വെണ്മ മഹിമകൾ, അറ്റകൈ പ്രയോഗമായി വിശപ്പാറ്റാനുള്ള അടവഴക്കങ്ങൾ, ആഹാരത്തിനുമാചാരത്തിനുമുള്ള അടനിവേദ്യങ്ങൾ, അടവഴിപാടുകൾ, പൂങ്കുലത്തരി നെല്ലിന്റെയും റാഗിയുടെയും സമാസമം കുഴഞ്ഞ റാഗി അടയുടെ ചൂടും ചൂരും. ഇങ്ങനെയിങ്ങനെ ചേമ്പട, ചേനയട, നെയ്യട, പരിപ്പട, കപ്പയട, അവിലട, ഗോതമ്പട, തിനയട, നേന്ത്രപ്പഴയട, പാലട, പഞ്ചാരയട, വെള്ളയട (ശർക്കരയോ തേങ്ങയോ പഞ്ചസാരയോ ഒന്നും വെക്കാതെ അരിമാവുകൊണ്ടുണ്ടാക്കുന്നത്), ചക്കയട, ചക്കരയട ഇങ്ങനെപോകും. ആബാലവൃദ്ധത്തിനും ഒന്നല്ലെങ്കിൽ മറ്റൊന്നിഷ്ടപ്പെടും. കൊഞ്ചടയും കോഴിയടയും എല്ലാവർക്കും ഇഷ്ടപ്പെട്ടുവെന്നുവരില്ല. ഏതായാലും ശർക്കരയട പലവിധത്തിൽ മദിപ്പിക്കും മടുപ്പിക്കും. 'ഭിന്നരുചിർഹി ലോകഃ' വനപ്രദേശക്കാർക്ക് പനങ്കുരുയടയും പുല്ലരിയും പുതുമയല്ല.

ഓട്ടടയുടെ മണവും ഗുണവും മറക്കാനാവില്ല. ഗോതമ്പിലോ അരിയിലോ ഉരുവംപ്രാപിച്ച് ഇലകരിഞ്ഞ് മണം പരന്നാൽ ഏത് ഏകാഗ്രിയും മൂക്കുവിടർത്തും, ശ്വാസം പിടിക്കും. മൂക്കിനും മുച്ചാണി വയറിനും ഒരുപോലെ ഉത്സാഹം, ഉത്സവം.

ഉത്രാടസന്ധ്യയ്ക്ക് അരിമാവിൽ കളംവരച്ച് മഹാബലിയെ കുടിയിരുത്തുമ്പോൾ പൂജയ്ക്ക് പൂവടയാണ്. വാട്ടിയെടുത്ത ഇലച്ചീന്തിൽ അരിമാവ് കനംകുറച്ച്

പരത്തി അതിൽ ശർക്കരയും തേങ്ങയും നേന്ത്രപ്പഴവും കുഴച്ചുചേർത്ത് മടക്കി ആവിയിൽ വേവിച്ചെടുക്കുന്നതാണ് പൂവട. പൂക്കളത്തിനും ഈ അട വെക്കാറുണ്ട്. ഓണത്തിന്റെ പ്രാതൽ വിഭവത്തിൽ പ്രധാനമെന്ന് പഴമക്കാരും പുതുമക്കാരും ഒരുപോലെ പറയുന്നു. അരിപ്പൊടിയും കൂട്ടുവസ്തുക്കളുമുണ്ടാക്കാൻ കൂടിയിരുന്ന് സ്ത്രീകളും കുട്ടികളുമുണ്ടാക്കുന്ന ഉത്സവാന്തരീക്ഷം രസകരമാണ്. ഓരോ ഘട്ടത്തിലും ഓരോ ഗന്ധം കുട്ടികളെ അടപുഴുക്കലിനടുത്ത് പിടിച്ചുനിർത്തും. പൂവടയും കാർത്തികയടയും ഗണപതിയൊരുക്കും വെറും അടയും ഹൈന്ദവാചാരവുമായി ബന്ധപ്പെടുത്തി പറയുന്നു. ദേവതകൾക്ക് ഇത്തരം അടയൂട്ട് പ്രധാനമാണ്.

വാഴ, വട്ട, വയന എന്നീ ഇലകൾ മാത്രമല്ല മുരിക്ക്, ശീലാന്തി, കൂവ തുടങ്ങിയവയുടെ ഇലയും അടപുഴുങ്ങാൻ ഉപയോഗിക്കും. പലതും പലപേരിൽ മണക്കും രുചിക്കും. അടപൊതിയൻ എന്നപേരിൽ ഒരു ഔഷധച്ചെടി നമുക്കുണ്ട്. അതിൽ അടവാർക്കുമ്പോൾ ഇലയുൾപ്പെടെയാണ് തീറ്റി. ഇലകൾ പലതിൽ വയനയാണ് പ്രമാണി. അതിന്റെ സുഗന്ധം തന്നെ വേറിട്ടു നിൽക്കുന്ന പ്രത്യേകത. കുഴകൾ വ്യത്യസ്തം. കുഴച്ചെടുക്കുന്ന മാവ് വ്യത്യസ്തം. പലഹാരമൊന്ന്. സാക്ഷാൽ തെരളി. സുഗന്ധംകൊണ്ട് ഇതിനെ ഒളിപ്പിച്ചുവെക്കാനുമാവില്ല. അരിയും (ഗോതമ്പ്) ശർക്കരയും പാളയംകോടൻ പഴവും ഏലയ്ക്കയും ജീരകവുമൊക്കെ ചേർന്ന ആ സുഗന്ധം നമ്മെ കൊതിപിടിപ്പിക്കും. മറ്റു മാവുകളിലും മാടിയൊതുക്കി മടക്കുന്ന, മതിപ്പിക്കുന്ന മണക്കുന്ന തെരളി വിളങ്ങും തിളങ്ങും. ഇപ്പോൾ ആധുനിക ബേക്കറികളിലും വയനമണം തങ്ങിയ തെരളികൾ വലിയവിലയ്ക്ക് വിൽക്കുന്നുണ്ട്.

കണ്ടതും കടച്ചാണിയും നിന്നും കുടിച്ചും കൂത്താടിനടന്ന് വയറുകടി പിടിച്ച് അടിവയറുതപ്പി വേദനയിൽ നിലവിളിക്കുമ്പോൾ അടയും ചക്കരയുമായി ഒട്ടിനടന്ന വരാരുമില്ല. കോട്ടയിലെ കാർത്ത്യായനി



അമ്മൂമ്മയുടെ ഒറ്റമൂലിവരുന്നു ആശ്വാസത്തിന്. തറയിൽ തറ്റുകിടക്കുന്ന പർപ്പിടകപ്പുല്ല് അമ്മൂമ്മതന്നെ പറിച്ചെടുത്ത് കഴുകി ഇത്തിരി പച്ചരി നുള്ളി അരകല്ലിലിട്ട് അരച്ചൊപ്പിവടിച്ച് വട്ടേലയിൽ വട്ടംപരത്തി (അല്പം തേങ്ങയും ശർക്കരയും ചിലപ്പോൾ ചേർക്കും) ഇരുമ്പുചട്ടിയിൽവെച്ച് വേവിച്ച് പുറത്തെടുത്ത് മൊരിഞ്ഞ ഇലകളഞ്ഞ് ഇടംവലം കൈകളിലിട്ട് ഊതിയാറ്റി ഇളംചൂടോടെ കയ്യിൽവെച്ചു തരുന്നു. പച്ചിലമണവും ചുവയും ഏറിനിൽക്കുന്നതെങ്കിലും പുല്ലപ്പം (പർപ്പിടകപ്പുല്ലപ്പം) ഔഷധമായതിനാൽ അകത്താക്കുന്നു. ഇടയ്ക്ക് ഏമ്പക്കത്തിലും ഇലമണം മനംപുരട്ടിയാലും വേദനപോയി, സുഖം. അമ്മൂമ്മയ്ക്ക് നന്ദി, നമസ്കാരം. ഇതുപോലെ ഒട്ടേറെ ഔഷധ അടകൾ പഴമക്കാർക്കറിയാം.

ഓട്ടട, കോട്ടട/കോട്ടയിലപ്പം/പിന്നൊരപ്പം/തിത്തെയ്അപ്പം.. പാട്ടുകേൾക്കുകയാണ്. ഓണക്കളിയും പുടവയും പൂവടയും ഒപ്പം കൂടിയേക്കും. അവിടെ പൂവട തുമ്പപ്പൂചേർത്ത് കനലിൽ ചുട്ടാണ്. തേങ്ങ ചുരണ്ടി, ശർക്കരപ്പാവൊഴിച്ച് കുഴച്ച് തുമ്പപ്പൂവും ചേർത്ത് അടയൊരുക്കും. കമുകിൻ കൂമ്പാളയിലാണ് അടനിറയ്ക്കുക. കൂമ്പാളയിൽ തുമ്പപ്പൂവട മാത്രമേ ചുട്ടെടുക്കൂ. കാഴ്ചദ്രവ്യങ്ങളിൽ അത് പ്രധാനവുമായിരുന്നു. പൂവട ഔഷധപ്രാധാന്യമുള്ളതുമാണ്. വലിയ പാള മുറിച്ച് അതിൽ അടനിരത്തിയാണ് കാഴ്ചവെക്കുക.

"അരിവെന്തു കറിവെന്തു, മറുകലക്കൊതിനിന്നു

പരലടമണം നീളെപ്പരന്നുപാറി" എന്നും പാടിക്കേൾക്കാം പലേടത്തും. അപ്പവും അടയും, അടയും ചക്കരയും, അടയും മലരും, അടയും വഴിപാടും എന്നിങ്ങനെ ചില ദ്വന്ദ്വങ്ങളും കേൾക്കാം. അടതാളം മറ്റൊന്നാണ് (സോപാനരീതിയല്ല സാവധാന രീതിയാണ്, അടതാളമട്ടിൽ ഇടവപ്പാതിയെന്നാണ് പറച്ചിൽ). അടമഴവിട്ടിട്ടും ചെടിമഴ വിട്ടില്ല എന്നതിലെ അടമഴ നിരന്തരമഴയാണ്. അടമാങ്ങ, അടപലക, അടപടലേ, അടവാതിൽ, അടയ്ക്കാമരം, അടവുകൾ (18), അടയ്ക്കുക, അടക്കുക (നിയന്ത്രിക്കുക, സംസ്കരിക്കുക എന്നൊക്കെ), അടവി എന്നിങ്ങനെ അടവരുന്ന വാക്കുകൾ അനേകം. പലതിനും മണമില്ലെങ്കിലും വാക്യത്തിൽ ഗുണം വരും. അടയിടുക, അടവെക്കുക (മുട്ട മാത്രമല്ല പണവും അടവെക്കാൻപോന്ന ആർത്തിക്കാരുണ്ട്) എന്നു ക്രിയകൾ. വണ്ടി തടുത്തുനിർത്തിയാലും അപകടത്തിൽപ്പെട്ടാലും വണ്ടിക്കടവെക്കലാണ്. അടപാടെ ഇങ്ങനെപോയാൽ എന്തെല്ലാം അടവിചാരവും വിഭ്രാന്തിയും വരും. അടവാർക്കട്ടെ, അട തിന്നട്ടെ – "ശരീരമാദ്യം ഖലുധർമ്മസാധനം" എന്നാണല്ലോ. സ്വയംപാചകം നടക്കട്ടെ. അതിലും സ്വന്തം ഭക്ഷണസാധനങ്ങളിലും അഭിമാനം വിളയട്ടെ ■





അഡ്വ. വി.എൻ. ഹരിദാസ്



**വൈകി എത്തുന്ന നീതി, നീതിനിഷേധത്തിനു തുല്യമാണെന്നാണ് തത്വം. തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ ഒരു വലിയ പോരായ്മയാണ്. രണ്ടു കോടിയിലധികം കേസുകൾ ഇന്ത്യയിലെ കീഴ്ക്കോടതികളിലാകെ തീർപ്പാകാതെ കെട്ടിക്കിടക്കുന്നു എന്നാണ് ഔദ്യോഗിക കണക്കുകൾ. ചർച്ചകളിലൂടെയും മധ്യസ്ഥതകൾവഴിയും കേസുകൾ ഒത്തുതീർപ്പിൽ എത്തിക്കുകയെന്നതാണ് അദാലത്തുകൾക്കുപുറകിലുള്ള ആശയം. കേസുകൾ കെട്ടിക്കിടക്കാതെ ഇരുകൂട്ടർക്കും ഹിതകരമായ ഒരു തീർപ്പുണ്ടാക്കുന്നു എന്നതാണ് ഇത്തരം നിയമഅദാലത്തുകളുടെ പ്രസക്തി**

# പെർമനന്റ് ലോക് അദാലത്ത്

സമൂഹത്തിലെ ദുർബലരും അവശരുമായ ജനവിഭാഗങ്ങൾക്ക് നിയമപരിരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി 1987 ലെ ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ടിന്റെ (എൽ.എസ്.എ.) കീഴിൽ സ്ഥാപിച്ചിട്ടുള്ളതാണ് കേരള ലീഗൽ സർവീസസ് അതോറിറ്റി (കെ.ഇ.എൽ.എസ്.എ.) സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള ദൗർബല്യമോ പൗരന് നീതിനിഷേധത്തിന് ഇടയാക്കരുത് എന്നതാണ് ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനുവേണ്ടി നിയമസേവനങ്ങൾ, നിയമസാക്ഷരതാക്ലാസ്സുകൾ, അദാലത്തുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ തുടർച്ചയായി സ്ഥാപിതമായിട്ടുള്ള ഒരു നീതിന്യായസംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.)

വൈകി എത്തുന്ന നീതി, നീതിനിഷേധത്തിനു തുല്യമാണെന്നാണ് തത്വം. തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ ഒരു വലിയ പോരായ്മയാണ്. രണ്ടു കോടിയിലധികം കേസുകൾ ഇന്ത്യയിലെ കീഴ്ക്കോടതികളിലാകെ തീർപ്പാകാതെ കെട്ടിക്കിടക്കുന്നു എന്നാണ് ഔദ്യോഗിക കണക്കുകൾ. ചർച്ചകളിലൂടെയും മധ്യസ്ഥതകൾവഴിയും കേസുകൾ ഒത്തുതീർപ്പിൽ എത്തിക്കുകയെന്നതാണ് അദാലത്തുകൾക്കുപുറകിലുള്ള ആശയം. കേസുകൾ കെട്ടിക്കിടക്കാതെ ഇരുകൂട്ടർക്കും ഹിതകരമായ ഒരു തീർപ്പുണ്ടാക്കുന്നു എന്നതാണ് ഇത്തരം നിയമഅദാലത്തുകളുടെ പ്രസക്തി.

1987 ലെ നിയമത്തിന് 2002 ൽ കൊണ്ടുവന്ന ഒരു ഭേദഗതിയിലൂടെ IVA എന്ന അധ്യായം നിയമത്തിൽ കൂട്ടിച്ചേർത്തുകൊണ്ടാണ് കേന്ദ്രസർക്കാർ പി.എൽ.എ ആദ്യമായി അവതരിപ്പിച്ചത്. പൊതുജനസേവനങ്ങളെ സംബന്ധിച്ച കേസ്സുകളാണ് പി.എൽ.എയ്ക്ക് കൈകാര്യം ചെയ്യാനാവുക. ആക്ടിലെ 22എ വകുപ്പ് പി.എൽ.എയ്ക്ക്

കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അവ പ്രധാനമായും

(1) കര, ജലം, വായു വഴിയുള്ള യാത്രക്കാരുടെയും ചരക്കുകളുടെയും നീക്കത്തിനുവേണ്ടിയുള്ള ഗതാഗത സംവിധാനങ്ങൾ

(2) തപാൽ, ടെലഗ്രാഫ്, ടെലഫോൺ തുടങ്ങി വാർത്താവിനിമയ സേവനങ്ങൾ

(3) പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന വെള്ളം, വെളിച്ചം, ഊർജം എന്നിവയുടെ സേവനങ്ങൾ

(4) പബ്ലിക് കൺസർവൻസിയും സാനിട്ടേഷനും

(5) ആശുപത്രികളും അനുബന്ധ സേവനങ്ങളും

(6) ഇൻഷുറൻസ് സേവനങ്ങൾ തുടങ്ങിയവയാണ്.

കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വിജ്ഞാപനം വഴി മറ്റു സേവനമേഖലകളെക്കൂടി ഇതിന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ ജഡ്ജിയുടെ സ്ഥാനത്തിൽ കുറയാത്ത നീതിന്യായ പദവി കൈകാര്യം ചെയ്ത് അനുഭവപരിചയമുള്ള വ്യക്തിയായിരിക്കും അധ്യക്ഷൻ.

പി.എൽ.എയുടെ അധികാരപരിധിയിൽ വുന്ന മേല്പറഞ്ഞ സേവനങ്ങളെ സംബന്ധിച്ച് പരാതിയുള്ള ഏതൊരു പൗരനും തർക്കപരിഹാരത്തിനായി പി.എൽ.എയെ

> പി.എൽ.എയുടെ മുമ്പാകെ ഒരു പരാതി വന്നാൽ ഇരുകൂട്ടരോടും തങ്ങളുടെ വസ്തുതാവിവരങ്ങൾ തെളിവുകൾ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു. പിന്നീട് രണ്ടുകൂട്ടർക്കും തൃപ്തികരമായവിധത്തിൽ ഒത്തുതീർപ്പിൽ എത്താൻ അദാലത്ത് കക്ഷികളെ പ്രേരിപ്പിക്കുന്നു. സ്വതന്ത്രവും നിഷ്പക്ഷവുമായ നിലപാടുകളിലൂടെ പി.എൽ.എ അതിന് കക്ഷികളെ സഹായിക്കുകയും ചെയ്യുന്നു

സമീപിക്കാം. പരാതിക്കാരന് നേരിട്ടോ അഭിഭാഷകൻ മുഖേനയോ തന്റെ പരാതി ബോധിപ്പിക്കാം. അതിന് പ്രത്യേക ഫോമോ സാധാരണ കോടതികളെപ്പോലെ ഫീസോ ഇല്ല. സങ്കീർണമായ നടപടിക്രമങ്ങളും തെളിവു നിയമങ്ങളും (CP, evidance act) പിന്തുടരേണ്ടതില്ല എന്നതുകൊണ്ടാണ് സാധാരണക്കാർക്കുവരെ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയും തർക്കങ്ങൾക്ക് പെട്ടെന്ന് തീർപ്പുകൽപ്പിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.



പി.എൽ.എയുടെ മുമ്പാകെ ഒരു പരാതി വന്നാൽ ഇരുകൂട്ടരോടും തങ്ങളുടെ വസ്തുതാവിവരങ്ങൾ തെളിവുകൾ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു. പിന്നീട് രണ്ടുകൂട്ടർക്കും തൃപ്തികരമായവിധത്തിൽ ഒത്തുതീർപ്പിൽ എത്താൻ അദാലത്ത് കക്ഷികളെ പ്രേരിപ്പിക്കുന്നു. സ്വതന്ത്രവും നിഷ്പക്ഷവുമായ നിലപാടുകളിലൂടെ പി.എൽ.എ അതിന് കക്ഷികളെ സഹായിക്കുകയും ചെയ്യുന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾ അംഗീകരിച്ച് കക്ഷികൾ തമ്മിൽ രഞ്ജിപ്പിൽ എത്തിച്ചേർന്നാൽ പി.എൽ.എ അതിൻമേൽ തങ്ങളുടെ അവാർഡ് പുറപ്പെടുവിക്കുന്നു. നിരന്തരമായ പരിശ്രമങ്ങൾക്കുശേഷവും കക്ഷികൾ തമ്മിൽ ധാരണയിൽ എത്തിയില്ലെങ്കിൽ പി.എൽ.എ ഗുണദോഷവിചാരണയിലൂടെ തെളിവുകളുടെ അടിസ്ഥാനത്തിൽ വിധി പുറപ്പെടുവിക്കുന്നു. പി.എൽ.എയുടെ ഇത്തരം വിധികൾ അന്തിമവും മറ്റേത് കോടതിവിധിയും പോലെതന്നെ കോടതികളിലൂടെയും മറ്റും നടത്തി എടുക്കാവുന്നതുമാണ്. ഇത്രയും നടപടികൾ ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഒട്ടും ചെലവില്ലാതെതന്നെ കഴിയന്നു എന്നതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ ഗുണം. കോടതിയിലെ കേസിനൊടുവിൽ ഏതെങ്കിലും ഒരു കക്ഷി പരാജയപ്പെടുകയും നഷ്ടപ്പെടുകയും ചെയ്യും. ഇവിടെ പരമാവധി ഒത്തുതീർക്കുന്നു എന്നതുകൊണ്ട് ഇരുകൂട്ടർക്കും കാര്യമായ നഷ്ടങ്ങൾ സംഭവിക്കാതെ രണ്ടുകൂട്ടരും ജയിക്കുന്ന സാഹചര്യമുണ്ടാകുന്നു എന്നത് മറ്റൊരുഗുണം.

ഗുണകരമായ ക്രിമിനൽ കുറ്റങ്ങളും 10 ലക്ഷം രൂപയ്ക്കുമേൽ മൂല്യം വരുന്ന കേസുകളും നിലവിൽ പി.എൽ.എയ്ക്ക് കൈകാര്യം ചെയ്യാനാവില്ല.

കേരളത്തിൽ തിരുവനന്തപുരത്താണ് ആദ്യം പി.എൽ.എ സ്ഥാപിതമായത്. പിന്നീട് എറണാകുളത്തും കോഴിക്കോടും കൂടി പി.എൽ.എ സ്ഥാപിതമായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട തുടങ്ങി തെക്കൻ ജില്ലകളിലെ കേസ്സുകൾ തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള കോടതിസമുച്ചയത്തിനകത്ത് പ്രവർത്തിക്കുന്ന പി.എൽ.എയും എറണാകുളം, ഇടുക്കി, കോട്ടയം തൃശൂർ തുടങ്ങി മധ്യകേരളത്തിലെ ജില്ലകളിൽ നിന്നുള്ള കേസുകൾ എറണാകുളത്ത് ജുഡീഷ്യൽ അക്കാദമിയുടെ അടുത്ത് പ്രവർത്തിക്കുന്ന പി.എൽ.എയും വടക്കൻ ജില്ലകളിലെ കേസുകൾ കോഴിക്കോട് ജില്ലാ കോടതി സമുച്ചയത്തിനകത്ത് പ്രവർത്തിക്കുന്ന പി.എൽ.എയും കൈകാര്യം ചെയ്തുവരുന്നു.

ചെലവുകുറഞ്ഞതും ലളിതവും എളുപ്പത്തിൽ ഫലം ലഭിക്കുന്നതുമായ ഈ നീതിന്യായ സംവിധാനം പൊതുജനങ്ങൾ ധാരാളമായി വിനിയോഗിക്കേണ്ടതാണ്. ■

■ പി.കെ.എം. കോയ



# കുറ്റിച്ചിറയുടെ സാംസ്കാരിക പൈതൃകം

സമ്പന്നമായ ഒരു പൈതൃകത്തിന്റെ അവകാശികളാണ് കോഴിക്കോട്ടെ കുറ്റിച്ചിറയിലെയും അതിനുചുറ്റുമുള്ള പ്രദേശങ്ങളിലെയും ജനങ്ങൾ. കേരളചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമുള്ള കുറ്റിച്ചിറ അനവധി ചരിത്രസംഭവങ്ങൾക്കും സാക്ഷ്യംവഹിച്ചിട്ടുണ്ട്.

കുറ്റിച്ചിറയ്ക്കുചുറ്റും പ്രബുദ്ധ പാരമ്പര്യത്തിന്റെയും സവിശേഷ സംസ്കാരത്തിന്റെയും സമൂർത്ത സങ്കേതമായി പരിലസിക്കുന്ന ജനപഥം. പൈതൃകത്തിന്റെ തനിമയും കൂട്ടുകുടുംബങ്ങളുടെ കോലാഹലങ്ങളും സ്നേഹസൗഹൃദങ്ങളുടെ സാമീപ്യവും സമ്മേളിച്ച കുറ്റിച്ചിറയെ കൗതുകകരമായൊരു പ്രദേശമാക്കിത്തീർത്തിരിക്കുന്നു.

ഒന്നര ഏക്കറോളം വിസ്തീർണമുള്ള വലിയൊരു ചിറ ഇവിടെയുണ്ട്. ഇതിന് നാനൂറോളം വർഷം പഴക്കമുണ്ട്. അതിനുചുറ്റും നൂറ്റാണ്ടുകൾ പഴക്കമുള്ള പള്ളികൾ. സവിശേഷമായ കൂട്ടുകുടുംബ ജീവിതത്തിന്റെ ജീവിക്കുന്ന ദൃഷ്ടാന്തങ്ങളായ മുന്നുറും നാന്നൂറും വർഷങ്ങൾ പഴക്കമുള്ള നാലുകെട്ടുകളോടുകൂടിയ വലിയ തറവാടുവീടുകൾ. ഇവയൊക്കെ കുറ്റിച്ചിറയുടെ സാംസ്കാരിക പാരമ്പര്യം ഉറക്കെ പ്രഖ്യാപിക്കുന്ന ചിഹ്നങ്ങളാണ്.

ചരിത്രപ്രസിദ്ധമായ മൂന്ന് പള്ളികൾ ഇവിടെ സ്ഥിതിചെയ്യുന്നു. പഴമയുടെ പ്രൗഢിയുമായി അഞ്ചു നിലകളിൽ നിർമിക്കപ്പെട്ട മിസ്കാൽ പള്ളിക്ക് എഴുനൂറോളം വർഷത്തിലേറെ പഴക്കമുണ്ട്. 14 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കോഴിക്കോട് സ്ഥിരതാമസമാക്കിയിരുന്ന യമൻകാരനായ ധനാഢ്യനും 20 ഓളം ചരക്കു കപ്പലുകളുടെ ഉടമയുമായ നഖൂദാ മിസ്കാൽ എന്ന അറബ് പ്രമുഖനാണ് അഞ്ചു നിലകളോടുകൂടിയ ഈ കൂറ്റൻ പള്ളി നിർമിച്ചത്. 24 തൂണുകളിൽ പണിതുയർത്തിയ ഈ പള്ളിയുടെ നിർമാണ വൈദഗ്ധ്യം അത്ഭുതകരമാണ്. ഇൻഡോ-സാരസൻ ശൈലിക്കോ മുഗളശൈലിക്കോ പിടികൊടുക്കാതെ തനതായ കേരളീയ വാസ്തുകലാ ശില്പരീതിയിലാണ് പള്ളിയുടെ നിർമാണം. കല്ലിനേക്കാൾ മരമാണ് പള്ളിയുടെ നിർമാണത്തിന് കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. തട്ടുകളെല്ലാം പലക പാകിയതാണ്.

മിസ്കാൽ പള്ളി പഴയ ചരിത്രസംഭവത്തിനുകൂടി സാക്ഷിയാണ്. അഞ്ഞൂറ് വർഷങ്ങൾക്കു മുമ്പ് അതായത് എഡി 1510 ൽ കോഴിക്കോട് വന്ന അൽബുക്കർക്കിന്റെ കീഴിൽ എത്തിയ പോർച്ചുഗീസ് സൈന്യം സാമൂതിരിയുമായുള്ള യുദ്ധത്തിനിടയിൽ ഈ പള്ളിക്കും തീവെക്കുകയുണ്ടായി. സാമൂതിരിയുടെ സൈന്യത്തിൽ നായന്മാരും ധാരാളം മുസ്ലിങ്ങളുമുണ്ടായിരുന്നു. സൈന്യത്തിൽ ഭിന്നിപ്പ് ഉണ്ടാക്കുവാൻവേണ്ടിയായിരുന്നു ഇത്. ഈ വിവരമറിഞ്ഞ് സാമൂതിരി രാജാവ് അഞ്ഞൂറോളം വരുന്ന പടയാളികളെ അയച്ച് പള്ളി സംരക്ഷിക്കുകയുണ്ടായി. അന്ന് കുറ്റിച്ചിറ ഒരു പടക്കളമായിരുന്നു. അതിൽ അൻപതോളം പേർ മരിച്ചു. മാത്രമല്ല ചാലിയത്തെ പോർച്ചുഗീസുകാരുടെ കോട്ട പൊളിച്ച് അതിന്റെ ഉരുപ്പടികൾ കൊണ്ടുവന്ന് പള്ളി പുനർനിർമിക്കുകയുണ്ടായി.

ചരിത്രപ്രസിദ്ധമായ മറ്റൊരു പള്ളിയാണ് കുറ്റിച്ചിറ ജുമാഅത്ത് പള്ളി. ഇതിന് ആയിരം വർഷത്തോളം പഴക്കമുണ്ട്. ഇതിന്റെ പൂമുഖത്തെ മച്ചിൽ ഖുർആൻ സൂക്തങ്ങളാലും കൊത്തുപണികളാലും അലംകൃതമാണ്. വളരെ വിശാലമായ ഈ പള്ളിക്കകത്ത് രണ്ട് നടുമുറ്റവുമുണ്ട്. കേരളത്തിലെ ഏറ്റവും വലിയ പള്ളികളിലൊന്നാണിത്.

ചരിത്രപ്രസിദ്ധമായ മറ്റൊരു പള്ളിയാണ് കുറ്റിച്ചിറ മുച്ചുന്തി പള്ളി. ഇതിന് 1100 വർഷം പഴക്കമുണ്ട്. മോയിൻകുട്ടി വൈദ്യർ ഈ പള്ളിക്കകത്ത് താമസിച്ചായിരുന്നു മാപ്പിളപ്പാട്ടുകൾ രചിച്ചിരുന്നത്. ഇതിനൊരു പ്രത്യേകതകൂടിയുണ്ട്. സാമൂതിരി രാജാവ്



പാട്ടം കിട്ടേണ്ടുന്ന കുറേ ഭൂമികൾ ഈ പള്ളിയുടെ നിത്യദാന ചെലവുകൾക്കായി നീക്കിവെച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്തിയ 13 ാം നൂറ്റാണ്ടിലെ ഒരു ശിലാഫലകം ഈ പള്ളിയുടെ ചുമരിൽ പതിച്ചിട്ടുണ്ട്.



■ അരവിന്ദ്



# സാരിയെ കൈവിടാൻ മലയാളികളില്ല

സാരിയുടുത്താൽ കിട്ടുന്ന ഭംഗി കുർത്തയും പൈജാമയും ചുരിദാറുമൊന്നും ഇട്ടാൽ കിട്ടില്ല!. ഇത് അമ്മമാർ പറയുന്നതല്ല, നാഷണൽ സാംപിൾ സർവേയുടെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നതാണ്. ഡിസൈൻ വസ്ത്രങ്ങളുടെ കുത്തൊഴുക്കിൽ നമ്മുടെ സാരിക്ക് തെല്ലും പരുക്കുപറ്റിയിട്ടില്ല. കേരളത്തിലെയും ആന്ധ്രയിലെയും പശ്ചിമബംഗാളിലെയും ഗ്രാമവാസികളുടെ പ്രഥമ പരിഗണന സാരി തന്നെയാണ്. സാരിക്കായി ഏറ്റവുമധികം പണം ചെലവഴിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കൊച്ചുകേരളം ആദ്യ സ്ഥാനങ്ങളിലുണ്ട്. അതായത് പ്രതിമാസം വരുമാനത്തിന്റെ 10 രൂപ മുതൽ 17 രൂപ വരെ സാരിക്കായി മലയാളി കുടുംബങ്ങൾ ചെലവിടുന്നു. സാരി നെയ്ത്തിൽ തനതു പാരമ്പര്യം അവകാശപ്പെടാൻ അർഹതയുള്ള ഈ മൂന്നു സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ പോലും സാരിക്കാണു മുൻതൂക്കം. അതേ സമയം കുർത്തയും പൈജാമയും ധരിക്കുന്ന മലയാളികളുടെ എണ്ണം വർധിച്ചിട്ടുണ്ടെന്നും സർവേ പറയുന്നു. വിവാഹ പാർട്ടികൾക്കും ചടങ്ങുകൾക്കും യുവതികൾക്ക് താൽപ്പര്യം ഈ കുർത്തയോടാണ്. പാശ്ചാത്യ വസ്ത്രരീതികൾ അനുകരിക്കുന്ന പുതുതലമുറ പോലും സാരിയെ ഉപേക്ഷിച്ചിട്ടില്ലെന്നു വേണം കരുതാൻ.

# ‘ഹാക്കർ ദൈവം’

ഏഴുവർഷങ്ങൾക്കു മുൻപു ഒരു വേനലിലാണ് സിലിക്കൺ വാലിയെ ഞെട്ടിച്ച് സ്റ്റീവ് ജോബ്സ് ഐഫോൺ പുറത്തിറക്കിയത്. നായകനായി സ്റ്റീവിന്റെ അവരോധനത്തിനൊപ്പം ഒരു വില്ലൻ കൂടി അന്നു പുനർജനിച്ചു. മീശമുളയ്ക്കാത്ത ഒരു പതിനേഴുകാരൻ. പേര് ജോർജ് ഹോട്സ്. അവന്റെയും സ്വപ്നമായിരുന്നു ഐ ഫോൺ. ന്യൂജേഴ്സിയിലെ ഗ്ലേൻ റോക്കിൽ ആപ്പിൾ സ്റ്റോർ തുറന്നയുടൻ അവനതു സ്വന്തമാക്കി.



അപ്പോഴാണു മറ്റൊരു പൊല്ലാപ്പ്. എ.ടി. ആൻഡ് ടി കമ്പനി മാത്രമാണ് ഐഫോണിനു മൊബൈൽ സേവനം നൽകുക. ജോർജിന്റെ കൈയിലുള്ളത് ടി നെറ്റ്‌വർക്കും. അതോടെ അവൻ ഒന്നു തീരുമാനിച്ചു. ഐഫോൺ ഹാക്ക് ചെയ്യാൻ!.

ചെറിയ സ്ക്രൂഡ്രൈവർ കൊണ്ട് അവൻ മറ്റു മൊബൈൽ കമ്പനികൾക്ക് പ്രതിബന്ധം സൃഷ്ടിച്ചിരുന്ന ആ ചെറിയ ചിപ്പ് കണ്ടെത്തി. ബേസ് ബാൻഡ് പ്രോസസർ എന്നു വിളിപ്പേരിട്ട വെള്ളിയിൽ പൊതിഞ്ഞ ആ ചിപ്പിനു പകരം അവൻ ഒരു വയർ ഘടിപ്പിച്ചു. അതോടെ ഐഫോൺ അവന്റെ വരുതിയിലായി. ഏതു മൊബൈൽ കമ്പനിക്കും അത് ഉപയോഗിക്കാമെന്നായി.

കംപ്യൂട്ടറിൽ ഇതു സാധ്യമാക്കുന്ന പ്രോഗ്രാം അവനെഴുതി. ഇതിനു പുറമേ ഹാക്ക് ചെയ്യുന്നതിന്റെ വീഡിയോ യുട്യൂബിലുമിട്ടു. ഈ വീഡിയോ ഇരുപതു ലക്ഷം പേർ കണ്ടതോടെ മാധ്യമങ്ങൾ അവനൊരു ഓമനപ്പേര് സമ്മാനിച്ചു. ‘ഹാക്കർ ദൈവം’. ഹോട്സിന്റെ കൃത്യം ചോരണമെങ്കിലും അൺലോക്കിങ് നിയമവിധേയമായിരുന്നു. അതുകൊണ്ട് ആപ്പിളും എടി ആൻഡ് ടിയും മൗനം പാലിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഹോട്സിന്റെ ഇൻബോക്സിൽ ഒരു ഇമെയിൽ!. ആപ്പിളിന്റെ സഹസ്ഥാപകൻ സ്റ്റീവ് വോസ്നിക്കിന്റേതാണു സന്ദേശം.

“അവിശ്വസനീയമായ ദുരൂഹത അകറ്റുന്നവരാണു ഹാക്കർമാർ. അവരെ ക്രിമിനലുകളായി കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല.”

അഭിനന്ദനം ചൊരിഞ്ഞ ഈ സന്ദേശം അയച്ചത് പഴയ ഒരു ഹാക്കർ കൂടിയായിരുന്നു. ടെലിഫോൺ സംവിധാനം ഹാക്ക് ചെയ് സൗജന്യമായി ഫോൺ വിളിക്കാൻ കഴിഞ്ഞത് സ്റ്റീവ് വോസ്നിക്കിന്റെ സംഭാവനയായിരുന്നു. എന്നാൽ സ്റ്റീവ് ജോബ്സിന്റെ പ്രതികരണം വ്യത്യസ്തമായിരുന്നു. പത്രസമ്മേളനത്തിൽ ഈ പതിനേഴുകാരന്റെ കാര്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെ


“ഇതൊരു മൗസ് ആൻഡ് ക്യാറ്റ് ഗെയിം പോലാണ്. ആൾക്കാർ ഇതു തകർക്കാൻ ശ്രമിക്കും. ഞങ്ങളതു കഴിവുപയോഗിച്ച് ചെറുക്കും” അതായിരുന്നു സ്റ്റീവ് ഹോട്സിനെക്കുറിച്ച് അവസാനമായി പറഞ്ഞതും.

രണ്ടുവർഷം മുൻപു വരെ ‘നിഗൂഢതകളകറ്റുന്ന ജോലി’ ഭംഗിയായി തുടർന്നു. രണ്ടുവർഷം മുൻപു വരെ പുറത്തിറങ്ങിയ ഐഫോണുകളെല്ലാം അവൻ അൺലോക്ക് ചെയ്തു. ലോകത്തെ ഏറ്റവും വലിയ

# ഇന്റർനെറ്റിൽ രമിക്കുന്ന നമ്മൾ

ചില കാര്യങ്ങളിൽ ഇന്ത്യക്കാർ ഇങ്ങനെയാണ്. സമയം മറന്ന് ജോലിയും കളഞ്ഞ് അതിൽ രമിക്കും. ഈ വർഷം അവസാനത്തോടെ ഇന്ത്യയിലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം അമേരിക്കക്കാരെ മറികടക്കുമെന്നു പ്രഖ്യാപിച്ചത് ഗൂഗിളിന്റെ ഇന്ത്യൻ മേധാവിയായ രഞ്ചൻ ആനന്ദനാണ്. 24.3 കോടിയാണ് ഇപ്പോൾ സൈബർ ലോകത്തുള്ള ഇന്ത്യക്കാർ. ഇതൊക്കെയാണെങ്കിലും ഇന്റർനെറ്റ് സാന്ദ്രതയിൽ ലോകരാജ്യങ്ങളിൽ പിന്നിലാണ് ഇന്ത്യ. 17.2% ഭാഗത്ത് മാത്രമാണ് ഇപ്പോഴും ഇന്റർനെറ്റ് ലഭ്യമാകുന്നത്. അലക്സയുടെ കണക്ക് അനുസരിച്ച് ക്വാറയിൽ സന്ദർശകരിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണ്. വിക്കിപീഡിയയുടെയും ഗൂഗിളിന്റെയും മികച്ച സ്വഭാവങ്ങളുള്ള ചോദ്യോത്തര വെബ്ബാണ് ക്വാറ. 2009ൽ തുടങ്ങിയ ചാറ്റ് വെബ്സൈറ്റായ ഒമിഗ്ളിയിലെത്തുന്ന 18.1% പേർ ഇന്ത്യക്കാരാണ്. 19.6% പേർ അമേരിക്കക്കാരും.





# ജീവിതസ്നേഹം തിരികെയെത്തിക്കാം

ജീവിതവിരക്തിയുടെ ആർത്തനാദവുമായി ആത്മഹത്യയിലേക്ക് പായാൻ വെമ്പുന്ന മനുഷ്യജീവിതങ്ങളെ ലോകത്തിലേക്ക് തിരിച്ചുപിടിക്കാൻ സമർപ്പിതമായ ദിനമാണ് സെപ്തംബർ 10. ആത്മഹത്യാ പ്രതിരോധ ദിനമായി ലോകാരോഗ്യസംഘടന എല്ലാ വർഷവും ഈ ദിനം ആചരിക്കുന്നു. എട്ടുലക്ഷം പേർ ഒരുവർഷം പല കാരണങ്ങളാലും സ്വയം ജീവനൊടുക്കുന്നു എന്നാണ് സംഘടനയുടെ കണക്ക്. അതായത് ഓരോ 40 സെക്കൻഡിലും ഒരാൾ ആത്മഹത്യ ചെയ്യുന്നു. ഏറെയും 15നും 29നും ഇടയിൽ പ്രായമുള്ളവർ, സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാർ, 75 ശതമാനം ആത്മഹത്യയും താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ ഇങ്ങനെ പോവുന്നു കണക്കുകൾ. 2020 ആവുമ്പോഴേക്കും ആത്മഹത്യാനിരക്കിൽ 10 ശതമാനം കുറവുവരുത്തുകയാണ് ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം.

എന്റർടെയ്ൻമെന്റ് കമ്പനിയായ സോണിയായിരുന്നു അടുത്ത ലക്ഷ്യം. അങ്ങനെ സോണിയുടെ പ്ളേസ്റ്റേഷൻ 3 അവൻ ഹാക്ക് ചെയ്തു. ലോകത്ത് രണ്ടു തരത്തിലുള്ള ഹാക്കർമാരാണുള്ളത്. നന്മ നിറഞ്ഞവരും അല്ലാത്തവരും. സൈന്യത്തെ സഹായിക്കുന്ന, ആന്റി വൈറസ് പ്രോഗ്രാമുകൾ ഒരുക്കുന്ന നന്മനിറഞ്ഞ ഹാക്കർമാരെ 'വെളുത്ത തൊപ്പി'ക്കാരെന്നാണു വിശേഷിപ്പിക്കുന്നത്. ഹാക്കർമാരിലെ 'കറുത്ത തൊപ്പി'ക്കാരാണ് അപകടകാരികൾ. അടുത്തിടെ ബ്രസീലിലെ ഏറ്റവും വലിയ ബാങ്കുകളുടെ വെബ്സൈറ്റുകളെ ആക്രമിച്ചതു കറുത്ത തൊപ്പിക്കാരായ ഹാക്കർമാരായിരുന്നു.

അഞ്ചുവയസുള്ളപ്പോഴാണ് ഹോട്സ് ആദ്യത്തെ കംപ്യൂട്ടർ പ്രോഗ്രാം ചെയ്യുന്നത്. അതും അച്ഛന്റെ ആപ്പിൾ 2 ലാപ്ടോപ്പിൽ. പിന്നെ സ്വന്തമായി വീഡിയോ ഗെയിമുണ്ടാക്കി. എന്നാൽ സ്കൂളിൽ ഹോട്സ് പരാജയമായിരുന്നു. ബോറടിപ്പിക്കുന്ന ക്ളാസുകളിലിരുന്ന് മുഷിയുമ്പോൾ അവൻ ബീഥോവന്റെ ഒമ്പതാം സിംഫണി വായിക്കും. പതിനാലു വയസുള്ളപ്പോൾ 60 രാജ്യങ്ങളിൽ നിന്നെത്തിയ കുട്ടികളുടെ മുന്നിൽ അവൻ പൊടുന്നനെ താരമായി. ഇൻഫ്രാറെഡ് കൊണ്ട് പ്രവർത്തിക്കുന്ന ചക്രങ്ങളിൽ ചലിക്കുന്ന റോബോട്ടായിരുന്നു അന്ന് അവന്റെ സംഭാവന. വീഡിയോ ഗെയിമുകൾ നിർമിക്കാൻ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയായ ന്യൂറോ പൈലറ്റായിരുന്നു പിന്നീട് അവൻ വികസിപ്പിച്ചെടുത്തത്. പഠിത്തത്തിൽ പിറകിലായിരുന്ന അവൻ എന്നും ക്ളാസിനു പുറത്തായിരുന്നു. ഏറ്റവുമൊടുവിൽ പഠിച്ച റോച്ച്സ്റ്റാർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യത്തിലും മറിച്ചല്ല സംഭവിച്ചത്. ഗൂഗിളിൽ പരിശീലന പരിപാടിക്കു ചേർന്ന ഹോട്സിനു വൈകാതെ അതും മടുത്തു. ന്യൂജേഴ്സിയിലെ വീട്ടിലേക്കു മടങ്ങിയെത്തിയ അവന് അധികകാലം വിശ്രമിക്കേണ്ടി വന്നില്ല. ഹാക്ക് ചെയ്യാനായി ഓരോ പുതിയ ഉത്പന്നങ്ങളും ആൾക്കാർ പാഴ്സൽ ചെയ്യുന്നുണ്ടായിരുന്നു. അങ്ങനെയാണ് ആരോ അയച്ചുകൊടുത്ത പ്ളേസ്റ്റേഷൻ 3 ഹാക്ക് ചെയ്യാൻ ശ്രമം തുടങ്ങുന്നത്. കൃത്യം ഒരു മാസത്തിനു ശേഷം ജനുവരി 23ന് അവനതു സാധിച്ചു. ഹാക്കിങ് കോഡും നിർദേശങ്ങളും ഇന്റർനെറ്റിൽ അവൻ പോസ്റ്റും ചെയ്തു. ഹാക്ക് ചെയ്യാനാവാത്തതായി ലോകത്ത് ഒന്നുമില്ലെന്നായിരുന്നു ബിബിസിയോട് അവൻ അഭിമാനത്തോടെ പറഞ്ഞത്. ഒടുവിൽ ഗതികെട്ട് കോടതി കയറി സോണി ഒത്തുതീർപ്പിലൂടെയാണു പ്രശ്നം പരിഹരിച്ചത്. അതിനു ശേഷമാണു ഫെയ്സ്ബുക്കിൽ ജോലിക്ക് ചേർന്നത്. ഏതായാലും ലോകത്തെമ്പാടും നടക്കുന്ന സൈബർ ആക്രമണങ്ങളുടെ പേരിൽ ഈ കൗമാരക്കാരൻ ഒട്ടേറെ പഴി കേട്ടുകഴിഞ്ഞു. ലുൽസ് എന്ന സൈബർ നുഴഞ്ഞുകയറ്റക്കാരുടെ കൂട്ടത്തിലില്ലെന്നു ബോധ്യപ്പെടുത്തിയിട്ടും അവനെതിരേ ഉയർന്ന കുറ്റപ്പെടുത്തലുകൾക്ക് കുറവുണ്ടായില്ല.

ഏറ്റവുമൊടുവിൽ കഴിഞ്ഞവാരമാണ് ആ വാർത്ത പുറത്തുവന്നത്. ഹോട്സിനു ഗൂഗിൾ 'പണി' കൊടുത്തു. ഗൂഗിളിന്റെ സെക്യൂരിറ്റി എൻജിനിയർ ക്രിസ് ഇവാൻസ് മേധാവിയായ 'പ്രൊജക്റ്റ് സീറോ' എന്ന ഗവേഷണ പദ്ധതിയുമായി സഹകരിക്കാനാണു ഹോട്സിനോട് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത്. ഗൂഗിളിന്റെ സോഫ്റ്റ്വെയറുകളടക്കമുള്ളവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണു ദൗത്യം.



ജില്ലകളിലൂടെ



# ആറന്മുള കോളേജ് ഓഫ് എൻജിനീയറിങ് ഉദ്ഘാടനം ചെയ്തു



**ആറന്മുളയിൽ ആരംഭിച്ച കോളേജ് ഓഫ് എൻജിനീയറിങ്ങിന്റെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**

**കോ**-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ആരംഭിച്ച കോളേജ് ഓഫ് എൻജിനീയറിങ്ങിന്റെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചു. പുതിയ തലമുറ ആഗ്രഹിക്കുന്ന വിദ്യാഭ്യാസം സംസ്ഥാനത്ത് ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗ്രാമീണ മേഖലയുടെ സാമൂഹിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ സഹകരണ മേഖല വഹിക്കുന്ന പങ്ക് വലുതാണ്. ഈ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് ആറന്മുളയിൽ കോളേജ് ഓഫ് എൻജിനീയറിങ് സ്ഥാപിച്ചത്.

അഡ്വ. കെ. ശിവദാസൻ നായർ എം.എൽ.എയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം രാജ്യസഭ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. സജി ചാക്കോ, കേപ്പ് ഡയറക്ടർ ഡോ. എസ്. രവീന്ദ്രൻ, എ.ഡി.എം. എം. സുരേഷ്കുമാർ, ആറന്മുള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചൻ കാക്കനാട്, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി. മോഹൻരാജ്, കെ.ഇ. അബ്ദു റഹിമാൻ, വിക്ടർ ടി. തോമസ്, ബ്ലോക്ക് പഞ്ചായത്തംഗം സിന്ധു കുട്ടപ്പൻ, ഗ്രാമ പഞ്ചായത്തംഗം പി.എം. ശിവൻ, കാനറാ ബാങ്ക് സർക്കിൾ ഓഫീസ് ജനറൽ മാനേജർ കെ.ആർ. ബാലചന്ദ്രൻ, പി.റ്റി.എ. പ്രസിഡന്റ് ജയലാൽ എസ്.പടിത്തറ, പ്രിൻസിപ്പൽ ഡോ. വി. പ്രസീദാ ലക്ഷ്മി തുടങ്ങിയവർ പ്രസംഗിച്ചു.

***എൻ. രാധാകൃഷ്ണപിള്ള***

*ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*



**തൃശൂർപൂരം പ്രദർശനനഗരിയിൽ നടന്ന സരസ്സ് മേളയിൽ നിന്ന്**

# സഹകരണമേഖലയും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് ഭവനരഹിതർക്കായി പുതിയ പദ്ധതി: മുഖ്യമന്ത്രി

**സം**സ്ഥാനത്തെ ഭവനരഹിതർക്ക് വീടു നിർമിക്കുന്നതിന് ധനസഹായം നൽകുന്നതിനായി സഹകരണമേഖലയും തദ്ദേശസ്ഥാപനങ്ങളും സംയുക്തമായി പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നത് പരിഗണനയിലാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് തയാറാക്കി സമർപ്പിച്ച പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നത് സംബന്ധിച്ച് ഓണത്തിനു ശേഷം തീരുമാനമെടുക്കും. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള സീറോ ലാൻഡ്ലെസ് പദ്ധതിയിൽ ഇതുവരെ ഒരു ലക്ഷം പേർക്ക് ഭൂമി അനുവദിച്ചു. 1,53,000 ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ആസ്ഥാനമന്ദിരത്തിന്റെ ശിലാസ്ഥാപനം ചെറുതോണിയിലെ ഇടുക്കി കോളനിയിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പ്രശ്നബാധിതമായ ഇറാഖിൽ നിന്നും മടങ്ങിയെത്തിയ നേഴ്സുമാർക്ക് രണ്ടു ശതമാനം പലിശ നിരക്കിൽ അഞ്ചു ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്ക് തയാറാക്കിയ പദ്ധതി മാതൃകാപരമാണ്. ഇത്തരം പദ്ധതി തയാറാക്കണമെന്ന് വാണിജ്യബാങ്കുകളോടും സഹകരണമേഖലയോടും സർക്കാർ ആവശ്യപ്പെട്ടെങ്കിലും ആദ്യമായി ഇതിന് മുന്നോട്ടു വന്നത് ഇടുക്കി ജില്ലാ ബാങ്കാണ്. ഈ മാതൃക മറ്റ് ബാങ്കുകൾ പിന്തുടരണം. ഇറാഖിലെ മാത്രമല്ല ലിബിയയിലെയും ലോകത്തെ മറ്റ് പ്രശ്നബാധിത പ്രദേശങ്ങളിലെയും മലയാളികൾക്ക് ഇത്തരത്തിൽ സഹായം നൽകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ എല്ലാവർക്കും മനസുവച്ചാൽ ഇവിടെത്തന്നെ ജോലിയും അവസരങ്ങളും ലഭ്യമാക്കാനുള്ള സാഹചര്യമുണ്ട്. അതിനുള്ള മനോഭാവം ഇല്ലാത്തതാണ് പ്രശ്നമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇറാഖിൽ നിന്ന് മടങ്ങിയെത്തിയ നേഴ്സുമാർക്ക് ഇടുക്കി ജില്ലാ ബാങ്കിന്റെ സാമൂഹ്യ ഉത്തരവാദിത്വ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന വായ്പാ വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. 12 പേർക്കാണ് വായ്പ നൽകിയത്. ബാങ്ക് പ്രസിഡന്റ് ഇ.എം. ആഗസ്തി അധ്യക്ഷത വഹിച്ചു. ഐ.സി.ഡി.പി രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം അഡ്വ. ജോയ്സ് ജോർജ് എം.പി നിർവഹിച്ചു. പ്രൈമറി ബാങ്കുകളിലെ പ്രസിഡന്റുമാർക്കായി നടത്തിയ പരിശീലന പരിപാടിയിൽ മികച്ച ടീമിനുള്ള അവാർഡ് റോഷി അഗസ്റ്റിൻ എം.എൽ.എ വിതരണം ചെയ്തു. ഇ.എസ്. ബിജിമോൾ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.ടി. തോമസ്, ജില്ലാ കളക്ടർ അജിത് പാട്ടീൽ, സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ് കുര്യൻ ജോയി, കൺസ്യൂമർഫെഡ് ചെയർമാൻ അഡ്വ. ജോയി തോമസ്, ഇടുക്കി ജില്ലാ ബാങ്ക് വൈസ് പ്രസിഡന്റ് ജോൺ നെടിയപാല, ജനറൽ മാനേജർ എ.ആർ. രാജേഷ്, മുൻ പ്രസിഡന്റുമാരായ ജോസ് കുറ്റ്യാനി, പി.എൻ. വിജയൻ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉസ്മാൻ, റോയി കെ. പൗലോസ്, ജില്ലാ പഞ്ചായത്ത് അംഗം ജോർജി ജോർജ്, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോയി വർഗീസ്, കെ.എസ്.സി.ബി എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്വ. അലക്സ് കോഴിമല, സഹകരണവകുപ്പ് അഡീഷണൽ രജിസ്ട്രാർ കെ.വി. സുരേഷ് ബാബു, ജോയിന്റ് രജിസ്ട്രാർ സി.സി. തോമസ്, നബാർഡ് ഡി.ഡി.എം ദീപ.എസ്.പിള്ള, അഡ്വ. എസ്. അശോകൻ, കെ.കെ. ശിവരാമൻ, അനിൽ ആനിക്കനാടൻ, പ്രഭ തങ്കച്ചൻ തുടങ്ങിയവർ പങ്കെടുത്തു.

*നിജാസ് ജ്യുവൽ*

*അസി. ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി*



**ഇറാഖിൽ നിന്നും മടങ്ങിയെത്തിയ നേഴ്സുമാർക്കായി ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ആവിഷ്കരിച്ച വായ്പാപദ്ധതിയിലെ തുക വിതരണം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു.**

## വിനോദസഞ്ചാര ഭൂപടത്തിൽ കുന്നംകുളവും

**കു**ന്നംകുളത്തെ ആർക്കിയോളജിക്കൽ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിച്ചു. ചൊവ്വന്നൂർ ഗുഹ പരിസരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഇതോടെ കുന്നംകുളവും പുരാവസ്തു കേന്ദ്രങ്ങളായ ഇയ്യാൽ, ചൊവ്വന്നൂർ, കക്കാട്, ചിറയ്ക്കൽ ഗുഹകളും ഗുഹകളുമായി ബന്ധപ്പെട്ട് സ്ഥാപിച്ച കുടക്കല്ലുകളും ഇവിടങ്ങളിൽ നിന്നും കണ്ടെടുത്ത അമൂല്യമായ വസ്തുക്കളും വിനോദസഞ്ചാരികളുടെയും ചരിത്രവിദ്യാർഥികളുടെയും മുഖ്യ ആകർഷണ കേന്ദ്രമായി മാറും. കുന്നംകുളത്തും പരിസരത്തുമുള്ള ഗുഹകൾ 2000 വർഷങ്ങൾക്കപ്പുറത്ത് പ്രാചീന മനുഷ്യർ താമസിച്ചിരുന്നവയാണെന്നാണ് കരുതപ്പെടുന്നത്. പ്രദേശത്തെ പുരാവസ്തു പ്രാധാന്യമുള്ള കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും സഞ്ചാരികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനും സംസ്ഥാന ടൂറിസം വകുപ്പ് പദ്ധതി തയാറാക്കിവരികയാണ്. അത് പൂർത്തിയായാൽ കുന്നംകുളവും ചുറ്റുമുള്ള പുരാതന ക്ഷേത്രങ്ങളും പള്ളികളും മറ്റു പൗരാണിക കേന്ദ്രങ്ങളും കേരളത്തിലെ ടൂറിസം ഭൂപടത്തിൽ ഇടം നേടും.

പ്രഖ്യാപന ചടങ്ങിൽ ജില്ലാ കളക്ടർ എം.എസ്. ജയ അധ്യക്ഷത വഹിച്ചു. കുന്നംകുളം നഗരസഭാ ചെയർമാൻ സി.കെ. ഉണ്ണികൃഷ്ണൻ, നഗരസഭാ മെമ്പർ ബീന രവി, ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ, ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എം.പി. കുഞ്ഞിരാമൻ എന്നിവർ പങ്കെടുത്തു.

*പി.സി. സുരേഷ്കുമാർ*

*അസി. എഡിറ്റർ, തൃശൂർ*

ജില്ലകളിലൂടെ



# മഹാകവിക്ക് ആദരമായി ചരിത്രമ്യൂസിയം കെട്ടിടോദ്ഘാടനം

മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരകത്തിൽ നിർമിച്ച സാംസ്കാരിക മ്യൂസിയത്തിന്റെ കെട്ടിടോദ്ഘാടനം മന്ത്രി എ.പി അനിൽകുമാർ നിർവഹിച്ചു. ടൂറിസം വകുപ്പിന്റെ 76.98 ലക്ഷം ചെലവിലാണ് കെട്ടിടം നിർമിച്ചിരിക്കുന്നത്..

മലബാറിന്റെ ചരിത്രം, പാരമ്പര്യം, ഇന്നത്തെ മലബാറിന്റെ വളർച്ചയിൽ മാപ്പിളമാർ വഹിച്ച പങ്ക് തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകിയാണ് മ്യൂസിയം ഒരുങ്ങുന്നത്. ചരിത്ര പ്രാധാന്യമുള്ള പൗരാണിക വസ്തുക്കൾ, മാപ്പിളകലയുമായി ബന്ധപ്പെട്ട ചരിത്ര ശേഷിപ്പുകൾ, രേഖകൾ പുസ്തകങ്ങൾ, വെള്ളപ്പട്ടാളക്കാരുമായി യുദ്ധത്തിൽ ഏർപ്പെട്ടപ്പോൾ ബാക്കിയായ ആയുധങ്ങൾ, ആശയ വിനിമയത്തിനായി ഉപയോഗിച്ചിരുന്ന പഴയകാല ലിപികൾ, ആദ്യ കാല നാണയങ്ങൾ, സംഗീതോപകരണങ്ങൾ തുടങ്ങിയവ മ്യൂസിയത്തിലുണ്ടാവും. ഇതോടൊപ്പം മലബാർ മേഖലയിലെ വിവിധ മാപ്പിള വിഭാഗത്തെക്കുറിച്ചും കാലക്രമേണ നശിച്ചുപോയ ആദ്യകാല സംസ്കാരത്തെക്കുറിച്ചും സമഗ്രമായി പഠിക്കാനും മ്യൂസിയത്തിൽ സൗകര്യമൊരുക്കും.



**മോയിൻകുട്ടിവൈദ്യർ സാംസ്കാരിക മ്യൂസിയം കെട്ടിടോദ്ഘാടനം മന്ത്രി എ.പി അനിൽകുമാർ നിർവഹിക്കുന്നു**



**പുതിയ മ്യൂസിയം മന്ദിരം**

നൂറ്റാണ്ടുകളായുള്ള മാപ്പിള വിഭാഗത്തിന്റെ ആചാരാനുഷ്ഠാനങ്ങളെയും മത വിശ്വാസങ്ങളെയും രേഖപ്പെടുത്തുന്ന പവലിയനായിരിക്കും മ്യൂസിയത്തിനായി ഒരുക്കുക. ആദ്യകാല മാപ്പിള കലകളെ പഠിക്കാനുതകുന്ന അപൂർവം ചിത്രങ്ങൾ മ്യൂസിയത്തിലുണ്ടാകും. വീഡിയോ പ്രദർശനത്തിനും സൗകര്യമൊരുക്കും. മ്യൂസിയം സജ്ജമാകുന്നതോടെ മാപ്പിളകലകളെ കുറിച്ച് ഗവേഷണം നടത്തുന്ന സ്വദേശീയരും വിദേശീയരുമായ വിദ്യാർഥികൾക്ക് വലിയ സാധ്യതകളാണ് തുറന്നു കിട്ടുക. മ്യൂസിയത്തിൽ പ്രദർശിപ്പിക്കാനുദ്ദേശിക്കുന്ന അപൂർവ പുരാതന വസ്തുക്കളുടെ ശേഖരണം വ്യക്തികൾ, സ്ഥാപനങ്ങൾ വിദേശ മലയാളികൾ തുടങ്ങിയവരുടെ സ്പോൺസർഷിപ്പോടെയും സഹകരണത്തോടെയുമാണ് നടത്തുക.

ഉദ്ഘാടന പരിപാടിയിൽ കെ. മുഹമ്മദുണ്ണിഹാജി എം.എൽ.എ. അധ്യക്ഷനായിരുന്നു. മാപ്പിള കലാ അക്കാദമി ചെയർമാൻ സി.പി. സൈതലവി, അക്കാദമി വൈസ് ചെയർമാൻ എ.കെ. അബ്ദുറഹിമാൻ, ഡി..റ്റി.പി.സി. സെക്രട്ടറി വി.ഉമ്മർ കോയ, അക്കാദമി സെക്രട്ടറി ആസാദ് വണ്ടൂർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ. ജബ്ബാർ ഹാജി, ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്റ്റർ കെ.എ. സുന്ദരൻ, ഗ്രാമ പഞ്ചായത്ത് മെമ്പർ സി. നാടിക്കുട്ടി, എന്നിവർ സംസാരിച്ചു.

*വി.പി. സുലഭകുമാരി*
*ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം*

# സേവനാവകാശനിയമം മേഖലാതല സെമിനാർ

പീരുമേട് മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച സേവനാവകാശനിയമം മേഖലാതല സെമിനാർ ഇ.എസ്. ബിജിമോൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

പീരുമേട് തഹസിൽദാർ ടി.സി. ത്രേസ്യാമ്മ അധ്യക്ഷത വഹിച്ചു. മുൻ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജോസഫ് ജോൺ വിഷയം അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് അംഗം ആർ. തിലകൻ, അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എം. ഹരിദാസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. സുരേഷ് കുമാർ, അസി. ഇൻഫർമേഷൻ ഓഫീസർ നിജാസ് ജ്യുവൽ എന്നിവർ പ്രസംഗിച്ചു..




## വൃക്ക രോഗികളുടെ പെൻഷൻ വർധിപ്പിച്ചു

വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന ബിപിഎൽ വിഭാഗത്തിലെ വൃക്ക രോഗികൾക്ക് പ്രതിമാസ പെൻഷൻ 900 രൂപയിൽനിന്ന് 1100 രൂപയാക്കി വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. 2014-15ലെ ബജറ്റിൽ പ്രഖ്യാപിച്ച വർധനവനുസരിച്ചാണ് നടപടി.

ഉത്തരവ്: സ.ഉ(എം.എസ്) നം.66/2014/സാനീവ
തീയതി: 01/08/2014

## കെയർ പദ്ധതിക്ക് ഭരണാനുമതി

സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെ കെയർ പദ്ധതിക്ക് ഭരണാനുമതി നൽകി. ഇത് നടപ്പാക്കുന്നതിനായി സാമ്പത്തികവർഷത്തിലെ സംസ്ഥാന വിഹിതമായി 11,05,000 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി ബോധവത്കരണ ക്ളാസുകളും കൗൺസിലിങ്ങും നടത്തുകയാണ് പദ്ധതി.



ഉത്തരവ്: സ.ഉ(സാധാ) നം.526/2014/സാനീവ
തീയതി:16/08/2014

## ബാലപീഡനകേസുകൾ

സർക്കാർ-സ്വകാര്യ മേഖലകളിലുള്ള ഏതൊരാശുപത്രിയിലും പരിശോധിക്കപ്പെടുന്ന ബാലപീഡനകേസുകൾ ചൈൽഡ് വെൽഫയർ കമ്മിറ്റി, ചൈൽഡ് ലൈൻ അല്ലെങ്കിൽ അടുത്തുള്ള പൊലീസ് സ്റ്റേഷൻ എന്നിവയിൽ റിപ്പോർട്ട് ചെയ്യുന്നത് നിർബന്ധിതമാക്കി നിർദ്ദേശം നൽകി. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ടുചെയ്യുന്നത് സംബന്ധിച്ച വിശദമായ നിർദേശങ്ങളടങ്ങിയ സർകുലർ 22/02/2014ന് പുറത്തിറക്കിയിരുന്നു.

ഉത്തരവ്: 11961/2014/ആരോഗ്യകുടുംബക്ഷേമം
തീയതി:13/08/2014

## ഗുരുവായൂർ-തിരുന്നാവായ റെയിൽവേലൈൻ

നിർദിഷ്ട ഗുരുവായൂർ-തിരുന്നാവായ റെയിൽവേ ലൈൻ പദ്ധതിയുടെ മലപ്പുറം ജില്ലയിൽ നേരത്തെ നിശ്ചയിച്ചിരുന്നതും ഭാഗികമായി സർവെ പൂർത്തീകരിച്ചതുമായ ലൈനിൽനിന്ന് വ്യത്യസ്തമായി മലപ്പുറം ജില്ല കളക്ടറും റെയിൽവെയും കൂടി നിർദേശിച്ചിട്ടുള്ള കനോലി കനാലിന് സമീപത്തുകൂടിയുള്ള അലൈൻമെന്റ് അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ഉത്തരവ്: സ.ഉ(കൈ)നം.58/2014/ഗതാഗതം
തീയതി:18/08/2014

## മത്സ്യതൊഴിലാളികൾക്ക് സമ്പാദ്യാശ്വാസ പദ്ധതി

മത്സ്യസമൃദ്ധിയില്ലാത്ത കാലങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കാനും അവരിൽ സമ്പാദ്യശീലം വളർത്താനും ലക്ഷ്യമിടുന്ന സമ്പാദ്യ, ആശ്വാസ പദ്ധതിക്ക് ഭരണാനുമതിയായി. 48.60 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും 50 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയിലൂടെ ആശ്വാസം ലഭിക്കും. കേരള ഫിഷറീസ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ മത്സ്യതൊഴിലാളികളായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ. മുഴുസമയ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, പ്രായം 60-ൽ താഴെയുമുള്ളവരായിരിക്കണം. സ്ഥിരം ജോലിയിലോ വരുമാനം ലഭിക്കുന്ന മറ്റേതെങ്കിലും പ്രവർത്തിയിലോ ഏർപ്പെട്ടിരിക്കുന്നവർ കുടുംബാംഗങ്ങളിലുണ്ടാവരുത്. കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾക്കൊപ്പം ഗുണഭോക്തൃ വിഹിതവും ചേർത്ത് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായ പ്രകാരം മൂന്ന് തുല്യ തവണകളായിട്ടാകും തുക വിതരണം ചെയ്യുക. മത്സ്യഭവൻ ഓഫീസർമാർ സ്വീകരിക്കുന്ന ഗുണഭോക്തൃ വിഹിതം ജില്ലകളിലെ തിരഞ്ഞെടുത്ത ലീഡ് ബാങ്കുകളിലായിരിക്കും നിക്ഷേപിക്കുക. മത്സ്യത്തൊഴിലാളികളിൽനിന്ന് തവണകളായി സ്വീകരിക്കുന്ന വിഹിതം വിതരണം ചെയ്യുന്നതും തവണകളായിട്ടായിരിക്കും.



ഉത്തരവ്: ജി.ഒ (ആർ.ടി) നം.747/2014/ഫിഷറീസ്-തുറമുഖം
തീയതി:23/08/2014

■ എം. ശ്രീനാഥൻ

# അച്ചും അച്ചടിയും






മലയാളത്തിലുപയോഗിച്ചുവരുന്ന 'അച്ച്' എന്ന വാക്കിന് ആധാരമായി ദ്രാവിഡവും സംസ്കൃതവുമായി ബന്ധപ്പെട്ട ഉത്പത്തി വഴികൾ നിർണയിക്കാം. 'അച്' എന്ന ദ്രാവിഡപദത്തിൽ നിന്ന് നിഷ്പന്നമായ 'അച്ച്' മലയാളത്തിലധികം പ്രചാരം നേടിയിട്ടുണ്ട്. ഇതോടൊപ്പം സംസ്കൃത ധാതുവായ 'അക്ഷ'യിൽ നിന്ന് രൂപംകൊണ്ട അച്ചും മലയാളത്തിൽ കാണാം.. ഈ അച്ച് സമസ്ത പദങ്ങളിലാണ് അധികവും കാണുക. ഉത്പത്തി വൈവിധ്യം കൊണ്ടും പ്രയോഗ വൈവിധ്യം കൊണ്ടും സമ്പന്നമായ പദമാണ് അച്ചെങ്കിലും ദ്രാവിഡരൂപമാണ് മലയാളത്തിൽ സജീവമായുള്ളത്.

അ മുതൽ ഈ വരെയുള്ള സ്വരങ്ങളെയാണ് പ്രാഥമികമായി 'അച്ച്' എന്ന വാക്ക് പ്രതിനിധാനം ചെയ്യുന്നത്. ക്രമേണ അക്ഷരം കൊത്തിയിട്ടുള്ള ആണി എന്ന അർഥത്തിലിത് പ്രചാരം നേടി. 12 ാം ശതകത്തിൽ പ്രചരിച്ചിരുന്ന ഒരു നാണയവും അച്ച് എന്ന പേരിലറിയപ്പെട്ടിരുന്നു. 160 ചക്രങ്ങളടങ്ങുന്ന 16 രാശിയണ് അച്ച്. ഒരു കടയിൽ യന്ത്രമായും രൂപങ്ങൾ കൊത്തിയെടുക്കുന്ന മാതൃകയായും നാണയം അച്ചടിക്കുന്ന ഉപകരണമായും അച്ച് അറിയപ്പെട്ടു. സർക്കാർ മുദ്രയ്ക്ക് പൊതുവിൽ 'അച്ച്' എന്നാണ് പറഞ്ഞുവന്നിരുന്നത്. ചിഹ്നം, കരു, മൂശ എന്നീ അർഥങ്ങൾ 'അച്ച്' സാധാരണ പങ്കിട്ടിരുന്നു. ഇതോടൊപ്പം നെയ്ത്തുകാരുടെയും സ്വർണപ്പണിക്കാരുടെ ഇടയിലും 'അച്ച്' പ്രചാരം നേടിയിരുന്നു. മെനയുമ്പോൾ നൂലടിപ്പിക്കാനുള്ള ഉപകരണമായാണ് അച്ചിനെ നെയ്ത്തുകാർ അറിഞ്ഞിരുന്നത്. സ്വർണപ്പണിക്കാർക്കിടയിലിത് കമ്പിവലിക്കാനുപയോഗിച്ചിരുന്ന ദ്വാരമിട്ട തകിടാണ്. അച്ച് ഒരു ബഹ്വർഥ പദമാണെന്നതിൽനിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ, മറ്റു പല അർഥങ്ങളും അച്ചിന് ഉണ്ടെന്നറിയുമ്പോൾ അച്ചിന്റെ അർഥവൈവിധ്യം കൂടുതൽ സമൃദ്ധമാകുന്നു. 'അക്ഷരശ്ലോകമോതീടിൽ അച്ചുകൂടാതെ ചൊല്ലണം' എന്നു പറയാറുണ്ട്.

ഈ സന്ദർഭത്തിൽ മുൻചൊന്ന അർഥങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായൊരർഥമാണ് 'അച്ച്' ഉൾക്കൊള്ളുന്നത്. 'തെറ്റ്' എന്ന അർഥമാണിവിടെ വിവക്ഷ. 'അച്ചു



വെക്കുക' എന്ന പ്രയോഗം തോൽപ്പിക്കുക, തോൽക്കുക എന്നീ അർഥങ്ങളാണ് പങ്കിടുന്നത്. ഇതിലൂടെ തോൽവി എന്നൊരർഥവും അച്ചിനുണ്ടെന്ന് വ്യക്തമാകുന്നു. തമിഴിൽ 'അചറു' എന്ന വാക്ക് പിശാചിനെ സൂചിപ്പിക്കുന്നു. ഇതിനു സമാനമായും അച്ച് ഉപയോഗിക്കാറുണ്ട്. ഒച്ച് അഥവാ നത്ത എന്ന ജീവിയെക്കുറിക്കാനും മലയാളത്തിൽ 'അച്ച്' ഉപയോഗിക്കാറുണ്ട്.

'അക്ഷ' എന്ന സംസ്കൃത ധാതുവിൽ നിന്ന് രൂപംകൊണ്ട അച്ചാകട്ടെ, അച്ചുതണ്ട്, അച്ചുതടി, തേരിന്റെ അച്ചാണി എന്നിങ്ങനെയുള്ള സന്ദർഭങ്ങളിലാണ് കാണുന്നത്.

ഗോവസൂരി പ്രയോഗം അഥവാ വസൂരികുത്തിവെക്കൽ ഒരുതരത്തിൽ അടയാളമുണ്ടാക്കലാണ്. ഇതിനെ അച്ചുകുത്തെന്നാണറിയുന്നത്. അടയാളം പതിപ്പിക്കലായതുകൊണ്ട് അച്ചുകുത്ത് അച്ചടിക്ക് പര്യായമായും പ്രയോഗിക്കാറുണ്ട്. വാർത്തുണ്ടാക്കിയ രൂപങ്ങളെയോ അക്ഷരങ്ങളെയോ കടലാസിൽ പതിച്ചെടുക്കുന്ന മുദ്രണമാണ് അച്ചടി. അച്ചടിപ്പണി നടക്കുന്ന അച്ചടിശാലയാണ് അച്ചുകൂടം എന്നറിയപ്പെടുന്നത്. മുദ്രപതിപ്പിക്കുന്നതിനാൽ അച്ചുക്കൂടം മുദ്രാലയവുമാണ്. പ്രസ് എന്ന് ഇക്കാലത്തറിയപ്പെടുന്നു. അച്ചടിക്കുരുക്കളാണ് മുദ്രണത്തിനുപയോഗിക്കുന്നത്. അക്ഷരം കൊത്തിയിട്ടുള്ള ആണികളാണിവ. അച്ചുപതിച്ചെടുക്കുന്ന പ്രവൃത്തിയാണ് അച്ചടിക്കുക. സർക്കാർമുദ്ര പതിപ്പിച്ച ഓലയാണ് അച്ചടിയോല. കുട്ടികൾക്കാധാരമെഴുതാനുപയോഗിച്ചിരുന്ന ഇവ പൂർവകാല ഭരണസമ്പ്രദായത്തെ ഓർമപ്പെടുത്തുന്നു. പേപ്പറിന്റെ പ്രചാരംകൊണ്ട് അച്ചടിയോലകൾക്ക് ഉപയോഗമില്ലാതെയായിത്തീരുകയാണുണ്ടായത്.

അച്ചടി, പതിപ്പ്, പ്രകാശനം എന്നിവയെല്ലാം അച്ചടിപ്പാണ്. അച്ചടിപ്പിനെ അച്ചിടൽ എന്നു പറയാറുണ്ട്. അച്ചടിക്ക് അച്ചടിമഷിയും അച്ചടിശാലയും അച്ചടിക്കാരനുമൊക്കെ വേണം. അക്ഷരങ്ങളും രൂപങ്ങളും പതിച്ചെടുക്കാനുള്ള ഉപകരണമാണ് അച്ചടിയന്ത്രം. അച്ചിട്ടതൊക്കെ മാറ്റില്ലാത്തതാണെന്ന വിശ്വാസമുണ്ട്. എന്നാലിത് വാസ്തവവിരുദ്ധമാണ്. രൂപങ്ങൾ പതിപ്പിച്ച തുണിയെ അച്ചടി ശീലയെന്നും ശീല പട്ടാണെങ്കിൽ അച്ചടിപ്പട്ടെന്നും പറയാറുണ്ട്. അച്ചിലിട്ടപോലെ തുല്യമായും കണിശമായുമുള്ളതിനെ അച്ചട്ട്/അച്ചെട്ട് എന്ന് പറയുക സാധാരണമാണ്. അച്ചിൽ വാർത്തെടുത്ത ശർക്കരയാണ് അച്ചുവെല്ലം. നത്തയുടെ തോടിനെ അച്ചുതൊണ്ട് എന്നാണ് അറിയുന്നത്. 'അച്ചുവരി' പണ്ടുകാലത്തുണ്ടായിരുന്ന ഒരു നികുതിയാണ്. അച്ചടയാളം കേവലം ആകൃതിസാമ്യം മാത്രമല്ല. തിരിച്ചറിയാൻവേണ്ടി പണ്ടുകാലത്ത് അടിമകളുടെ ശരീരത്തിലുണ്ടാക്കുന്ന അടയാളമാണത്.

അക്ഷദണ്ഡിനെയാണ് അച്ചുതണ്ടെന്നുപറയുക. വണ്ടിയുടെ ഇരുചക്രങ്ങളെയും ഘടിപ്പിക്കുന്ന ഇരുമ്പുദണ്ഡാണിത്. അച്ചുതടിയെന്നും ഇതറിയപ്പെടുന്നുണ്ട്. 'അച്ചുകോൽ' തോക്കിൽ മരുന്നിട്ട് ഇടിച്ചുനിറയ്ക്കാനുപയോഗിക്കുന്ന കമ്പാണ്.

ഇങ്ങനെ ബഹ്വർഥ പരിസരത്തിൽ ദ്രാവിഡവും സംസ്കൃതവുമായി വേരോട്ടമുള്ള പദമാണ് 'അച്ച്'. ■



## പുസ്തക പരിചയം

### മലയാള ഭാഷ തൊൽകാപ്പിയത്തിൽ

തമിഴ് വ്യാകരണ കൃതിയായ തൊൽകാപ്പിയം മലയാള വ്യാകരണ സിദ്ധാന്തങ്ങളുമായി പുലർത്തുന്ന ബന്ധം സംബന്ധിച്ച പഠന ഗ്രന്ഥമാണ് മലയാള ഭാഷ തൊൽകാപ്പിയത്തിൽ. തമിഴകത്ത് മലയാള ഭാഷയ്ക്കുണ്ടായിരുന്ന സ്ഥാനവും ഭാഷോത്പത്തിയുടെ സൈദ്ധാന്തികതലവും വിശദമായി വിശകലനം നടത്തുന്നു. ഭാഷാചരിത്രം താരതമ്യാത്മക ദ്രാവിഡഭാഷാ ചരിത്രം, പരിസ്ഥിതി ഭാഷാ ശാസ്ത്രം, ഭാഷണശാസ്ത്രം എന്നിവയുടെ സാധ്യതയും ഉപയോഗിച്ച് മലയാള ഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള ഗവേഷണ ഗ്രന്ഥം കൂടിയാണ്.




രണ്ടുതലത്തിലാണ് ഈ കൃതി സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാമത്തേത് ആധുനിക ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളുടെയും വ്യാകരണ തത്വങ്ങളുടെയും അടിസ്ഥാനത്തിൽ പ്രാങ് ദ്രാവിഡഘട്ടത്തിൽ തമിഴകത്ത് മലയാളഭാഷയുടെ സ്ഥാനമെന്തായിരുന്നുവെന്ന് വിശകലനം ചെയ്യുന്നു. ഇതിലൂടെ തമിഴും മലയാളവും തമ്മിലുള്ള ജൈവബന്ധമെന്തെന്ന് കണ്ടെത്തുന്നു. രണ്ടാമത്തേത് തൊൽകാപ്പിയത്തെ ആധാരമാക്കി ഭാഷോത്പത്തിയുടെ സൈദ്ധാന്തികതലം പരിശോധിക്കുന്നു. തൊൽകാപ്പിയത്തിന് ഇളയപെരുമാളും പുലവർ സുബ്രഹ്മണ്യപിള്ളയും ചേർന്ന് തയാറാക്കിയിട്ടുള്ള മലയാളത്തിലുള്ള ഏക വിവർത്തനത്തിന്റെ വഴിപിടിച്ചാണ് അന്വേഷണം നടത്തുന്നത്. ഒപ്പം തന്നെ ജോസഫ് ബഷ്ചി മുതലുള്ള വിവിധ പണ്ഡിതരുടെ പാഠങ്ങളും ഗ്രന്ഥകാരൻ പരിശോധിക്കുന്നുണ്ട്.

ഡോ. ആർ. ഗോപിനാഥന്റെ കൃതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് പ്രസിദ്ധീകരിച്ചത്. വില 300 രൂപ. ■

ഡോ. എഴുമറ്റൂർ രാജരാജവർമ



ഭരണഭാഷ

# ശിക്ഷാനടപടി അനിവാര്യം

നിയമങ്ങളുടെയോ നിർദേശങ്ങളുടെയോ പരിശീലനങ്ങളുടെയോ സഹായകഗ്രന്ഥങ്ങളുടെയോ പ്രോത്സാഹന പദ്ധതികളുടെയോ അഭാവമല്ല, മറിച്ച് ഭാഷയോടുള്ള വൈമുഖ്യമാണ് ഭരണഭാഷാമാറ്റപുരോഗതിക്ക് തടസ്സമായി നിൽക്കുന്നത്. ഇത് രഹസ്യമല്ല, പരസ്യമാണ്. പാലിക്കേണ്ടവരെല്ലാം അവഹേളിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. മാതൃഭാഷയുടെയും ഭരണഭാഷയുടെയും കാര്യം പ്രസംഗത്തിൽ മുമ്പിലും പ്രവൃത്തിയിൽ പിമ്പിലുമാണ്.

ഒരു ഭാഷ അത് സംസാരിക്കുന്ന ജനങ്ങളെ യോജിപ്പിച്ചു നിർത്തുന്നുവെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഭാഷാസംസ്ഥാന പുനഃസംഘടന ഭാരതത്തിലുണ്ടായത്. ഭാരതീയ ഭാഷകളെയും അവ സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരങ്ങളെയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതാണ് പുനഃസംഘടനയുടെ ലക്ഷ്യം. മഹാത്മാ ഗാന്ധി ഇതേപ്പറ്റി എത്രയോതവണ പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്. ജനാധിപത്യം ജനങ്ങൾക്ക് അനുഭവവേദ്യമാകണമെങ്കിൽ ജനങ്ങൾക്ക് അവരുടെ ഭാഷയിൽ ജീവിതായോധനത്തിനുള്ള എല്ലാ കാര്യങ്ങളും നിർവഹിക്കാൻ കഴിയണം. വിദ്യാഭ്യാസം, കോടതി, ഭരണം തുടങ്ങി എല്ലാ രംഗങ്ങളിലും മാതൃഭാഷയുടെ ഉപയോഗം സാർവത്രികമാകണം. നാം എവിടെ നിൽക്കുന്നുവെന്ന് ചിന്തിക്കുക, ഭാരതം രാഷ്ട്രീയമായി സ്വതന്ത്രമായിട്ട് 67 വർഷമായി. ഭാരതീയ ഭാഷകളുടെ പുരോഗതി ആശാവഹമാണോ? ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയാണ്. ഭാരതമെമ്പാടും എല്ലാ രംഗത്തും ഹിന്ദി ബന്ധഭാഷയെന്ന നിലയിൽ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ? ത്രിഭാഷാപദ്ധതി ഏകഭാഷാപദ്ധതിയായും ദ്വിഭാഷാപദ്ധതിയായും ചുരുങ്ങിപ്പോകുന്നത് എന്തുകൊണ്ട്? ഭാരതം എന്ന ആനയുടെ ചെവിയിൽ ചാരിവെച്ച വടിയല്ലേ ഇംഗ്ലീഷ്. ഈ അടിമത്തത്തിൽ നിന്ന് എന്നാണ് നാം സ്വതന്ത്രരാകുക? ഭാഷാസംസ്ഥാനങ്ങൾക്ക് 58 വയസ്സായി. ഹിന്ദിയെയോ ദേശീയഗാനത്തെയോ പ്രവേശിപ്പിക്കാത്ത സംസ്ഥാനമുണ്ടെന്നത് നമുക്ക് ഭൂഷണമാണോ? ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഭാഷയിലൂന്നിയെന്ന സങ്കല്പം അസ്ഥാനത്താണ്. ഭാഷ സംസ്കാരമാണെന്ന ബോധത്തിൽനിന്നാണ് ഭാഷാപോഷണ ശ്രമങ്ങൾ തുടങ്ങേണ്ടത്.

## കോടതിഭാഷ

കേരളത്തിലെ ഔദ്യോഗിക ഭാഷകൾ ആക്ട് 1969 ൽ നമ്മുടെ നിയമസഭ പാസ്സാക്കി. ആ ആക്ടും 1973 ലെ ഭേദഗതിയും വിഭാവനം ചെയ്തിടത്ത് 45 വർഷം കഴിഞ്ഞിട്ടും നാം എത്തിയിട്ടില്ല. 1958 ൽ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി സമർപ്പിച്ച ആദ്യത്തെ ഭരണഭാഷാറിപ്പോർട്ടിൽ പറയുന്നത് ഭരണഭാഷാമാറ്റത്തിന് ഏറിയാൽ ഏഴുവർഷം മതിയെന്നാണ്. എന്താണ് തടസ്സം? മലയാളിയുടെ മനസ്സിലേക്ക് നോക്കിയാൽ മതി, ഉത്തരം കാണാം.

കേരളത്തിലെ സിവിലും ക്രിമിനലുമായ കീഴ്കോടതികളിൽ മലയാളം ഉപയോഗിക്കാം എന്ന നിർദേശമുണ്ടായത് 1973 ലാണ്. 41 വർഷം കഴിഞ്ഞിട്ടും കീഴ്കോടതികളിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമായിട്ടില്ല. കോടതിഭാഷ മലയാളമാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ സമർപ്പിച്ച ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മിറ്റി പറയുന്നത് ഒന്നുരണ്ടു വർഷം മതി കോടതിഭാഷ (ഹൈക്കോടതിയുൾപ്പെടെ) മലയാളമാക്കാൻ എന്നാണ്. റിപ്പോർട്ട് വന്നിട്ട് 27 വർഷമായി. വാദിയും പ്രതിയും കേസ് വിസ്താരവും വിധിപ്രസ്താവവും കേട്ട് കാര്യം പിടികിട്ടാതെ






ഇന്നും വാപൊളിച്ചു നിൽക്കുകയാണ്. നരേന്ദ്രൻ കമ്മിറ്റി നിർദേശിച്ച ഏഴു കാര്യങ്ങളിൽ രണ്ടെണ്ണം മാത്രമേ ഇത്രയും കാലമായിട്ടും ചെയ്തിട്ടുള്ളു എന്നോർക്കുമ്പോൾ കോടതിഭാഷ മലയാളമാകുന്ന കാലം ഊഹങ്ങൾക്കെല്ലാം അപ്പുറമാകുന്നു. എന്താണിങ്ങനെ? തിരുവിതാംകൂർ ഹൈകോർട്ടിൽ മലയാളം ഉപയോഗിച്ചിരുന്നു എന്നറിയുമ്പോഴാണ് നമ്മുടെ ഭാഷാസ്നേഹത്തിന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്നത്.

ഭരണഭാഷാമാറ്റം ലക്ഷ്യംകൈവരിക്കുന്നതിനായി 1977 ൽ ഒരു പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകി. 1982 ൽ കേരളത്തിൽ ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം പ്രയോഗത്തിൽ വരേണ്ടതായിരുന്നു. 32 വർഷം കഴിഞ്ഞ് ഇപ്പോഴും നാം കെട്ടഴിക്കാതെയാണ് വള്ളം തുഴയുന്നത്.

## ഇ-ഗവേണൻസിന്റെ സാധ്യതകൾ

ഭാരതത്തിൽ ഭാഷാഭിമുഖ്യത്തിലും ഭരണഭാഷമാറ്റ പുരോഗതിയിലും മുമ്പിൽ നിൽക്കുന്ന തമിഴ്നാട്ടിലെ പ്രവർത്തനങ്ങൾ മാതൃകയാക്കിക്കൊണ്ട് വിവിധ പദ്ധതികൾക്ക് നാം തുടക്കമിടുകയുണ്ടായി. ഔദ്യോഗിക ഭാഷാപരിശീലന പരിപാടി, ഔദ്യോഗിക മലയാളം സോഫ്ടുവെയർ നിർമാണം, മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും, ഭരണഭാഷാ പുരസ്കാരം തുടങ്ങിയവയെല്ലാം ഫലപ്രദമാണെന്ന് അനുഭവത്തിൽ മനസ്സിലാക്കുകയും ചെയ്തു. എന്നാൽ ഔദ്യോഗികഭാഷാസംബന്ധമായ നിർദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ മാത്രമല്ല എല്ലാതലത്തിലുള്ളവരും വിമുഖത കാട്ടുന്നു. മലയാളത്തിൽ എഴുതിക്കിട്ടുന്ന ഒരു നിവേദനത്തിൽ 'examine and put up immedietly' എന്ന് ഉത്തരവിടുന്നതുമുതൽ ആരംഭിക്കുന്നു ഈ ഭാഷാവിരോധം. എങ്ങനെയാണ് ഭരണഭാഷ മലയാളമാകുക? മലയാളത്തിൽ എഴുതിപ്പോകുന്ന ഒരു ഫയലും ഒരു ഉദ്യോഗസ്ഥനും ഇംഗ്ലീഷിലേക്ക് മാറ്ററുതെന്നാണ് നിർദേശം. എന്നാൽ ഉത്തരവുകൾ ഇംഗ്ലീഷിലായാലെ ശരിയാകൂ, എന്നുള്ള മിഥ്യാധാരണയുള്ളവർ ഏറെയാകയാൽ അവിടെയും ഭരണഭാഷ കൊലചെയ്യപ്പെടുന്നു. വിവിധ വകുപ്പുകളുടെ കോഡുകൾ, മാന്വലുകൾ, ഫോറങ്ങൾ തുടങ്ങിയവ മലയാളത്തിലാക്കാനാണ് എല്ലാ വകുപ്പുകളിലും പരിഭാഷ സെല്ലുകൾ രൂപീകരിച്ചത്. എത്ര വകുപ്പുകളിൽ അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എത്ര വകുപ്പുകളുടെ കോഡുകളും മാന്വലുകളും ഫോറങ്ങളും മറ്റും മലയാളത്തിലായി? ആരാണ് ഈ കാലവിളംബത്തിന് ഉത്തരവാദികൾ? ഇവ നാം അന്വേഷിക്കാറോ മേൽനടപടികൾ സ്വീകരിക്കാറോ ഇല്ല. വകുപ്പുതല പരീക്ഷകൾ മലയാളത്തിലാകണമെങ്കിൽ ഈ കോഡുകളും മാന്വലുകളും മറ്റും മലയാളത്തിലാകേണ്ടേ? മലയാളത്തിന്റെ കാര്യം നോക്കാൻ വിദേശികൾ വരുമെന്ന ധാരണയാണോ?

സെക്രട്ടറിയേറ്റിലെ ഔദ്യോഗിക ഭാഷാ വകുപ്പ് തുടങ്ങിയത് 1971 ലാണ്. അവിടെ അന്നുള്ള അംഗസംഖ്യ കുറഞ്ഞതല്ലാതെ കൂടുതലായിട്ടില്ല. കൂടുതൽ കാര്യങ്ങൾ ഏറ്റെടുക്കേണ്ടിവരുമ്പോൾ അതിനാവശ്യമായ എല്ലാ സംവിധാനവുമുണ്ടാകണം. ഇന്നിപ്പോൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരളത്തിലുള്ള എല്ലാ ഓഫീസുകളുമായും ബന്ധപ്പെടാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയും. വിവരങ്ങൾ ഉടനുടൻ ശേഖരിക്കാൻ കഴിഞ്ഞാൽ ഭാഷാമാറ്റ പുരോഗതി നോക്കി ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കാനാകും. ഇ-ഗവേണൻസിന്റെ സാധ്യതകൾ ഔദ്യോഗികഭാഷാ വകുപ്പിലും ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിയണം.

ഔദ്യോഗിക ഭാഷ സംബന്ധിച്ച നിർദേശങ്ങൾ പാലിക്കാതിരുന്നതിന്റെ പേരിൽ സർക്കാർ എടുത്ത ശിക്ഷാനടപടി കോടതിയിലും ശരിവെക്കുകയുണ്ടായി. നിയമപാലനം കർക്കശമാക്കാതെ ഭാഷയുടെ വളർച്ചയും ഭരണഭാഷയുടെ വ്യാപനവും പുരോഗതി കൈവരിക്കുമെന്നു കരുതുകവയ്യ.

മലയാളികൾക്ക് മലയാളത്തിന്റെ കാര്യത്തിൽ നിയമപരമായ ബാധ്യതയും ധാർമികമായ കടമയുമുണ്ട് എന്ന സത്യം മറന്നുകൂട. ■



# കേരളം സാമൂഹിക മാറ്റത്തിലേക്ക്

മദ്യപാനം വലിയൊരു സാമൂഹിക വിപത്തായി മാറിക്കഴിഞ്ഞു. കുട്ടികളും കുടുംബവും സാമൂഹിക ജീവിതവും മദ്യത്തിന്റെ മായക്കുരുക്കിൽ അകപ്പെട്ടു കഴിഞ്ഞു. ഒരു ഭരണകൂടത്തിന് സ്വന്തം ജനതയുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ബാധ്യതയുണ്ട്. നമ്മുടെ റവന്യു വരുമാനത്തിന്റെ നല്ലൊരു പങ്ക് മദ്യവില്പനയിൽ നിന്നാണ് ലഭിക്കുന്നത്. അബ്കാരികളാണെങ്കിൽ വലിയ സ്വാധീനമുള്ളവരായി കരുതപ്പെടുകയും ചെയ്യുന്നു.

ആർജവത്തോടെ പ്രവർത്തിക്കുന്ന ഒരു സർക്കാരിന് ആരുടെ മുന്നിലും മുട്ടുമടക്കാൻ കഴിയില്ല. പൊതു സമൂഹത്തിന്റെ നന്മയെ കണക്കിലെടുത്തുകൊണ്ടു മാത്രമേ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. സമ്പൂർണ മദ്യനിരോധനമെന്ന ആശയം ഗാന്ധിജിയുടേതാണ്. ആ മഹാത്മാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് ഇന്നുവരെയും കഴിഞ്ഞിട്ടില്ല. പല ഘട്ടങ്ങളിലും അതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതൊക്കെ പരാജയപ്പെടുകയാണുണ്ടായത്. നമ്മളിവിടെ ചാരായം നിരോധിച്ചു. അക്കാലത്തും മദ്യത്തിനനുകൂലമായി ധാരാളം വാദമുഖങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ നാമത് ധൈര്യപൂർവം നടപ്പിലാക്കി.

ബാറുകൾ അടച്ചുപൂട്ടുന്നതോടെ സംസ്ഥാനത്തിന് വലിയൊരു റവന്യൂ വരുമാനമാണ് നഷ്ടമാകുന്നത്. പക്ഷേ പകരം വരുമാനസ്രോതസ്സുകൾ കണ്ടെത്തി ഈ സാമ്പത്തിക ബുദ്ധിമുട്ടിനെ മറികടക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 418 ബാറുകൾ സർക്കാർ ഇതിനകം പൂട്ടിക്കഴിഞ്ഞു. സെപ്റ്റംബർ 12 ന് എല്ലാ ബാറുകളും പൂട്ടണമെന്നുള്ള നിർദേശം സർക്കാർ നൽകിയെങ്കിലും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ മാസം 30 വരെ തുറന്നിരിക്കുവാൻ അനുമതി കൊടുത്തിരിക്കുകയാണ്.

നയപരമായ തീരുമാനമെന്ന നിലയിൽ സമ്പൂർണ മദ്യ നിരോധനം സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എന്തൊക്കെ പ്രതിസന്ധികൾ നേരിടേണ്ടിവന്നാലും മദ്യവിപത്തിൽ നിന്ന് കേരളീയ സമൂഹത്തെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാർ പിന്നോട്ടു പോകില്ല. കേരളം വലിയൊരു സാമൂഹിക മാറ്റത്തിനു തയാറെടുക്കുകയാണ്. അതൊരു വൻ വിജയമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ■